I.ഇ.ബി. XII-കേരള നിയമസഭ/II–20

**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ–സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 ഒക്ടോബർ 25, ബുധൻ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ചരമോപചാരം**

മുൻ മന്ത്രി കെ. ചന്ദ്രശേഖരൻ, മുൻ നിയമസഭാംഗങ്ങളായിരുന്ന പി. രാമലിംഗം, കെ.എം. എബ്രഹാം, തിരു–കൊച്ചി നിയമസഭാംഗങ്ങളായിരുന്ന എം. വർക്കി, പുറത്തേക്കാട് ചന്ദ്രശേഖരൻ നായർ, മുൻ ലോക്സഭാംഗമായിരുന്ന കെ.എ. രാജൻ, മുൻ കേന്ദ്ര മന്ത്രി ജി. രവീന്ദ്രവർമ്മ എന്നിവരുടെ നിര്യാണം

മുൻ മന്ത്രി കെ. ചന്ദ്രശേഖരൻ, മുൻ നിയമസഭാംഗങ്ങളായിരുന്ന പി. രാമലിംഗം, കെ.എം. എബ്രഹാം, തിരു–കൊച്ചി നിയമസഭാംഗങ്ങളായിരുന്ന എം. വർക്കി, പുറത്തേക്കാട് ചന്ദ്രശേഖരൻ നായർ, മുൻ ലോക്സഭാംഗമായിരുന്ന കെ.എ. രാജൻ, മുൻ കേന്ദ്ര മന്ത്രി ജി. രവീന്ദ്രവർമ്മ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിക്കുകയും ചെയ്തു.

**അടിയന്തിരപ്രമേയം**

കുട്ടനാടൻ പ്രദേശത്ത് നെല്ല് സംഭരിക്കാത്തതും പുഞ്ചക്കൃഷിക്ക് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ നിറുത്തലാക്കിയതുംമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

മി. സ്പീക്കർ: കുട്ടനാടൻ പാടശേഖരങ്ങളിൽ പൊതുവേയും അപ്പർ കുട്ടനാട്ടിൽ പ്രത്യേകിച്ചും വിരിപ്പൂകൃഷി നടത്തിയ കർഷകരിൽനിന്നും കൊയ്ത്തുകഴിഞ്ഞ് മൂന്നാഴ്ചയിലേറെയായിട്ടും സർക്കാർ പ്രഖ്യാപിച്ച ക്വിന്റലിന് 850 രൂപ നിരക്കിൽ നെല്ല് സംഭരിക്കുന്നതിന് വീഴ്ച വന്നിരിക്കുന്നതുമൂലം നിരവധി പാടശേഖരങ്ങളിൽ നൂറുകണക്കിന് കർഷകരുടെ നെല്ല് കെട്ടിക്കിടക്കുകയും അടുത്ത പുഞ്ചക്കൃഷിക്ക് കഴിഞ്ഞ വർഷങ്ങളിൽ ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ നിറുത്തലാക്കുകയും ചെയ്തിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ തോമസ് ചാഴികാടൻ, കെ.സി. ജോസഫ്, പി.കെ. അബ്ദുറബ്ബ്, കെ.കെ. ഷാജു, തോമസ് ചാണ്ടി എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സ്പ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.സി.ദിവാകരൻ): കോട്ടയത്ത് ചില പഞ്ചായത്തുകളിൽ നെല്ല് സംഭരണം നടക്കുന്നില്ല എന്ന പരാതിയുടെ അടിസ്ഥാനത്തിൽ സത്വര നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. നെൽക്കൃഷിക്കാരെ സഹായിക്കുവാനും കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് മെച്ചപ്പെട്ട വില ലഭിക്കുവാനുംവേണ്ടി കൃഷിക്കാരിൽനിന്ന് നേരിട്ട് നെല്ല് സംഭരിക്കുന്നതിന് 2–9–06–ലെ പ്രത്യേക ഉത്തരവുപ്രകാരം സർക്കാർ തീരുമാനിച്ചു. കഴിഞ്ഞ വർഷം നെല്ല് സംഭരണ വില ക്വിന്റലിന് 700 രൂപ എന്നുള്ളത് ഇക്കൊല്ലം 850 രൂപയാക്കി

ഉയർത്തിയിട്ടുണ്ട്. നെല്ല് സംഭരണം മുതൽ വിപണനം വരെയുള്ള എല്ലാ നടപടികളും കുറ്റമറ്റതാക്കാൻ കൂടുതൽ സുതാര്യമായ ഒരു സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സപ്ലൈകോ, ഫുഡ് ആന്റ് സിവിൽ സപ്ലൈസ്, കൃഷി വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥർ അടങ്ങുന്ന സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ശക്തമായ വിജിലൻസ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വിളവെടുപ്പ് സമയത്ത് 22 മുതൽ 24 ശതമാനം വരെ ജലാംശമുള്ള നെല്ല് ഉണക്കി കേന്ദ്ര സർക്കാർ നിഷ്ക്കർഷിച്ചിട്ടുള്ള 17 ശതമാനം ജലാംശമുള്ളതാക്കാൻ എല്ലാ സംഭരണ കേന്ദ്രങ്ങളിലും കൃഷി വകുപ്പിൽനിന്ന് ഡെപ്യൂട്ടേഷനിൽ നിയമിച്ച കൃഷി ഓഫീസർമാർ ഉണ്ട്. ഇവർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയശേഷമേ സപ്ലൈകോ സംഭരണം നടത്തുന്നുള്ളു. സംഭരിച്ച നെല്ലിന്റെ വില കൃഷിക്കാർക്ക് 10 ദിവസത്തിനകം നൽകുന്നതിനായി പാലക്കാട്ടും മങ്കൊമ്പിലും താൽക്കാലിക ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. നെല്ല് കുത്തി അരിയാക്കുന്നതിന് മോഡേൺ റൈസ് മില്ലുകളിൽനിന്ന് ഓപ്പൺ ടെണ്ടർ ക്ഷണിച്ച് കരാറിൽ ഏർപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. സംഭരിക്കുന്ന നെല്ല് കുത്തുന്നതുവരെ ശാസ്ത്രീയമായി സൂക്ഷിക്കാൻ സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ, സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ എന്നിവയുമായി ധാരണ ഉണ്ടാക്കിയിട്ടുണ്ട്. കർഷകരുടെ ബുദ്ധിമുട്ടുകൾ അറിയിക്കുവാൻ സപ്ലൈകോയുടെ കേന്ദ്ര ഓഫീസിൽ ഫോൺ സംവിധാനം ഏർപ്പെടുത്തുകയും തർക്കങ്ങൾ പരിഹരിക്കാനായി ജില്ലാ തർക്ക പരിഹാര ഫോറം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട്ടും കോട്ടയം ജില്ലയിലെ 6 പഞ്ചായത്തുകളിലും അപ്പർ കുട്ടനാട്ടിലും നെല്ല് സംഭരണം പുരോഗമിച്ചുവരുന്നു

ശ്രീ. തോമസ് ചാഴികാടൻ: ഉദ്യോഗസ്ഥർ കൊടുത്ത വിവരങ്ങൾ മാത്രമാണ് മന്ത്രി ഇവിടെ പറഞ്ഞത്. ഗുണനിലവാരം നോക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കാൻ ഒരു ഉദ്യോഗസ്ഥനേയും അവിടെ നിയമിച്ചിട്ടില്ല. പുഞ്ചകൃഷിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ നിറുത്തിവച്ചതുമൂലം കുട്ടനാടൻ പ്രദേശങ്ങളിലെ പാടശേഖരങ്ങളിൽ കൃഷിക്കാർ കൃഷി ഇറക്കാത്ത സാഹചര്യമാണ്. നെല്ലിന്റെ സംഭരണ വില ഈ വർഷം 850 രൂപയായി വർദ്ധിപ്പിച്ചു കൊടുത്തെങ്കിലും കഴിഞ്ഞ വർഷം ഗവൺമെന്റ് വഹിച്ചിരുന്ന ഹാൻഡ്ലിംഗ് ചാർജ്ജ് കൊടുക്കുന്നില്ല. ഏതാണ്ട് 75 ശതമാനം കൊയ്ത്ത് പൂർത്തിയാക്കുകയും അടുത്ത കൃഷിയിറക്കുവാൻ കർഷകർ തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്യുന്ന അവസരത്തിൽപ്പോലും ആകെ 35 ടൺ നെല്ല് മാത്രമേ സംഭരിക്കാൻ കഴിഞ്ഞിട്ടുള്ളു. കോട്ടയത്ത് തിരുവാർപ്പ്, കുമരകം, ആർപ്പുക്കര, അയ്മനം, നീണ്ടൂർ, കല്ലറ, വെച്ചൂർ എന്നീ പഞ്ചായത്തുകളിലെ നെല്ല് സംഭരിക്കുന്നതിന് ഒരു മിൽ ഉടമയെ യാണ് ഏല്പിച്ചതെങ്കിലും മൂന്ന് പേരുടെ പേരിലാണ് രസീത് കൊടുക്കുന്നത്. കഴിഞ്ഞ വർഷം സൗജന്യ നിരക്കിൽ നെൽവിത്തും വളവും കക്കയും കൃഷിക്കാർക്ക് നല്കിയിരുന്നത് പിൻവലിച്ചതിനാൽ. കൃഷിക്കാർ കൃഷി ഭൂമി തരിശിടാൻ തീരുമാനിച്ചിരിക്കുന്നു. ഇത് കേരളത്തിൽ വലിയ പ്രതിസന്ധി ഉണ്ടാക്കുന്നതാണ്. ഇത്രയും ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): കേരളത്തിലെ നെൽക്കൃഷിക്കാർക്ക് യാതൊരു ഉൽക്കണ്ഠയും വേണ്ട. 850 രൂപ വച്ച് പരിപൂർണ്ണമായി ഈ സർക്കാർ നെല്ല് സംഭരിച്ചിരിക്കുമെന്നതിന് യാതൊരു മാറ്റവുമില്ല. മഴ പെയ്തതിന്റെ ഫലമായി

പാടശേഖരങ്ങളിൽ നെല്ല് വീണുപോയതുമൂലം കൊയ്തെടുക്കുവാൻ കൃഷി ക്കാർക്ക് വിഷമമുണ്ടായി. കോട്ടയത്ത് 6 പഞ്ചായത്തുകളിൽ ഏതാനും ദിവസങ്ങൾക്കകം നെല്ല് സംഭരണം പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞകാലത്തെ നെല്ല് സംഭരണത്തിൽ നടന്ന ക്രമക്കേടുകൾ പൂർണ്ണമായി ഒഴിവാക്കാൻ പുതിയ സംവിധാനങ്ങളും പുതിയ നിബന്ധനകളും കൊണ്ടുവന്നിട്ടുണ്ട്. ഇടത്തട്ടുകാരെ ഒഴിവാക്കി യഥാർത്ഥ നെൽകർഷകന് ക്വിന്റലിന് 850 രൂപ ലഭിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്. കഴിഞ്ഞ തവണ 8 മില്ലുകൾ സംഭരിച്ച നെല്ല് തിരിച്ചുകൊടുക്കുകയോ അരിയാക്കി കൊടുക്കുയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ അവരെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയതുകൊണ്ട് അവരുടെ നിസ്സഹകരണമുണ്ടായിട്ടുണ്ട്. ആലുവയിലെ പൂണോലി റൈസ് മിൽ കഴിഞ്ഞ വർഷം സംഭരിച്ച നെല്ല് അരിയാക്കി കൊടുക്കാത്തതിനെത്തുടർന്ന് സപ്ലൈകോ കേസ് കൊടുക്കുകയും മിൽ ഉടമ മുൻകൂർ ജാമ്യം തേടി ഹൈക്കോടതിയെ സമീപിക്കുകയും ചെയ്തു. 60,000,00 രൂപയുടെ തിരിമറി നടത്തിയതിനെക്കുറിച്ച് സി.ബി.ഐ. അന്വേഷണം നടത്തിക്കൊണ്ടിരിക്കുക യാണ്. ഇത്തവണ കർക്കശ നിബന്ധനകൾ ഏർപ്പെടുത്തിയതിന്റെ ഫലമായി പല മിൽ ഉടമകൾക്കും ബുദ്ധിമുട്ടുണ്ടായപ്പോൾ അവർ നെല്ല് സംഭരണം അട്ടിമറിക്കാൻ ശ്രമം നടത്തി. അതെല്ലാം അതിജീവിച്ചുകൊണ്ടാണ് സർക്കാർ നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ തീരുമാനിച്ചിട്ടുള്ളത്. നെല്ല് സംഭരണവു മായി ബന്ധപ്പെട്ട പ്രശ്നത്തിന് രണ്ട് ദിവസത്തിനകം പരിഹാരമുണ്ടാക്കുന്ന താണ്. അതുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): നെല്ല് സംഭരണം സംബന്ധിച്ച് ഒരു ഉൽക്കണ്ഠയുടെയും ആവശ്യമില്ലെന്ന് സൂചിപ്പിച്ചുവെങ്കിലും അവിടത്തെ കർഷകർ വളരെ ഉൽക്കണ്ഠാകുലരാണ്. നിലം കൊയ്തിട്ട് 30 ദിവസമായെങ്കിലും ഇതുവരെ നെല്ല് സംഭരിക്കാത്ത സ്ഥലങ്ങളുണ്ട്. കഴിഞ്ഞ പ്രാവശ്യം ഒന്നിൽക്കൂടുതൽ മില്ലുകൾക്ക് നെല്ല് സംഭരിക്കാനുള്ള അനുമതി നല്കിയിരുന്നു. ഇപ്രാവശ്യം 7 പഞ്ചായത്തുകൾക്ക് മൂന്ന് മില്ലുകൾ എന്ന് റിക്കാർഡിക്കലായി എഴുതിയിട്ടുണ്ടെങ്കിലും ഈ മൂന്ന് മില്ലുകളും ഒരാളുടെതാണ്. ഒരാൾക്ക് 7 പഞ്ചായത്തുകൾക്ക് മൂന്ന് നെല്ല് മുഴുവൻ സംഭരിക്കാൻ ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. കർഷകരെ സംബന്ധിച്ചിടത്തോളം നെല്ലിന് ക്വിന്റലിന് 850 രൂപ എന്നത് നല്ല വിലയാണെങ്കിലും ഈ തുക അവർക്ക് കിട്ടുകയില്ല. ഹാൻഡ്ലിംഗ് ചാർജ് കഴിഞ്ഞ പ്രാവശ്യം ഗവൺമെന്റ് കൊടുക്കുകയും കളത്തിൽ വന്ന് നെല്ല് സംഭരിക്കുകയും കോട്ടയത്തുള്ള കർഷകർക്ക് കോട്ടയത്തു തന്നെ അതിന്റെ വില നല്കുകയും ചെയ്യുമായിരുന്നു. ഇപ്രാവശ്യം കർഷകർ ഹാൻഡ്ലിംഗ് ചാർജ് കൊടുക്കുകയും നെല്ല് ലോറിയിലോ വള്ളത്തിലോ കയറ്റാൻ പറ്റുന്ന സ്ഥലത്ത് കൊണ്ടെത്തിച്ചു കൊടുക്കുകയും വേണം. ഈ ബുദ്ധിമുട്ടുകൾക്കിടയിൽ മഴ ഉണ്ടാകുന്നതു കൊണ്ട് നെല്ല് വീണ്ടും ഉണക്കിക്കൊടുക്കേണ്ടിവരുന്നുണ്ട്. പക്ഷേ ഈ നെല്ലിന്റെ വില മങ്കൊമ്പിൽ പോയി വാങ്ങുന്നതിന് വളരെ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് കോട്ടയം ജില്ലയിലെ കർഷകർക്ക് കോട്ടയത്തുതന്നെ അതിന്റെ വില കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. അവിടത്തെ കർഷകർ വളരെ നരകയാതന അനുഭവിക്കുകയാണ്. കർഷകരെ ഇത്രയധികം

ദ്രോഹിക്കുന്ന സാഹചര്യമുണ്ടാക്കരുത്. കർഷകരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുകയും അടിയന്തിരമായി മൂന്ന് ദിവസത്തിനകം നെല്ല് സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സഹകരണത്തോടുകൂടി അടുത്ത രണ്ട് ദിവസംകൊണ്ട് നേരിട്ട് ഇടപെട്ട് ആ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുമെന്ന് ഉറപ്പുനല്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും പൂർണ്ണമായ സഹകരണമുണ്ടാകുന്നതാണ്. രണ്ട് ദിവസത്തിനുള്ളിൽ സംഭരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വിശ്വാസത്തിലെടുക്കുന്നു. 7 പഞ്ചായത്തുകളിലെ നെല്ല് ഒരാൾക്ക് സംഭരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും കൂടി നടപടി സ്വീകരിക്കണം.

**ശ്രദ്ധ ക്ഷണിക്കൽ**

(1) വർക്കലയിലൂടെയുള്ള ജലപാത പുനരുദ്ധരിക്കേണ്ടതിന്റെയും പാപനാശം കടൽത്തീരം സംരക്ഷിക്കേണ്ടതിന്റെയും ആവശ്യകത

ശ്രീ. വർക്കല കഹാർ: തിരുവനന്തപുരം, കൊല്ലം ജില്ലകളുടെ വികസനത്തിന് ജലപാതകൾ ഏറ്റവും പ്രധാനപ്പെട്ടതാണ്. നടയറ കായൽ മുതൽ കോവിൽതോട്ടം വരെയുള്ള പ്രദേശം വിനോദ സഞ്ചാരികളെ ഏറെ ആകർഷിക്കുന്നതാണ്. ഇതിനുപുറമേ വർക്കല ശിവഗിരിയിലുള്ള ഒരു തുരങ്കവും ചിലക്കൂർ തുരങ്കവും വളരെ ചരിത്ര പ്രസിദ്ധമായിട്ടുള്ളതാണ്. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഈ രണ്ട് തുരങ്കങ്ങളും പുനർനിർമ്മി

ക്കുന്നതിനായി. ജലസേചന വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രോജക്ട് തയ്യാറാക്കി കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ സ്പെഷ്യൽ അസിസ്റ്റൻസിനു വേണ്ടി സമർപ്പിച്ചിരിക്കുകയാണ്. ലക്ഷക്കണക്കിനാളുകളെ ആകർഷിക്കുന്ന ശിവഗിരി കുന്നുകളെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. കേന്ദ്ര ഗവണ്മെന്റ് സ്പെഷ്യൽ അസിസ്റ്റൻസായി 4 കോടി രൂപ അനുവദിച്ചു. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം അടിയന്തിരമായി വിളിച്ചുച്ചേർത്ത് യുദ്ധകാലാടിസ്ഥാനത്തിൽ ഇതിന്റെ പണി മുന്നോട്ടുകൊണ്ടുപോകാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ):</u> വർക്കല കനാലിന്റേയും വർക്കല പാപനാശം തീരത്തിന്റേയും സംരക്ഷണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം ഗവണ്മെന്റിന്റെ ശ്രദ്ധയിലുള്ളതാണ്. കോവളം മുതൽ കൊല്ലം വരെയുള്ള ടി.എസ്. കനാലിൽ 42.47 മുതൽ 55.17 വരെയുള്ള ചെയ്നേജിൽ ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച നീണ്ട രണ്ട് തുരങ്കങ്ങൾ ഉൾക്കൊള്ളുന്ന 11.71 കിലോമീറ്റർ കനാൽ ഏറെ വർഷങ്ങളായി അവഗണനയിലാണ്. അതിലൂടെയുള്ള ഗതാഗതം പൂർണ്ണമായും സ്തംഭിച്ചിട്ട് ദശാബ്ദങ്ങളായി. ശിവഗിരിയിലുള്ള തുരങ്കവും സമുദ്രതീരത്തെ മണ്ണിനടിയിലൂടെ പോകുന്ന മറ്റൊരു തുരങ്കവും ഇപ്പോൾ ഗതാഗതയോഗ്യമല്ലെങ്കിലും തുരങ്കഭിത്തികൾക്ക് ഇപ്പോഴും വലിയ നാശനഷ്ടമുണ്ടായിട്ടില്ല. വർക്കലയുടെ സൗന്ദര്യവൽക്കരണം എന്ന ഉദ്ദേശ ത്തിന്റെ അടിസ്ഥാനത്തിൽ ടി.എസ്. കനാലിന്റെ പുനരുദ്ധാരണവും പാപനാശം കടൽ തീരസംരക്ഷണവും എന്ന രണ്ട് പ്രധാനപ്പെട്ട സ്കീമുകൾ കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് കേന്ദ്ര പ്ളാനിംഗ് കമ്മിഷന് സമർപ്പി

ച്ചിരുന്നു. വർക്കല ഡെവലപ്മെന്റ് അതോറിറ്റി ഈ കാര്യം 'നാട്പാക്കിനെ' ചുമതലപ്പെടുത്തുകയും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടു കൂടി ഒരു പ്രോജക്ടിനും സെസ്സിന്റെ സഹായത്തോടുകൂടി മറ്റൊരു പ്രോജക്ടിനും അന്തിമ രൂപം നൽകുകയും ചെയ്തു. ഇത് സെൻട്രൽ പ്ളാനിംഗ് കമ്മിഷന് അയച്ചതിന്റെ അടിസ്ഥാനത്തിൽ ഏതാണ്ട് 52 കോടി രൂപ സംസ്ഥാനത്തിന് അഡീഷണൽ സെൻട്രൽ അസിസ്റ്റൻസിൽ ഉൾപ്പെടുത്തി അനുവദിച്ചതിൽ 10 കോടി രൂപ ഈ രണ്ട് പ്രോജക്ടുകൾക്കും വേണ്ടിയാണ്. ഇതിൽ ഒന്നാമത്തെ പ്രോജക്ട് തുരങ്കങ്ങളുടെ പുനരുദ്ധാരണമാണ്. കനാലിന്റെ പുനരുദ്ധാരണത്തിനായി 6 കോടി രൂപയും 4 കോടി രൂപ കടലിനുള്ളിൽ 3 മീറ്റർ മുതൽ 7 മീറ്റർ വരെ വെള്ളത്തിനടിയിൽ ഒരു റീഫ് നിർമ്മിക്കുന്നതിനുമാണ്. ഡെവലപ്മെന്റ് അതോറിറ്റികൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ഭരണപരമായ ചില തടസ്സങ്ങൾ നിലവിലുണ്ട്. ഈ പ്രോജക്ടും അതുമായി ബന്ധപ്പെട്ട പണവും നഷ്ടപ്പെടാതിരിക്കാൻ ആവശ്യമായ നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുന്നതാണ്. ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് ഒരു ഉന്നതതലയോഗം വിളിച്ച് എത്രയും പെട്ടെന്ന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(2) <u>ജൈവമാലിന്യങ്ങൾ ഉപയോഗിച്ച് കംപോസ്റ്റ് വളവും വൈദ്യുതിയും ഉൽപാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ</u>

<u>ശ്രീ. പി. ജെ. ജോസഫ്:</u> ശുചീകരണ മേഖലയൊഴിച്ച് മറ്റ് എല്ലാ മേഖലകളിലും കേരളം വലിയ നേട്ടം കൈവരിച്ചിരിക്കുന്നു. മാലിന്യങ്ങൾ കൊണ്ട് നാടും നഗരവും ചീഞ്ഞുനാറുകയാണ്. മാലിന്യങ്ങൾ സാമൂഹ്യ ജീവിതത്തിൽ കടുത്ത രോഗഭീഷണി നേരിടുകയാണ്. സംസ്കരിക്കാത്ത

മാലിന്യങ്ങൾ ഒഴുകിയെത്തി കുടിവെള്ള സ്രോതസ്സുകളെ വിഷമയമാക്കുക മാത്രമല്ല, മാരകമായ രോഗാണുക്കൾ വിളയാടുകയും ചെയ്യുന്നു. പ്ളാസ്റ്റിക്ക്, കുപ്പി തുടങ്ങിയവ വേണ്ടപോലെ തരംതിരിച്ചുവെങ്കിൽ മാത്രമേ ഗുണപ്രദ മായ രീതിയിൽ മാലിന്യങ്ങൾ സംസ്ക്കരിക്കാനാകുകയുള്ളു. വീടുകൾ, ഹോട്ടലുകൾ, ആശുപത്രികൾ, മാർക്കറ്റുകൾ, ഫാക്ടറികൾ, ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും പുറന്തള്ളപ്പെടുന്ന പാഴ് വസ്തുക്കൾ ശേഖരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും കുറ്റമറ്റ സംവിധാനം ഉണ്ടാകണം. ഇക്കാര്യത്തിൽ ബഹുജനപങ്കാളിത്തവും തദ്ദേശഭരണ സ്ഥാപന ങ്ങളുടേയും സർക്കാർ-സർക്കാരിതര ഏജൻസികളുടേയും സഹകരണവും ആവശ്യമാണ്. സമഗ്രമായ ഒരു മാലിന്യ നിർമ്മാർജ്ജന പദ്ധതിക്ക് രൂപം കൊടുക്കണം. മാലിന്യസംസ്ക്കരണം എന്ന ദൗത്യം തദ്ദേശഭരണ സ്ഥാപന ങ്ങൾ ശരിയായി നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. മാലിന്യ സംസ്ക്കരണത്തിന്റെ കാര്യത്തിൽ കൊച്ചി വളരെ പുറകിലാണ്. ഒക്ടോബർ 13-ന് കേരളത്തിൽ നടന്ന ശുചീകരണയജ്ഞം വളരെ വിജയകരമായിരു ന്നതിനാൽ അത് തുടർന്ന് നടത്താൻ നടപടിയെടുക്കണം. ആശുപത്രികൾ സ്ഥാപിക്കുമ്പോൾത്തന്നെ മാലിന്യങ്ങൾ സംസ്ക്കരിക്കാനുള്ള സംവിധാന ങ്ങളും ഉണ്ടാക്കണമെന്ന കർശന നിർദ്ദേശം കൊടുക്കണം. വീടുകളിലുള്ള മാലിന്യങ്ങൾ കമ്പോസ്റ്റാക്കി മാറ്റണം. മുഴുവൻ മുനിസിപ്പാലിറ്റികളിലും പവർ ജനറേഷൻ യൂണിറ്റ് ഉണ്ടാകണം. കൊച്ചി നഗരത്തിലെ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ച് ചർച്ച ചെയ്യണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>ശ്രീ. പാലോളി മുഹമ്മദ്കുട്ടി)</u>: മാലിന്യപ്രശ്നം വളരെ ഗുരുതരമായി മാറിയിരിക്കുകയാണ്.

ഭരണ-പ്രതിപക്ഷ വ്യത്യാസം കൂടാതെ കേരളത്തിലെ ജനങ്ങളെയാകെ ഇതിനെതിരായി അണിനിരത്തുന്നതിനുവേണ്ടിയാണ് ഒക്ടോബർ 13-ാം തീയതി ശ്രമിച്ചത്. അത് നല്ല ഉത്തരവാദിത്വബോധത്തോടുകൂടി ജനങ്ങൾ ഏറ്റെടുത്തു എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതുപോലുള്ള ശുചീകരണയജ്ഞ പരിപാടികൾ തുടരേണ്ടതുണ്ട്. അതിൽ ഏതെങ്കിലും ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ടോ എന്നുള്ളത് ഗൗരവമായി പരിശോധിക്കുന്നുണ്ട്; അതാത് അവസരത്തിൽ ആവശ്യമായിട്ടുള്ള നിർദ്ദേശങ്ങൾ കൊടുക്കുന്നുമുണ്ട്.

**സബ്മിഷൻ**

(1) <u>കിണറ്റിൽവീണ് മരണമടഞ്ഞ അജീഷിന് ധനസഹായം</u>

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> പോലീസ് കസ്റ്റഡിയിലും പോലീസ് വിരട്ടിയോടിച്ച് വെള്ളത്തിൽ വീണും മരിച്ചവരെക്കുറിച്ച് അന്വേഷിക്കാനായി ജുഡീഷ്യൽ കമ്മീഷനെ നിയമിക്കുമ്പോൾ അതിന്റെ ടേംസ് ഓഫ് റഫറൻസിൽ പ്രതിപക്ഷത്തിന്റെ നിർദ്ദേശങ്ങൾകൂടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അത് സമ്മതിച്ചുവെങ്കിലും അതിനു വിരുദ്ധമായ സമീപനമാണ് എടുത്തത്. അതിനാൽ ടേംസ് ഓഫ് റഫറൻസിൽ പ്രതിപക്ഷത്തിന്റെ നിർദ്ദേശങ്ങൾകൂടി സ്വീകരിക്കുകയും അങ്ങനെ മരിച്ചവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുകയും ചെയ്യണം. കൂടാതെ ചിറയിൻകീഴിൽ പോലീസ് വിരട്ടിയോടിച്ചപ്പോൾ ഭയന്ന് കിണറ്റിൽവീണു മരിച്ച അജീഷിന്റെ കുടുംബത്തിനും നഷ്ടപരിഹാരം നൽകണം

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u>: 70 വയസ്സോളം പ്രായം വരുന്ന ഒരു സ്ത്രീയെ ചിലയാളുകൾ ആക്രമിച്ചുവെന്നു പറഞ്ഞ് നൽകിയ പരാതി അന്വേഷിക്കാൻ പോലീസ് ആ വീട്ടിൽ എത്തിയപ്പോഴാണ് ഒരാൾ കിണറ്റിൽ

വീണുവെന്ന വാർത്തയറിയുന്നത്. തുടർന്ന് പോലീസ് അവിടെയെത്തി കിണറ്റിൽ കസേരയിറക്കി അയാളെ കരയ്ക്കെടുത്തപ്പോൾ ജീവനുണ്ടായിരുന്നു. അതുകൊണ്ട് പോലീസിന് ഈ സംഭവുമായി യാതൊരു ബന്ധവുമില്ല. എന്നാൽ ഒരു അപകടമരണമെന്ന നിലയിൽ, മരിച്ച അജീഷിന്റെ കുടുംബത്തിന് ധനസഹായം നൽകുന്നതിന് ഗവണ്മെന്റ് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> തിരുവനന്തപുരത്ത് കടയ്ക്കാവൂർ മണ്ണാത്തിമൂലയിൽ താമസിക്കുന്ന 70 വയസ്സുള്ള മാലതി എന്ന വൃദ്ധയുടെ വീട്ടിൽ സുരേഷ്, വാമനൻ എന്നിവർ അതിക്രമിച്ചു കയറി അക്രമം കാണിച്ചുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ കടയ്ക്കാവൂർ സബ് ഇൻസ്പെക്ടറും പാർട്ടിയും സുരേഷിനെ കണ്ട് കാര്യങ്ങൾ തിരക്കിയശേഷം റോഡിലേയ്ക്ക് വന്നപ്പോഴാണ് ആരോ കിണറ്റിൽ വീണതായി പോലീസിന് വിവരം ലഭിച്ചത്. തുടർന്ന് പോലീസ് അവിടെയെത്തി കസേര കെട്ടിയിറക്കി കിണറ്റിൽ വീണയാളെ കരയ്ക്കെടുത്ത് ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും അയാൾ മരിച്ചതായി ഡോക്ടർ അറിയിച്ചു. ഇക്കാര്യത്തിൽ കടയ്ക്കാവൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ആർ.ഡി.ഒ പ്രേത പരിശോധനാറിപ്പോർട്ട് തയ്യാറാക്കിയ ശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടം നടത്തി. പോലീസ് ജീപ്പ് കണ്ട് അജീഷും കൂട്ടുകാരും ഓടുന്ന വഴിയിൽ കണറ്റിൽ വീണ് തലയ്ക്ക് പരിക്കേൽക്കുകയും അതോടൊപ്പം ശ്വാസംമുട്ടിയുമാണ് മരിച്ചതെന്നാണ് അന്വേഷണ റിപ്പോർട്ട്. പോലീസിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും അതിക്രമം ഇക്കാര്യത്തിൽ നടന്നതായി പരാതിയൊന്നും

ലഭിച്ചിട്ടില്ല. ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഗവണ്മെന്റ് ആഗ്രഹിക്കുന്നത്. നഷ്ടപരിഹാരം കൊടുക്കാൻ സാധിക്കുമോ എന്നകാര്യം ഗവണ്മെന്റ് പരിശോധിക്കുന്ന താണ്. ഇതിനുമുമ്പുള്ള സംഭവങ്ങളെ സംബന്ധിച്ച് ടേംസ് ഓഫ് റഫറൻസിന്റെ കാര്യം പ്രതിപക്ഷനേതാവും മുഖ്യമന്ത്രിയുമൊക്കെ ചേർന്നു നടത്തിയ ചർച്ചയിൽ പരിശോധിക്കാമെന്ന് പറഞ്ഞിരുന്നു. അതിനിടയിൽ ഹൈക്കോടതിയിൽ കേസ് വന്നു. ഹൈക്കോടതിയാണ് ജസ്റ്റിസ് രാജേന്ദ്ര ബാബുവിനെ അന്വേഷണ കമ്മിഷനായി തീരുമാനിച്ചത്. 14 ദിവസത്തിനുള്ളിൽ ഇതിന്റെ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കണമെന്ന് കോടതി പറഞ്ഞു. അതിനിടയിൽ അവധി വന്നതിനാൽ പ്രതിപക്ഷവുമായി ചർച്ചയ്ക്ക് സമയമുണ്ടായിരുന്നില്ല. അതുകൊണ്ടാണ് ഗവണ്മെന്റ് ഇതുസംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ നിർബന്ധിക്കപ്പെട്ടത്. എന്തെങ്കിലും കാര്യങ്ങൾ ഇതിൽ കൂട്ടിച്ചേർക്കണമെങ്കിൽ ഗവണ്മെന്റിനെ അറിയിക്കാമായിരുന്നു. ഇതുസംബന്ധിച്ച് ഇതുവരെ പരാതിയൊന്നും കിട്ടിയിട്ടില്ല. എന്തെങ്കിലും കൂട്ടിച്ചേർക്കണമെങ്കിൽ അതിനും ഗവണ്മെന്റിന് വിരോധമില്ല. ഇതുസംബന്ധിച്ചുള്ള ജുഡീഷ്യൽ അന്വേഷണ കമ്മിഷൻ റിപ്പോർട്ട് വരുന്നതിനു മുമ്പുതന്നെ ഓരോ കേസും പരിശോധിച്ച് നഷ്ടപരിഹാരം കൊടുക്കുന്നത് സംബന്ധിച്ച് തീരുമാനിക്കുമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അത് ചെയ്യാൻ ഗവണ്മെന്റ് തയ്യാറാണ്. പ്രത്യേക പ്രശ്നങ്ങളുണ്ടെങ്കിൽ പ്രതിപക്ഷ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിന് ഗവണ്മെന്റിന് വൈമനസ്യമില്ല.

(2) <u>വടക്കാഞ്ചേരി സബ് ഡിപ്പോയിൽ ഡീസൽ ഫില്ലിംഗ് സ്റ്റേഷൻ</u>

<u>ശ്രീ.എം.ചന്ദ്രൻ</u>: ആലത്തൂർ നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ വടക്കാഞ്ചേരി പഞ്ചായത്ത് സൗജന്യമായി നൽകിയ 5 ഏക്കർ സ്ഥലത്താണ് സബ് ഡിപ്പോയായി പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. എന്നാൽ ഡീസൽ ഫില്ലിംഗ് സ്റ്റേഷൻ ഇല്ലാത്തതിന്റെ പേരിൽ അവിടെ ലാഭകരമായി സർവ്വീസ് നടത്തിയിരുന്ന ഇന്റർ സ്റ്റേറ്റ് സർവ്വീസുകളും ഫാസ്റ്റ് പാസഞ്ചറുകളും മറ്റ് ഡിപ്പോകളിലേയ്ക്ക് മാറ്റി. എം.എൽ.എ മാരുടെ പ്രാദേശിക ഫണ്ടിൽനിന്ന് 8 ലക്ഷം രൂപ നൽകി ഗ്രൗണ്ടും ജീവനക്കാർക്ക് താമസിക്കുവാനുള്ള സൗകര്യവും ഉണ്ടാക്കുവാൻ തീവ്ര പരിപാടികൾ നടന്നുകൊണ്ടിരിക്കുന്ന സാഹചര്യങ്ങൾ കണക്കിലെടുത്ത് വടക്കാഞ്ചേരി സബ് ഡിപ്പോയിൽ ഒരു ഡീസൽ ഫില്ലിംഗ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): വടക്കാഞ്ചേരി ഓപ്പറേറ്റിംഗ് സെന്ററിൽ 2 ഫാസ്റ്റ് പാസഞ്ചറും 13 ഓർഡിനറി ബസ്സുകളുമടക്കം 15 ഷെഡ്യൂളുകളാണ് നിലവിലുള്ളത്. ഇവ ഓപ്പറേറ്റ് ചെയ്യുന്നതിന് 16 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. ശരാശരി 13 ഷെഡ്യുളുകൾ ഇവിടെനിന്നും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. പുതിയ ബസ്സുകൾ നിരത്തിലിറക്കുമ്പോൾ കൂടുതൽ ഷെഡ്യുളുകൾ ആരംഭിക്കുന്ന കാര്യവും കൂടുതൽ ഷെഡ്യൂളുകൾ ആരംഭിക്കുമ്പോൾ ഓയിൽ കമ്പനികളുമായി ചർച്ച ചെയ്ത് ഡീസൽ ഫില്ലിംഗ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യവും തീരുമാനിക്കുന്നതാണ്.

(3) വൈദ്യുതി ബോർഡ് ഉപഭോക്താക്കളിൽനിന്നും അധിക ക്യാഷ് ഡെപ്പോസിറ്റ് ഈടാക്കുന്നത് സംബന്ധിച്ച്

ശ്രീ.കെ.എം.മാണി: 2005-ലെ കേരള ഇലക്ട്രിസിറ്റി സപ്ളൈ കോഡിലെ വ്യവസ്ഥകൾക്ക് വിപരീതമായി ഉപഭോക്താക്കളിൽനിന്നും അധിക ക്യാഷ് ഡെപ്പോസിറ്റ് കെ.എസ്.ഇ.ബി. പിരിക്കുന്നതിലൂടെ ഉപഭോക്താക്കൾക്ക് അപരിഹാര്യമായ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. സപ്ളൈ കോഡിലെ റൂൾ 13(5) അനുസരിച്ച് ഓരോ വർഷത്തിലേയും ആദ്യ ക്വാർട്ടറിൽ ഉപഭോക്താക്കൾ അടച്ചിട്ടുള്ള ഡെപ്പോസിറ്റിന്റെ അഡിക്വസി പരിശോധിച്ച് കൂടുതൽ ഡെപ്പോസിറ്റ് വേണമെങ്കിൽ നോട്ടീസ് കൊടുക്കണമെന്നാണ് വ്യവസ്ഥ. ഈ വ്യവസ്ഥയ്ക്ക് വിപരീതമായിട്ടാണ് ഇപ്പോൾ നോട്ടീസ് വന്നിരിക്കുന്നത്. മാത്രമല്ല ഇലക്ട്രിസിറ്റി സപ്ളൈ കോഡിലെ റൂൾ 16 അനുസരിച്ച് കൺസ്യൂമർ അടച്ചിട്ടുള്ള ഡെപ്പോസിറ്റിന് ബാങ്ക് റേറ്റിലുള്ള ഇന്ററസ്റ്റ് കൊടുക്കണമെന്നും ഡ്യൂവായി കൊടുക്കുന്നില്ലായെങ്കിൽ പീനൽ ഇന്ററസ്റ്റ് കൊടുക്കണമെന്നുമുള്ള വ്യവസ്ഥ ലംഘിച്ചുകൊണ്ട് സംസ്ഥാനത്തെ കൺസ്യൂമർക്ക് കോടിക്കണക്കിന് രൂപയുടെ നഷ്ടം വരുത്തിയിരിക്കുന്നു. അതുകൊണ്ട് ക്യാഷ് ഡെപ്പോസിറ്റ് അന്യായമായി പിരിക്കുന്ന രീതി അവസാനിപ്പിക്കുകയും ഉപഭോക്താക്കൾ നൽകുന്ന ഡെപ്പോസിറ്റിന് പലിശ കൊടുക്കുകയും വേണം.

(ശ്രീ. എ. പ്രദീപ് കുമാറും ഇതേ വിഷയം സംബന്ധിച്ച് സബ്മിഷൻ ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്)

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): വൈദ്യുതി ഉപഭോക്താക്കൾക്ക് ഒരു മാസത്തേയോ രണ്ട് മാസത്തേയോ മുൻകൂറായി വൈദ്യുതി നൽകിയശേഷമാണ് ചാർജ്ജ്

ഈടാക്കുന്നത്. ഇലക്ട്രിസിറ്റി ആക്ടിലെ വകുപ്പ് 47(2) പ്രകാരമാണ് ഉപഭോക്താക്കളിൽനിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങുന്നത്. കാലാകാലങ്ങളിലുണ്ടാകുന്ന വൈദ്യുതി ചാർജ്ജ് വർദ്ധനവുമൂലമോ ഉപഭോക്താവിന്റെ പ്രതിമാസ ഉപഭോഗം വർദ്ധിക്കുന്നതുമൂലമോ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക അപര്യാപ്തമെന്നു കണ്ടാൽ 30 ദിവസത്തെ നോട്ടീസ് നൽകി അഡീഷണൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാൻ 2005-ലെ കേരള സപ്ളൈ കോഡിലെ വകുപ്പ് 13(5) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. തുക അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കാനും വകുപ്പ് 13(9)-ൽ വ്യവസ്ഥയുണ്ട്. ഈ വകുപ്പുകളനുസരിച്ചാണ് കെ.എസ്.ഇ.ബി. ഉപഭോക്താക്കൾക്ക് അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റിന് നോട്ടീസ് നൽകിയിരിക്കുന്നത്. ഉപഭോക്താക്കളിൽനിന്ന് ഈടാക്കുന്ന ഡെപ്പോസിറ്റിന് ബാങ്ക് പലിശ നൽകിവരുന്നുണ്ട്. ഇക്കാര്യത്തിൽ ആക്ഷേപ മുണ്ടെങ്കിൽ പരിഹരിക്കും. കൺസ്യൂമർക്ക് ഭാരമാകാതെ അധിക ഡെപ്പോസിറ്റ് തുക 6 ഇൻസ്റ്റാൾമെന്റായി അടയ്ക്കുന്നതിനുള്ള സൗകര്യമുണ്ട്.

(4) <u>വികലാംഗരുടെ പ്രശ്നങ്ങൾ</u>

<u>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്</u>: സംസ്ഥാനത്തെ വികലാംഗർക്ക് ഗവൺമെന്റ് നൽകുന്ന ആനുകൂല്യങ്ങൾ കൃത്യമായി ലഭ്യമാക്കാനും അവർക്ക് നൽകുന്ന ഉപകരണങ്ങളുടെ ക്വാളിറ്റി പരിശോധിക്കാനും ചികിൽസാ സഹായം വർദ്ധിപ്പിച്ചു നൽകുന്നതിന് കൂടുതൽ തുക വകയിരുത്താനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ)</u>: 2001-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 860,794 പേരാണ്

ശാരീരികവും മാനസികവുമായി വികലാംഗരായിട്ടുള്ളത്. ഇത്തരത്തിലുള്ള പാവപ്പെട്ട കുടുംബങ്ങളിൽപ്പെട്ടവർക്ക് വിവിധ രീതിയിലുള്ള സഹായം ഗവൺമെന്റിലൂടെ ലഭിക്കേണ്ടതുണ്ട്. 1995 മുതൽ ചികിൽസാ സഹായമെന്ന നിലയിൽ നടപ്പാക്കുന്ന സ്കീമുണ്ട്. വികലാംഗരുടെ ദുരിതാശ്വാസത്തിനായി ഒരു കോർപ്പസ് ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കുകയും അതിൽനിന്നും ലഭിക്കുന്ന 8.5 ശതമാനം പലിശ ഉപയോഗിച്ച് വികലാംഗർക്ക് ചികിൽസാ സഹായം നൽകുകയുമാണ് ചെയ്യുന്നത്. 12,000 രൂപവരെ കുടുംബ വരുമാനമുള്ളവർക്ക് പരമാവധി 5000 രൂപ എന്ന വ്യവസ്ഥയിലാണ്. ഇത് സംബന്ധിച്ച് പ്രത്യേക റിവ്യൂ നടത്തുകയും ഓരോ ജില്ലയിൽനിന്നും സാമൂഹ്യക്ഷേമ ഓഫീസർവഴിയും അല്ലാതെയും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹതപ്പെട്ടവർക്ക് കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സഹായം 10,000 രൂപയായി വർദ്ധിപ്പിക്കണമെന്ന ആവശ്യം ന്യായമാണ്. അപകടത്തിൽപ്പെട്ട് അംഗവൈകല്യം സംഭവിച്ചവർക്ക് ലഭിക്കുന്ന തുകയും പരിമിതമാണ്. ഏതെങ്കിലും വിധത്തിൽ ഈ തുക വർദ്ധിപ്പിക്കാൻ കഴിയുമോയെന്ന് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതാണ്. ഉപകരണങ്ങളുടെ ക്വാളിറ്റി കീപ് അപ് ചെയ്യാൻ ആവശ്യമായ നിർദ്ദേശം നൽകും. കേരളപ്പിറവി ആഘോഷിക്കുന്ന വേളയിൽ കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ ബാധിച്ച് വൈകല്യമുണ്ടായ പാവപ്പെട്ടവരുടെ പുനരധിവാസത്തിനായി 80 ലക്ഷം രൂപയുടെ പദ്ധതിയും കൊല്ലം, പാലക്കാട് ജില്ലകളിൽ 50 ലക്ഷം രൂപ ചെലവ് വരുന്ന പദ്ധതികളും ആരംഭിക്കുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ: തോമസ് ഐസക്): വികലാംഗരുടെ ചികിൽസാ സഹായത്തോടൊപ്പം പുനരധിവാസവും പ്രധാനപ്പെട്ടതാണ്. ഇതിന് സംസ്ഥാന ഗവൺമെന്റ് ചെലവാക്കുന്ന പണം അപര്യാപ്തമാണ്. ഇന്നുള്ള സ്കീം അവലോകനം ചെയ്ത് പ്രത്യേകിച്ച് വികലാംഗരുടെ വിദ്യാഭ്യാസത്തിനുവേണ്ടി പണം എങ്ങനെ ലഭ്യമാക്കാമെന്ന് ബന്ധപ്പെട്ട വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ ഈ സബ്മിഷൻ പ്രയോജനപ്രദമാകും.

(5) ഏനാത്ത് പോലീസ് സ്റ്റേഷൻ

ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഏനാത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ പൂർത്തിയായെങ്കിലും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാത്തതുകൊണ്ട് അതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ആവശ്യമായ തസ്തികകൾ അനുവദിച്ച് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഏനാത്ത് ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് 13.10.2005-ൽ ആഭ്യന്തര വകുപ്പ് അനുമതി നൽകുകയും ഇതിനുവേണ്ട തസ്തികകൾ അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. അടൂർ പോലീസ് സ്റ്റേഷന്റെ പരിധിയിൽപ്പെട്ട ചില സ്ഥലങ്ങൾ വിഭജിച്ചുകൊണ്ട് നിർദ്ദിഷ്ട ഏനാത്ത് പോലീസ് സ്റ്റേഷന്റെ അധികാരപരിധി നിർണ്ണയിക്കാൻ കരട് വിജ്ഞാപനം തയ്യാറാക്കി നിയമ വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ, ഏനാത്ത് വില്ലേജിലെ ചില സ്ഥലങ്ങൾ അടൂർ പോലീസ് സ്റ്റേഷന്റെ അധികാരപരിധിയിൽ പ്പെടാത്തതായതുകൊണ്ട് അടൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെടുത്തി

ഉത്തരവ് പുറപ്പെടുവിക്കണമെന്നും തുടർന്ന് അതിൽനിന്ന് വേർപ്പെടുത്തി ഏനാത്ത് പോലീസ് സ്റ്റേഷൻ അധികാര പരിധി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കണമെന്നുമുളള സാങ്കേതിക പ്രശ്നം വന്നു. അതുപ്രകാരം അടൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 9 കരകൾ ഉൾപ്പെടുത്തി 22.7.2006-ൽ ആഭ്യന്തര വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചു. അതിൽനിന്നും ഏനാത്ത് പോലീസ് സ്റ്റേഷന്റെ പരിധിയിൽപ്പെടുന്ന സ്ഥലങ്ങൾ വേർപ്പെടുത്തി അധികാര പരിധി വിഭജിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന തിനുളള അടിയന്തിര നടപടി സ്വീകരിച്ചുവരികയാണ്. ഈ വിജ്ഞാപനം വരുന്നമുറയ്ക്ക് ഏനാത്ത് പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കും.

(6) കൈപ്പളളി-ഏന്തയാർ റോഡ് നിർമ്മാണം

ശ്രീ. പി.സി. ജോർജ്: കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച കൈപ്പളളി-ഏന്തയാർ റോഡിന്റെ പണി പകുതിയായപ്പോൾ കോൺട്രാക്ടർ പണി ഉപേക്ഷിച്ചുപോയി. 147 ലക്ഷം രൂപയുടെ വർക്ക് നബാർഡിന്റെ അംഗീകാരത്തോടെ ടെണ്ടർ ചെയ്തുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അത് തിരിച്ചയച്ചിരിക്കുകയാണ്. ഏപ്രിൽ മാസത്തിനുശേഷം പി.ഡബ്ള്യു.ഡി. ഷെഡ്യൂൾ പുതുക്കിയിട്ടുളളതിനാൽ റീ-ടെണ്ടർ ചെയ്താൽ തുക വർദ്ധിക്കും. ഈ റോഡിന്റെ നിർമ്മാണ കാര്യത്തിൽ തീരുമാനമുണ്ടാക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള): കൈപ്പളളി-ഏന്തയാർ റോഡിന്റെ പണിക്ക് 20.12.1997-ൽ 100 ലക്ഷം രൂപയുടെ ഭരണാനുമതിയും 90 ലക്ഷം രൂപയുടെ സാങ്കേതിക അനുമതിയും നൽകി ടെണ്ടർ വിളിക്കുകയും 29.1.1999-ൽ എഗ്രിമെന്റുവച്ച് പണി ആരംഭിക്കുകയും ചെയ്തു. എഗ്രിമെന്റിലുളളതിനുപുറമേ ആറ് കലുങ്കുകൾകൂടി ചെയ്യേണ്ടതായി

വരുന്നതുകൊണ്ട് 149.1 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഗവൺമെന്റ് അംഗീകരിച്ചുവെങ്കിലും പണി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. മുൻ മരാമത്ത് വകുപ്പുമന്ത്രിയും ശ്രീ.പി.സി. ജോർജ് എം.എൽ.എ.യും പങ്കെടുത്ത യോഗത്തിൽവച്ച് പണികളുടെ കരാർ റദ്ദാക്കാനും ബാക്കി പണി പ്രത്യേകം ചെയ്യണമെന്നും തീരുമാനിച്ചു. അത് പ്രകാരം നബാർഡിന്റെ സ്കീമിൽ പ്പെടുത്തി 12.1.2006-ൽ 146.33 ലക്ഷം രൂപയുടെ ഭരണാനുമതിയും 137 ലക്ഷം രൂപയുടെ സാങ്കേതിക അനുമതിയും നൽകി. 21.4.2006-ൽ അവസാന തീയതി വച്ച് മുൻ യോഗ്യത ടെണ്ടർ വിളിച്ചു. പീരിയേഡ് തീരുന്നതിനുമുമ്പ് ഈ കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയാത്തതുകൊണ്ട് റീ-ടെണ്ടർ നടപടി സ്വീകരിച്ചുവരികയാണ്. ഈ വിഷയത്തിൽ ഗവൺമെന്റിന് ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയറോട് വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ റോഡിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് റീ-ടെണ്ടർ വിളിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയറോട് നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കുന്നതാണ്.

### (7) കെ.എസ്.ഇ.ബി.യിൽ പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയ എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികളെ നിയമിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. ജയരാജൻ: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇലക്ട്രിസിറ്റി ബോർഡിലെ ഹ്യൂമൻ റിസോഴ്സസ് മാനേജുമെന്റ് വിഭാഗത്തിന്റെ ആവശ്യപ്രകാരം പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയ 114 സിവിൽ എഞ്ചിനീയർമാരെ ബോർഡ് നിയമിച്ചില്ല. അവർക്ക് നിയമനം നൽകണമെന്ന് കോടതി നിർദ്ദേശിച്ച പ്രകാരം ഇലക്ട്രിസിറ്റി ബോർഡ് അവർക്ക് സാങ്കൽപ്പികമായ നിയമനവും പിരിച്ചുവിടലുമാണ് നൽകിയിട്ടുള്ളത്.

അഡ്വൈസ് മെമ്മോ നൽകിയ മുഴുവൻ ആളുകൾക്കും സമയബന്ധിതമായി നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ.എ.കെ. ബാലൻ):</u> കെ.എസ്.ഇ.ബി.യിൽ അസിസ്റ്റന്റ് എൻജിനീയർമാരെ (സിവിൽ) നിയമിക്കാനായി 2000–ത്തിൽ പി.എസ്.സി. പരീക്ഷ നടത്തി 19–9–2001–ൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ 114 പേർക്ക് അഡ്വൈസ് മെമ്മോ നൽകി. 20–12–2001–ലെ ഗവണ്മെന്റ് ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി.–യിലെ നിയമന നിരോധനത്തിന്റെയും സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതില്ലെന്ന നിർദ്ദേശത്തിന്റെയും ഭാഗമായി അഡ്വൈസ് ചെയ്ത തസ്തികയിൽ നിയമനം നടത്താൻ കെ.എസ്.ഇ.ബി. തയ്യാറായില്ല. എന്നാൽ ഹൈക്കോടതി ഉത്തരവുപ്രകാരം അഡ്വൈസ് ചെയ്ത 114 പേരെയും അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) ആയി നിയമിക്കുകയും അന്നു തന്നെ തസ്തിക ഒഴിവില്ലെന്ന കാരണം കാണിച്ചുകൊണ്ട് പിരിച്ചുവിടുകയും ചെയ്തു. ഉൽപ്പാദനമേഖലയിൽ പുതിയ സംരംഭങ്ങൾ കണ്ടുപിടിക്കുക എന്നുള്ള എൽ.ഡി.എഫ്. ഗവണ്മെന്റ് നയത്തിന്റെ ഭാഗമായി ചില കർമ്മപദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ആ പദ്ധതികൾ ഏറ്റെടുക്കുന്ന മുറയ്ക്ക് പിരിച്ചുവിട്ട മുഴുവൻ പേരെയും തിരിച്ചെടുക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(8) <u>കൊച്ചി നഗരത്തിൽ ആധുനിക പോലീസ് സംവിധാനം</u>

<u>പ്രൊഫ. കെ.വി. തോമസ്</u>: ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, എറണാകുളം എന്നീ മുനിസിപ്പാലിറ്റികളും പള്ളുരുത്തി, വെണ്ണല തുടങ്ങിയ പഞ്ചായത്തുകളും ചേർന്ന് 1967–ൽ രൂപീകരിച്ച കൊച്ചി കോർപ്പറേഷനിൽ ഒരു മറൈൻ പോലീസ് സേന രൂപീകരിക്കാനും അവിടത്തെ പോലീസ്

സ്ട്രക്ച്ചർ ആധുനികവൽക്കരിച്ച് ഐ.ജി.-യുടെ നേതൃത്വത്തിൽ പോലീസ് കമ്മിഷണറേറ്റ് രൂപീകരിക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): തൃപ്പൂണിത്തുറ, കളമശ്ശേരി മുനിസിപ്പാലിറ്റികളും മുളവുകാട്, കലൂർ, തൃക്കാക്കര, തിരുവാങ്കുളം, ഉദയംപേരൂർ, മരട് തുടങ്ങിയ പഞ്ചായത്തുകളിലുമുൾപ്പെടെ കൊച്ചിയിൽ ക്രമസമാധാനപലനത്തിനായി പോലീസ് കമ്മിഷണറുടെ നിയന്ത്രണത്തിൽ മൂന്ന് പോലീസ് അസിസ്റ്റന്റ് കമ്മീഷണർമാർ സബ് ഡിവിഷണൽ ഓഫീസർമാരായും ട്രാഫിക് നിയന്ത്രണത്തിനായി രണ്ട് അസിസ്റ്റന്റ് പോലീസ് കമ്മീഷണർമാരുടെ കീഴിൽ 10 പോലീസ് സർക്കിൾ ഇൻസ്പെക്ടർമാരും കൂടാതെ 20 പോലീസ് സ്റ്റേഷനുകളും പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ പ്രധാനപ്പെട്ട നഗരങ്ങളായ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ഫുള്ളി എംപവേർഡ് കമ്മിഷണറേറ്റ് സിസ്റ്റം നടപ്പിലാക്കണമെന്ന് ജസ്റ്റിസ് കെ.ടി. തോമസ് കമ്മിഷൻ ശുപാർശ ചെയ്തിട്ടുള്ളതിന്റെയും അഞ്ചു ലക്ഷമോ അതിൽക്കൂടുതലോ ജനസംഖ്യയുള്ള നഗരങ്ങളിൽ ഇത്തരം കമ്മിഷണറേറ്റ് ഫലപ്രദമാണെന്ന് നാഷണൽ പോലീസ് കമ്മിഷൻ ശുപാർശ ചെയ്തിട്ടുള്ളതിന്റെയും അടിസ്ഥാനത്തിൽ കേരളത്തിലെ ഈ മൂന്ന് പ്രധാനപ്പെട്ട നഗരങ്ങളിൽ പൂർണ്ണാധികാരമുള്ള കമ്മിഷണറേറ്റ് നടപ്പിലാക്കുന്ന കാര്യം ഗവണ്മെന്റ് സജീവമായി പരിഗണിച്ച് എത്രയും പെട്ടെന്ന് തീരുമാനം കൈക്കൊള്ളുന്നതാണ്.

(9) ഭരണിക്കാവ് ബ്ളോക്കിൽ ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തിയ റോഡിന്റെ നിർമ്മാണം.

ശ്രീ. എം. മുരളി: മാവേലിക്കര നിയോജകമണ്ഡലത്തിൽ വള്ളിക്കുന്നം പഞ്ചായത്തിനെയും പന്തളം നിയോജകമണ്ഡലത്തിലെ താമരക്കുളം പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന പള്ളത്ത് ജംഗ്ഷൻ മുതൽ പത്തിയറ ഹൈസ്ക്കൂൾ ജംഗ്ഷൻ വരെയുള്ള നാല് കിലോമീറ്ററിലധികം നീളമുള്ള റോഡ് 2002-ൽ ആർ.ഐ.ഡി.എഫ്.-ൽപ്പെടുത്തി നബാർഡിന്റെ ധനസഹായ ത്തോടുകൂടി നിർമ്മാണം ആരംഭിച്ചെങ്കിലും ഇപ്പോൾ ഈ റോഡിന്റെ നിർമ്മാണം പൂർണ്ണമായി സ്തംഭിച്ചിരിക്കുകയാണ്. ആവശ്യമായ പണം കണ്ടെത്തി ഇതിന്റെ ചുമതല റൂറൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റിനെ ഏൽപ്പിച്ച് പണി പൂർത്തീകരിക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുന്നതോടൊപ്പം പണിയുടെ സ്തംഭനാവസ്ഥയ്ക്ക് കാരണ ക്കാരായവരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കാനുള്ള നടപടികളും സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി): ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ബ്ളോക്ക് പഞ്ചായത്തിൽപ്പെട്ട പത്തിയറ ഹൈസ്ക്കൂൾ ജംഗ്ഷൻ-പള്ളത്ത് ചിറമുക്ക് ക്ഷേത്രം റോഡിന്റെ പണി 2001 ജൂലായ് മാസത്തിൽ ആർ.ഐ.ഡി.എഫ്.. സ്കീമിൽപ്പെടുത്തി നബാർഡ് അംഗീകാരം നൽകിയതാണ്. ഇതിന് നബാർഡ് അംഗീകരിച്ച എസ്റ്റിമേറ്റ് തുക 70 ലക്ഷത്തിൽപ്പരം രൂപയാണ്. എസ്റ്റിമേറ്റിൽനിന്നും 24.99 ശതമാനം കുറഞ്ഞ നിരക്കിൽ ടെണ്ടർ ഉറപ്പിച്ച പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക 52 ലക്ഷം രൂപയാക്കി 31-3-2003-നോ അതിനുമുമ്പോ പൂർത്തീകരിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ

എഗ്രിമെന്റ് വച്ചു. പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി 6.31 ലക്ഷം രൂപ അഡ്വാൻസായി 21–1–2002–ൽ ബ്ളോക്ക് പഞ്ചായത്ത് നൽകുകയും 2004 ഡിസംബർ വരെ ചെയ്ത പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ 25 ലക്ഷം രൂപയുടെ ക്ലെയിം 20–2–2006–ൽ ഭരണിക്കാവ് ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകുകയും ചെയ്തു. 2005 ഫെബ്രുവരിക്കുശേഷം ഈ പ്രവൃത്തിയുടെ കോൺട്രാക്ടർ യാതൊരുവിധ പണിയും നടത്തിയിട്ടില്ല. ഈ പ്രവൃത്തി അന്തിമമായി പൂർത്തിയാക്കി ക്ളെയിം അയയ്ക്കേണ്ട അവസാന തീയതി 31–3–2007 ആണ്. കരാറുകാരന്റെ നിസ്സഹകരണംമൂലം നിർത്തിവച്ചിരിക്കുന്ന പണി പുനരാരംഭിക്കുന്നതിലേയ്ക്കായി നിയമാനുസൃതമായി റീ–ടെണ്ടർ ഉൾപ്പെടെയുള്ള നടപടികൾ എടുത്തുവരികയാണ്. മറ്റു കാര്യങ്ങൾ പരിശോധിച്ച് തടസ്സങ്ങൾ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(10) റെയിൽവേ കാറ്ററിംഗ് തൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ

ശ്രീ.എം.ഹംസ: പുതിയ കാറ്ററിംഗ് നയം രൂപീകരിച്ചതിനെത്തുടർന്ന് ഇൻഡ്യൻ റെയിൽവേ കാറ്ററിംഗ് ആന്റ് ടൂറിസം കമ്പനി നിലവിൽ വന്നതോടുകൂടി നിലവിലുള്ള ലൈസൻസികളെ മാറ്റുകയും റെയിൽവേ കാറ്ററിംഗ് തൊഴിലാളികൾക്ക് തൊഴിലില്ലാതാകുകയും ചെയ്തിരിക്കുകയാണ്. അതുകൊണ്ട് ലാഭത്തെയും ഗുണത്തെയും അടിസ്ഥാനപ്പെടുത്തി ഒരു കാറ്ററിംഗ് നയം രൂപീകരിച്ച് കേരളത്തിലെ കാറ്ററിംഗ് തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കണം. റെയിൽവേ ഇപ്പോൾ നടപ്പാക്കുന്ന ടെണ്ടർ സംവിധാനം നിർത്തിവയ്ക്കാനും നിലവിലുള്ള സ്റ്റാറ്റസ്കോ സംവിധാനം തുടരുന്നതിനും കേന്ദ്ര റെയിൽവേ വകുപ്പുമായി ഇടപെട്ട് നടപടികൾ സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): രാജ്യത്തൊട്ടാകെ റെയിൽവേ സ്റ്റേഷനുകളിലും വിവിധ ട്രെയിനുകളിലും കാറ്ററിംഗ് സംബന്ധിച്ച് ഏകീകൃതമായ ഒരു നയമാണുള്ളത്. പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി ഇപ്പോൾ ചില മാറ്റങ്ങളുണ്ടായിട്ടുണ്ട്. ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും മൽസര ടെണ്ടറിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ട് നൽകുന്നതാണ് ഇപ്പോഴത്തെ കാറ്ററിംഗ് നയം. ഇതുമൂലം റെയിൽവേ കാറ്ററിംഗ് തൊഴിലാളികൾക്കുള്ള സങ്കീർണ്ണമായ പ്രശ്നം കണക്കിലെടുത്ത് കാറ്ററിംഗ് നയം പുന:പരിശോധിക്കണമെന്ന് പാർലമെന്റ് റെയിൽവേ സ്റ്റാൻഡിംഗ് കമ്മിറ്റി റെയിൽവേ മന്ത്രാലയത്തോടും പാർലമെന്റ് അംഗങ്ങൾ റെയിൽവേ വകുപ്പുമന്ത്രിയോടും ആവശ്യപ്പെട്ടിട്ടുണ്ട്. തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ടുള്ള നയമാണ് റെയിൽവേ സ്വീകരിക്കേണ്ടതെന്നാണ് ഗവണ്മെന്റിന്റെ അഭിപ്രായം. ആ രൂപത്തിൽ എല്ലാ തരത്തിലുമുള്ള സമ്മർദ്ദവും സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ ചെലുത്തുന്നതാണ്.

## (11) തയ്യൽത്തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ.കെ.ബാബു: കേരളത്തിലെ തയ്യൽത്തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ, മരണാനന്തര ആനുകൂല്യങ്ങൾ, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ സഹായ തുക, ഭവനനിർമ്മാണ വായ്പ തുടങ്ങിയ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തയ്യൽ തൊഴിലാളികൾ ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. എന്നാൽ മറ്റു സംസ്ഥാനങ്ങളിൽനിന്ന് ധാരാളം റെഡിമെയ്ഡ് വസ്ത്രങ്ങൾ

കേരളത്തിൽ വന്നുകൊണ്ടിരിക്കുന്നതിനാൽ തയ്യൽത്തൊഴിലാളികളുടെ തൊഴിൽ സാധ്യതകൾ കുറയുന്ന സാഹചര്യത്തിൽ അവരുടെ ക്ഷേമനിധി കൂടുതൽ കാര്യക്ഷമമാക്കാനും പ്രവർത്തനം വിപുലീകരിക്കാനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങൾക്ക് അവർ പ്രവർത്തിയെടുത്ത വർഷങ്ങളുടെ ആനുപാതിക ക്രമമനുസരിച്ച് 100 രൂപ മുതൽ 430 രൂപ വരെ പ്രതിമാസ റിട്ടയർമെന്റ് പെൻഷനും റിട്ടയർമെന്റിനു മുമ്പ് അവശതമൂലം അംഗത്വം തുടരാൻ കഴിവില്ലാത്തവർക്ക് പ്രതിമാസം 100 രൂപ അവശതാ പെൻഷനും മരണപ്പെടുന്ന അംഗങ്ങളുടെ ആശ്രിതർക്ക് 100 രൂപ വീതം കുടുംബ പെൻഷനും ആയിരം രൂപ വിവാഹ ധനസഹായവും ആയിരം രൂപ പ്രസവാനുകൂല്യവും കൊടുത്തു കൊണ്ടിരിക്കുകയാണ്. ഭവന നിർമ്മാണ വായ്പ പദ്ധതി ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി നിലവിലുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ പര്യാപ്തമല്ലാത്തതിനാൽ അംശദായം 10 രൂപയിൽനിന്ന് 20 രൂപയാക്കി വർദ്ധിപ്പിക്കാനുള്ള ഒരു നിർദ്ദേശം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ നിയമ ഭേദഗതി കൊണ്ടുവരാനും തീരുമാനിച്ചിരിക്കുക യാണ്. അംശദായം വർദ്ധിപ്പിച്ചുകഴിഞ്ഞാൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(12) എം.സി. റോഡിന്റെ വികസനം.

ശ്രീ.കെ.കെ.ഷാജു: ലോകബാങ്ക് സഹായത്തോടെയുള്ള കെ.എസ്.ടി.പി. യുടെ ഭാഗമായി നടപ്പാക്കുന്ന എം.സി. റോഡിന്റെ നിർമ്മാണ

പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുകയാണ്. അടൂർ ഭാഗം കഴിഞ്ഞ് പറന്തൽ മുതൽ പന്തളം വലിയപാലം വരെയുള്ള സ്ഥലത്ത് ഭൂമി അക്വയർ ചെയ്തുവെങ്കിലും വീതി കുറച്ചാണ് പകുതിഭാഗം വരെ റോഡ് നിർമ്മിച്ചിരിക്കുന്നത്. റോഡിന്റെ വീതി കുറഞ്ഞ ഭാഗങ്ങളിൽ വീതി വർദ്ധിപ്പിക്കാനും പന്തളം ജംഗ്ഷനുമായി ബന്ധപ്പെട്ടുള്ള വികസനത്തെ സംബന്ധിച്ച് ജനങ്ങൾക്കുള്ള ഉൽക്കണ്ഠയും ആശങ്കയും പരിഹരിക്കാനുമുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു.കുരുവിള): പന്തളം-വലിയകോവിൽ പാലം വരെയുള്ള പ്രദേശത്തെ എം.സി. റോഡിന്റെ പരിഷ്ക്കരണത്തിനായി അക്വയർ ചെയ്ത ഭൂമി വീതികുറച്ച് പണി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അംഗീകൃത ഡിസൈൻ പ്രകാരമാണ് റോഡ് പണി നടക്കുന്നതെങ്കിലും അലൈൻമെന്റ് അനുസരിച്ച് പണി ചെയ്തുകഴിയുമ്പോൾ ചില ഭാഗങ്ങളിൽ അധികമായി വരുന്ന സ്ഥലം കേബിൾ, പൈപ്പ്ലൈൻ എന്നിവ ഇടുന്നതിനായി ഉപയോഗിക്കാവുന്നതാണ്. പന്തളത്ത് മുടങ്ങിക്കിടക്കുന്ന പണികൾക്കാവശ്യമായ സ്ഥലം റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്. മെമ്പറുടെ സാന്നിദ്ധ്യത്തിൽ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആ പ്രദേശം സന്ദർശിച്ച് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്.

(13) മൃതശരീരം പോസ്റ്റ്മോർട്ടം ചെയ്യുന്നതിലെ കാലതാമസം

ശ്രീ.എം.ഉമ്മർ: സംസ്ഥാനത്ത് റോഡ് അപകടങ്ങളിലും മറ്റ് ദുരന്തങ്ങളിലുമായി മരിക്കുന്നവരുടെ മൃതശരീരം പോസ്റ്റ്മോർട്ടം നടത്തുന്നതിന് നിലവിലുള്ള ഗവൺമെന്റ് ഉത്തരവ് പ്രകാരം പകൽ വെളിച്ചത്തിൽ മാത്രമേ കഴിയുകയുള്ളു. മെഡിക്കൽ ജൂറിസ്പ്രൂഡൻസ് അനുസരിച്ച് രാത്രി

കാലങ്ങളിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിന് നിയമതടസ്സമില്ലെന്ന് വ്യക്തമായിട്ടുണ്ട്. മഹാരാഷ്ട്രയിലും വിദേശരാജ്യങ്ങളിലും സൂര്യപ്രകാശ ത്തിന് സമാനമായ വെളിച്ചമുണ്ടെങ്കിൽ രാത്രി കാലങ്ങളിലും പോസ്റ്റ്മോർട്ടം നടത്തുന്നുണ്ട്. അതുകൊണ്ട് നിലവിലുള്ള നിയമം പുന:പരിശോധിക്കാൻ നടപടിയുണ്ടാകണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):അപകട മരണങ്ങളുണ്ടാകുന്ന സന്ദർഭങ്ങളിൽ പോസ്റ്റ്മോർട്ടം വൈകുന്നതുമൂലം പ്രയാസം നേരിടുന്നുണ്ട്. രാത്രികാലങ്ങളിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിന് സാങ്കേതിക ബുദ്ധിമുട്ടും നിയമപരമായ തടസ്സങ്ങളുമുണ്ട്. ഫോറൻസിക് മെഡിസിൻ വിഭാഗത്തിന്റെ ആധികാരിക മായ പുസ്തകത്തിൽ പോസ്റ്റ്മോർട്ടം നടത്തുന്നത് പകൽ വെളിച്ചത്തിലും അഞ്ചുമണിക്ക് മുമ്പും ആയിരിക്കണമെന്ന് പറയുന്നുണ്ട്. സൂര്യപ്രകാശവും വൈദ്യുതി വെളിച്ചവും തമ്മിൽ വളരെ വ്യത്യാസമുണ്ടെന്നുള്ളതാണ് ശാസ്ത്രീയമായി എടുത്തു പറയുന്നത്. നിയമപരമായ തടസ്സമുണ്ടെങ്കിലും ധാരാളം ആവശ്യം ഉയർന്നുവരുന്ന സാഹചര്യത്തിൽ പെട്ടെന്ന് ഇൻക്വസ്റ്റ് ചെയ്ത് പോസ്റ്റ്മോർട്ടം നടത്തിക്കിട്ടിയാൽ നല്ല കാര്യമായിരിക്കും. നിയമവിദഗ്ദ്ധരുമായി കൂടിയാലോചിച്ച് രാത്രികാലങ്ങളിൽക്കൂടി പോസ്റ്റ്മോർട്ടം നടത്താൻ സാധിക്കുമോയെന്ന് ആലോചിക്കുന്നതാണ്.

## (14) 'റീപ്'എന്ന പാഠപുസ്തകം വിദ്യാലയങ്ങളിൽ പഠിപ്പിക്കാനുള്ള തീരുമാനം

ശ്രീ. സി.പി. മുഹമ്മദ്: റാപ്പിഡ് ഇംഗ്ളീഷ് അക്വിസിഷൻ പ്രോഗ്രാം എന്ന പേരിൽ പാലക്കാട് ജില്ലാ പഞ്ചായത്ത് ഒരു പാഠപുസ്തകം പുതുതായി

ഇറക്കിയിരിക്കുകയാണ്. കരിക്കുലം കമ്മിറ്റിയുടെ അംഗീകാരമുള്ള പുസ്തകങ്ങൾ മാത്രമേ സ്കൂളുകളിൽ പഠിപ്പിക്കാൻ പാടുള്ളു. എൻ.സി.ഇ.ആർ.ടി., എസ്.സി.ഇ.ആർ.ടി., ഡയറ്റ് പോലെയുള്ളവയുടെ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള പരിശീലനത്തിന് മാത്രമേ എസ്.എസ്.എ.യ്ക്ക് അധികാരമുള്ളു. തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പാഠപുസ്തകം അച്ചടിച്ച് ഇറക്കാൻ അനുവാദമുണ്ടോയെന്നും ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നയമെന്താണെന്നും വ്യക്തമാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): 2005–2006 അദ്ധ്യയന വർഷം പാലക്കാട് ജില്ലയിലെ ചില സ്ക്കൂളുകളിൽ 'റീപ്' എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന റാപ്പിഡ് ഇംഗ്ളീഷ് അക്വിസിഷൻ പ്രോഗ്രാം എന്ന പദ്ധതി പരിശോധിച്ചു നോക്കുകയുണ്ടായി. എസ്.സി.ഇ.ആർ.ടി.യും കരിക്കുലം കമ്മിറ്റിയും അംഗീകരിച്ച പാഠ്യ പദ്ധതിയുടെ ഭാഗമായുള്ള ഒരു പരിപാടിയല്ല ഇത്. അധ്യയന സമയം കഴിഞ്ഞ് നാലുമണിക്ക് ശേഷം കുട്ടികളുടെ ഇംഗ്ളീഷ് പഠനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ ഈ പരിപാടി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിജയകരമായാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത് എന്നാണ് അറിയുന്നത്.

(15) വടക്കൻമല, മഞ്ഞള്ളൂർ ശുദ്ധജല വിതരണ പദ്ധതികൾ

ശ്രീ. ബാബു പോൾ: മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ആവോലി, മഞ്ഞള്ളൂർ പഞ്ചായത്തുകളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. മഞ്ഞള്ളൂർ പഞ്ചായത്തിൽ ഒരു കുടിവെള്ള പദ്ധതി നിലവിലുണ്ടെങ്കിലും ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന്

ഈ പദ്ധതികൊണ്ട് കഴിയുന്നില്ല. എൽ.ഐ.സി.യുടെ സാമ്പത്തിക സഹായത്തോടുകൂടി ആരംഭിച്ച മഞ്ഞള്ളൂർ പദ്ധതിക്ക് ഏതാണ്ട് 60.68 ലക്ഷം രൂപയും ആവോലി പഞ്ചായത്തിലെ വടക്കൻമല സ്കീമിന് 187.23 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഏതാണ്ട് 375 ലക്ഷം രൂപ മഞ്ഞള്ളൂർ പദ്ധതിക്കും 365 ലക്ഷം രൂപ വടക്കൻമല ശുദ്ധജല വിതരണ പദ്ധതിക്കുമായി ആവശ്യമായിട്ടുണ്ട്. സ്തംഭനാവസ്ഥയിലായ ഈ രണ്ട് പദ്ധതികളുടേയും നിർമ്മാണപ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): വടക്കൻമല, മഞ്ഞള്ളൂർ ശുദ്ധജല വിതരണ പദ്ധതികൾ എൽ.ഐ.സി.യുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്നവയാണ്. 504 ലക്ഷം രൂപ അടങ്കൽ തുക പ്രതീക്ഷിച്ച് ആരംഭിച്ച വടക്കൻമല ആവോലി ശുദ്ധജലവിതരണ പദ്ധതിയുടെ ശുദ്ധീകരണശാല, കിണർ എന്നിവയുടെ പണികൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. 745 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന മഞ്ഞള്ളൂർ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ കിണർ, ജലശുദ്ധീകരണശാല എന്നിവയുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. Raw water pumping main-ന്റെ പ്രവർത്തനങ്ങൾ 50 ശതമാനം പൂർത്തിയായിട്ടുണ്ട്. ഈ രണ്ട് പദ്ധതികൾക്കും എൽ.ഐ.സി. സാമ്പത്തിക സഹായം നിർത്തിവച്ച സാഹചര്യത്തിൽ നബാർഡ് പോലുള്ള മറ്റ് സാമ്പത്തിക ഏജൻസികളുടെ സഹായത്തോടുകൂടി പണി പൂർത്തിയാക്കുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിച്ചുവരികയാണ്.

(16) കേരളത്തിലെ ന്യൂ സ്ക്കൂൾ അദ്ധ്യാപകരുടെ നിയമനം

ശ്രീ. കെ. കെ. ജയചന്ദ്രൻ: കേരളത്തിൽ 1990–നുശേഷം ആരംഭിച്ച എയ്ഡഡ് സ്ക്കൂളുകളിലെ അദ്ധ്യാപകർക്ക് ഇതുവരെ നിയമന അംഗീകാരം ലഭിച്ചിട്ടില്ല. അതിന്റെ ഫലമായി പതിനായിരത്തോളം വരുന്ന അദ്ധ്യാപകർ 12 വർഷത്തിലധികമായി ശമ്പളമില്ലാതെ ജോലി ചെയ്യുന്ന അവസ്ഥയ്ക്ക് അടിയന്തിര പരിഹാരം കാണണം. കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ പ്രവർത്തിച്ചിരുന്ന സർക്കാർ സ്ക്കൂളുകൾക്ക് 2004–ൽ 4–ാം ക്ലാസ്സുവരെ പഠിപ്പിക്കുന്നതിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇത്തരം സ്ക്കൂളുകളിൽ ഹെഡ്മാസ്റ്ററെ നിയമിക്കണം. ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ പാറത്തോട് സ്ക്കൂളിൽ ഹെഡ്മാസ്റ്ററേയും അദ്ധ്യാപകരേയും നിയമിക്കണം. ഇടുക്കി ജില്ലയിലെ 15 സ്ക്കൂളുകളിൽ 12–ഉം തമിഴ് മീഡിയം സ്ക്കൂളുകളാണ്. ഗവണ്മെന്റ് അടിയന്തിരമായി ഇടപെട്ട് ഇക്കാര്യത്തിൽ പരിഹാരം കാണണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഇക്കാര്യങ്ങൾ ഗൗരവമായി പരിശോധിച്ച് പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നതാണ്.

(17) കുറ്റ്യാടി കേന്ദ്രമായി ഒരു കാർഷിക ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീമതി കെ.കെ.ലതിക: കുറ്റ്യാടിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന നാളികേര മാണ് വിത്തുതേങ്ങ സംഭരണത്തിന് ഉപയോഗിക്കുന്നത്. കൂമ്പുചീയലും മണ്ഡരിയുംമൂലം തെങ്ങ് കർഷകർ ഇപ്പോൾ പ്രതിസന്ധിയിലാണ്. കൂമ്പു ചീയൽ രോഗംമൂലം മുറിച്ചുമാറ്റുന്ന തെങ്ങൊന്നിന് നഷ്ടപരിഹാരത്തുക 5000 രൂപയായി വർദ്ധിപ്പിക്കുകയും തെങ്ങുൽപ്പാദനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾ തടയുന്നതിനും

രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും കുറ്റ്യാടി കേന്ദ്രമാക്കി ഒരു കാർഷിക ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കുറ്റ്യാടിയിലെ നാളികേര രോഗബാധ പ്രധാന വിഷയമാണ്. മണ്ഡരി രോഗബാധയ്ക്കെതിരെ കൃഷി വകുപ്പ് മരുന്നുതളി നടത്തിയിട്ടുണ്ട്. മണ്ഡരി രോഗബാധയുടെ കാഠിന്യം കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. നല്ലയിനം തെങ്ങിൻ തൈകളുടെ ഉല്പാദനത്തിനായി കുറ്റ്യാടിയിൽനിന്ന് ഈ വർഷം 6 ലക്ഷം വിത്ത് തേങ്ങ സംഭരിക്കാൻ ലക്ഷ്യമിടുന്നുണ്ട്. കൂമ്പുചീയൽ രോഗം തടയുന്നതിനായി രോഗം ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റൽ, സംയോജിത രോഗ നിയന്ത്രണ വളപ്രയോഗം, നല്ലയിനം തെങ്ങിൻ തൈകൾ നൽകൽ എന്നിവയ്ക്കായി ഹെക്ടർ ഒന്നിന് 17,500 രൂപ പ്രകാരം 925 ഹെക്ടർ പ്രദേശത്തേയ്ക്ക് 2005-06-ൽ സഹായധനം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 900 ഹെക്ടർ സ്ഥലത്ത് പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കുന്നതാണ്. കുറ്റ്യാടിയിൽ ഒരു ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(18) ലക്ഷംവീട് കോളനികളിൽ ഉപയോഗിക്കുന്ന മിനിവാട്ടർ ടാങ്കുകൾക്ക് കറന്റ് ചാർജ് ഈടാക്കുന്നത് സംബന്ധിച്ച്

ശ്രീ. എ. എം. ആരിഫ്: ഹരിജൻ-ഗിരിജൻ ലക്ഷംവീട് സെറ്റിൽമെന്റ് കോളനികളിൽ സ്ഥാപിച്ചിട്ടുള്ള മിനിവാട്ടർ ടാങ്കുകൾക്ക് കറന്റ് ചാർജ് ഇപ്പോൾ അടയ്ക്കുന്നത് ഗുണഭോക്തൃ സമിതികളാണ്. വ്യാവസായിക സംരംഭങ്ങൾക്കുള്ള താരിഫ് ഈടാക്കുന്നതിനാൽ നിശ്ചിത സമയത്ത് കറന്റ് ചാർജ് അടയ്ക്കാൻ കഴിയാതെ വരുകയും വെള്ളം ലഭ്യമല്ലാതാകുകയും ചെയ്യുന്നു. അതിന് പരിഹാരമായി ഗാർഹിക ഉപഭോക്താക്കൾക്ക് നിശ്ചയിച്ച

നിരക്കിലുള്ള താരിഫ് ഈടാക്കുകയും പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ അത് പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ. ബാലൻ): കുടിവെള്ള പദ്ധതികൾക്ക് പൊതുവെ എൽ.ടി.-4 നിരക്കിലും ജലനിധി, ജലധാര, സ്വജലധാര സ്കീമുകളിൽപ്പെടുന്ന കുടിവെള്ള പദ്ധതികൾക്ക് ഗാർഹിക നിരക്കിലുമുള്ള കറന്റ് ചാർജ് ഈടാക്കുന്നതിന് സംസ്ഥാന വൈദ്യതി റെഗുലേറ്ററി കമ്മീഷന്റെ അനുവാദത്തോടെ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ സെറ്റിൽമെന്റ് കോളനികളിൽ സ്ഥാപിച്ചിട്ടുള്ള മിനിവാട്ടർ ടാങ്കുകളുടെ കറന്റ് ചാർജും ഗാർഹിക നിരക്കിൽത്തന്നെ കൊടുക്കുന്നതിനാണ് സംസ്ഥാന വൈദ്യതി റെഗുലേറ്ററി കമ്മീഷൻ തീരുമാനം എടുത്തിട്ടുള്ളത്. ഈ വിഷയത്തിൽ അനുകൂല നടപടി സ്വീകരിക്കുന്നതാണ്.

(19) പൊൻമുടി പോലീസ് സ്റ്റേഷന്റെ വിപുലീകരണം

ശ്രീമതി ജെ.അരുന്ധതി: പൊന്മുടി പോലീസ് സ്റ്റേഷന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കെട്ടിടം വിപുലീകരിക്കുന്നതിനുമായി റവന്യൂ വകുപ്പിന്റെ കൈയിൽനിന്ന് ഭൂമി വിട്ടുകിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ): സർക്കാരിന്റെ പരിഗണന യിലുള്ള വിഷയമാണിത്. അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിനു വേണ്ടി റവന്യൂ-വനം വകുപ്പുകൾ തമ്മിൽ ആലോചന നടന്നുവരികയാണ്. നടപടികൾ ത്വരിതപ്പെടുത്തി യുക്തമായ തീരുമാനം താമസംവിനാ സ്വീകരിക്കുന്നതാണ്.

(20) കേരള പോലീസിലെ ക്യാമ്പ് ഫോളോവേഴ്സ് വിഭാഗത്തെ സർവീസ് ചട്ടത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. തിലോത്തമൻ: സംസ്ഥാനത്തെ പോലീസ് സേനയിലെ രണ്ടായിരത്തോളം വരുന്ന വാട്ടർ ക്യാരിയേഴ്സ്, കുക്ക്, ബാർബർ തുടങ്ങിയ ക്യാമ്പ് ഫോളോവേഴ്സ് സിവിൽ സർവീസിന്റെയോ പോലീസ് ഫോഴ്സിന്റെയോ ഭാഗമല്ലാത്തതിനാൽ അവർക്ക് ആനുകൂല്യങ്ങളോ ശമ്പള പരിഷ്ക്കരണമോ ലഭ്യമാകുന്നില്ല. ഈ വിഭാഗക്കാർക്ക് ഒരു സർവീസ് റൂൾ ഉണ്ടാക്കുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ ): പോലീസ് വകുപ്പിൽ ജോലി ചെയ്യുന്ന സ്വീപ്പർ, കുക്ക്, വാട്ടർ ക്യാരിയേഴ്സ്, ധോബി തുടങ്ങിയ ക്യാമ്പ് ഫോളോവേഴ്സ് തസ്തികയിൽ ജോലിചെയ്യുന്നവർക്ക് മാത്രമായി സ്പെഷ്യൽ റൂൾസ് നിലവിലില്ല. പോലീസ് വകുപ്പിലെ ക്യാമ്പ് ഫോളോവേഴ്സിന് മാത്രമായി ഒരു സ്പെഷ്യൽ റൂൾ ഉണ്ടാക്കുന്നത് സംബന്ധിച്ച് ചർച്ചകൾ വകുപ്പുതലത്തിൽ നടന്നുവരികയാണ്. ഓരോ പോലീസ് ക്യാമ്പിലും പോലീസിനോടൊപ്പം ഡ്യൂട്ടി ചെയ്യുന്ന ഇവർക്ക് പോലീസിൽ എക്സിക്യൂട്ടീവ് വിഭാഗത്തിന് നൽകുന്ന അലവൻസും ഓഫ് ഡ്യൂട്ടി അലവൻസും യൂണിഫോം അലവൻസും ലഭ്യമാണ്.

(21) വയനാട് ജില്ലയ്ക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായം

ശ്രീ. എം.വി. ശ്രേയാംസ്കുമാർ: വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധിക്കും കർഷക ആത്മഹത്യയ്ക്കും പ്രധാനപ്പെട്ട കാരണം കാർഷികോല്പന്നങ്ങളുടെ വിലയിടിവും കൃഷിനാശവും രോഗബാധയും പ്രകൃതിക്ഷോഭങ്ങളുമാണ്. വയനാട് ജില്ലയിലെ പ്രത്യേക സാഹചര്യം

പരിഗണിച്ച് പ്രത്യേക ദുരിതാശ്വാസ നടപടികൾ അടിയന്തിരമായി അനുവദിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഏറ്റവും പരിഗണന കൊടുത്ത് അടിയന്തിരമായി സഹായം എത്തിക്കേണ്ട സ്ഥലമാണ് വയനാട് ജില്ല. അനുവദിച്ച സംഖ്യ ആവശ്യത്തിന് പോരായെങ്കിലും ഏറ്റവും കൂടുതൽ സംഖ്യ ഇപ്പോൾ അനുവദിച്ചിട്ടുള്ളത് വയനാട് ജില്ലയ്ക്കാണ്. തുക ചെലവാക്കേണ്ടത് സംബന്ധിച്ച് സി.ആർ.എഫ് നോംസുണ്ട്. ഇത് ഓരോ ഇനം തിരിച്ച് ഏതൊക്കെ വിഭാഗത്തിന് കൊടുത്തുവെന്ന കണക്ക് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കുടിശ്ശിക പരമാവധി കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കും.

(22) കണ്ണൂർ ജില്ലാ സെൻട്രൽ ലൈബ്രറിക്ക് കെട്ടിടം പണിയാൻ ഭൂമി

ശ്രീ. കെ.പി. മോഹനൻ: കണ്ണൂർ ജില്ലാ സെൻട്രൽ ലൈബ്രറിക്ക് കെട്ടിടം പണിയുന്നതിനും ഭൂമി വിട്ടുകൊടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കണ്ണൂർ ജില്ലാ സെൻട്രൽ ലൈബ്രറിയുടെ പാട്ടക്കുടിശ്ശിക ഒരു വർഷം മുമ്പുവരെയുള്ളത് അടച്ചിട്ടുണ്ട്. സൗജന്യ നിരക്കിൽ സെൻട്രൽ ലൈബ്രറിക്ക് ഭൂമി പതിച്ചു നൽകുന്നതിന് പ്രൊപ്പോസൽ നൽകാൻ ജില്ലാ കളക്ടറോട് ആവശ്യ പ്പെട്ടിട്ടുണ്ട്.

(23) കണ്ണൂർ എസ്.എൻ.കോളേജിൽ വർദ്ധിച്ചുവരുന്ന അക്രമസംഭവങ്ങൾ

ശ്രീ. പി.സി. വിഷ്ണുനാഥ് : കഴിഞ്ഞ ഒൻപതാം തീയതി കണ്ണൂർ എസ്.എൻ. കോളേജ് കാമ്പസിൽ ഒരു സംഘം ഡി.വൈ.എഫ്.ഐ പ്രവർത്തകർ അതിക്രമിച്ചുകടന്ന് കെ.എസ്.യു. പ്രവർത്തകരെ ക്രൂരമായി

മർദ്ദിക്കുകയുണ്ടായി. കോളേജിൽ പഠിക്കുന്ന കുട്ടികളുടെ വീടുകളിൽ കയറി ഭീഷണിപ്പെടുത്തൽ, കോളേജിൽ മർദ്ദനം, കോളേജിന് പുറത്ത് ഭീഷണിപ്പെടുത്തൽ, വനിതാ കോളേജ് കാമ്പസിൽ കയറി കെ.എസ്.യു പ്രവർത്തകരായ പെൺകുട്ടികളെ ഭീഷണിപ്പെടുത്തൽ തുടങ്ങിയ ഭീകരാന്തരീക്ഷം അവിടെ നിലനിൽക്കുന്നു. ആഭ്യന്തര വകുപ്പുമന്ത്രി ഇടപെട്ട് ഇക്കാര്യത്തിൽ അടിയന്തിര തീരുമാനമുണ്ടാക്കണം

.ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2006 ആഗസ്റ്റ് 6-ന് കണ്ണൂർ എസ്. എൻ. കോളേജിൽവച്ച് 12 പേരടങ്ങുന്ന കെ.എസ്.യു.(കോൺഗ്രസ്) പ്രവർത്തകർ സംഘടനാ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ വന്ന കോളേജിലെ പൂർവ്വവിദ്യാർത്ഥിയായ ഒരു എസ്.എഫ്.ഐ. പ്രവർത്തകനെ ബാത്ത്റൂമിൽ കൊണ്ടുപോയി ദേഹോപദ്രവമേല്പിച്ചതു സംബന്ധിച്ച് കണ്ണൂർ ടൗൺ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്നു. ആഗസ്റ്റ് 10-ാം തീയതി മൂന്ന് മണിക്ക് എസ്.എൻ.കോളേജ് ബസ് സ്റ്റോപ്പിൽ വച്ച് 12-ഓളം വരുന്ന എസ്.എഫ്.ഐ. പ്രവർത്തകർ കെ.എസ്.യു. ജനറൽ സെക്രട്ടറിയെ ദേഹോപദ്രവമേൽപ്പിച്ചതായി പരാതി ലഭിച്ചതിനെത്തുടർന്നും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. രണ്ടു കേസുകളുടെയും കുറ്റപത്രം കോടതിയിൽ സമർപ്പിക്കപ്പെട്ടു. കോളേജിലും പരിസര പ്രദേശങ്ങളിലും അനിഷ്ട സംഭവങ്ങളുണ്ടാകാതിരിക്കാൻ ശക്തമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തുകയും ജാഗ്രതാ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംഘർഷാവസ്ഥ അവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട മെമ്പർ അവർക്ക് നിർദ്ദേശം കൊടുക്കണം.

## (24) വൈലത്തൂരിൽ റസീന എന്ന പെൺകുട്ടിയെ പീഡിപ്പിച്ചതു സംബന്ധിച്ച്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 2006 ആഗസ്റ്റ് 10-ന് മലപ്പുറം ജില്ലയിലെ വൈലത്തൂരിലുള്ള ഒരു പെൺകുട്ടിയെ ജോലി വാഗ്ദാനം നൽകി കോഴിക്കോട് കൊണ്ടുപോയി സംഘം ചേർന്ന് പീഡിപ്പിച്ചശേഷം തിരിച്ച് മലപ്പുറത്ത് എത്തിച്ച പെൺകുട്ടിയെ നാട്ടുകാർ പോലീസ് സ്റ്റേഷനിൽ ഹാജരാക്കിയെങ്കിലും പ്രതിയുടെ പേരു പറയാൻ കുട്ടി ധൈര്യം കാണിച്ചില്ല. ആക്ഷൻ കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച സമയത്ത് സ്ഥലത്തെ തുണിക്കടക്കാരനായ ഹബീബ് റഹ്മാൻ എന്നയാളോട് കേസിന് വേണ്ടി പ്രതികൾ ആവശ്യപ്പെട്ട രണ്ട് ലക്ഷം രൂപ കൊടുക്കാൻ വിസമ്മതിച്ചതിന് 03-10-2006-ന് തുണിക്കട തീയിട്ടു കത്തിച്ചു. സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി പ്രതികളെ എത്രയും പെട്ടെന്ന് അറസ്റ്റ് ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ജോലി വാഗ്ദാനം നൽകി വിവിധ സ്ഥലങ്ങളിൽ കൊണ്ടു പോയി പീഡിപ്പിച്ചുവെന്ന റസീനയുടെ പരാതിയുടെ അടിസ്ഥാനത്തിൽ കൽപകഞ്ചേരി പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചതിൽ കുട്ടിയെ സുധീർ എന്നയാളും മറ്റ് എട്ടു പേരും ചേർന്ന് ലൈംഗികമായി പീഡിപ്പിച്ചതായി വെളിപ്പെട്ടിട്ടുണ്ട്. സംഘത്തിലുണ്ടായിരുന്ന രണ്ടുപേരെ തിരിച്ചറിയുകയും അവരെ അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തു. കേസിന്റെ നടത്തിപ്പിനായി സുധീർ ആവശ്യപ്പെട്ട രണ്ട് ലക്ഷം രൂപ നൽകാത്തതിന്റെ പേരിൽ തുമ്പിൽ ഹബീബ് റഹ്മാന്റെ ഹബീബ് കളക്ഷൻസ് എന്ന ഗാർമെന്റ് സ്ഥാപനം ഒക്ടോബർ മൂന്നാം

തീയതി രാത്രി തീവച്ചു നശിപ്പിച്ച സംഭവത്തിൽ കൽപ്പകഞ്ചേരി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. തിരൂർ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ തിരൂർ സർക്കിൾ ഇൻസ്പെക്ടർ, വളാഞ്ചേരി സർക്കിൾ ഇൻസ്പെക്ടർ എന്നിവരുൾപ്പെട്ട ഒരു പ്രത്യേക സ്ക്വാഡിനെക്കൊണ്ട് കേസുകളുടെ അന്വേഷണം ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(25) <u>പരശുവയ്ക്കലിലെ റോഡപകടം</u>

<u>ശ്രീ.വി.ശിവൻകുട്ടി:</u> 23-10-2006-ന് പാറശ്ശാലയ്ക്കടുത്ത് പരശുവയ്ക്കലിൽ വച്ച് മണൽകയറ്റിവന്ന ലോറി കാറിൽ ഇടിച്ച് ക്ഷേത്രദർശനം കഴിഞ്ഞ് മടങ്ങുകയായിരുന്ന കാറിലുണ്ടായിരുന്ന ഒരു കുടുംബത്തിലെ നാലുപേരും ഡ്രൈവറും അതിദാരുണമായി മരണപ്പെട്ടു. മരിച്ച ഡ്രൈവർ മണികണ്ഠന്റെ നിർദ്ധനരായ കുടുംബത്തെ സഹായിക്കണം. നിയമം ലംഘിക്കുന്ന മണൽലോറികൾ, ടിപ്പർ ലോറികൾ, മൽസ്യം കയറ്റിക്കൊണ്ടുപോകുന്ന ലോറികൾ, ദീർഘദൂര സ്വകാര്യ ബസ്സുകൾ എന്നിവയ്ക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം റോഡ് സേഫ്റ്റിക്കുവേണ്ടിയുള്ള നിയമം നടപ്പാക്കുകയും വേണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> പാറശ്ശാല ദേശീയപാതയിൽ പരശുവയ്ക്കലിൽ വച്ച് മണൽ ലോറി കാറിലിടിച്ച് കരമന ശ്രീകൃഷ്ണനഗർ സുഷമയിൽ ശങ്കർ, ഗീത, ഉമ, വൈദ്യനാഥൻ എന്നിവരിൽ വൈദ്യനാഥൻ സംഭവസ്ഥലത്തു വച്ചും മറ്റുള്ളവർ അടിയന്തിര ചികിൽസയ്ക്കു ആശുപത്രിയിൽ കൊണ്ടുപോകുന്ന വഴിയിലും മരണപ്പെട്ടു. സംഭവത്തിൽ പാറശ്ശാല പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. നാഷണൽ

ഹൈവേയിൽ വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും ഹൈവേ പോലീസും ലോക്കൽ പോലീസും ജാഗ്രത പാലിക്കണമെന്നും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. മരിച്ച കാർ ഡ്രൈവർ മണികണ്ഠന്റെ കുടുംബത്തിന് പരമാവധി സഹായമായ 30,000 രൂപ നൽകുന്നതാണ്.

(26) <u>വേലൂർ കോടശ്ശേരിയിൽ കരിങ്കൽ ക്വാറി തൊഴിലാളികൾ മിന്നലേറ്റു മരണപ്പെട്ടതു സംബന്ധിച്ച്</u>

<u>ശ്രീ. എ.സി. മൊയ്തീൻ:</u> 20-10-2006-ന് തൃശൂർ ജില്ലയിൽ വേലൂർ പഞ്ചായത്തിലെ കോടശ്ശേരി കരിങ്കൽ ക്വാറിയിൽ പണിയെടുത്തു കൊണ്ടിരുന്ന മൂന്ന് തൊഴിലാളികൾ ഇടിമിന്നലേറ്റ് അതിദാരുണമായി കൊല്ലപ്പെട്ടു. റവന്യൂ വകുപ്പുമന്ത്രി പ്രഖ്യാപിച്ച അടിയന്തിര ധനസഹായമായ 10000 രൂപ ബന്ധപ്പെട്ടവർ പിറ്റേന്നു തന്നെ ആശ്രിതർക്ക് നൽകിയിരുന്നു. താമസിക്കാൻ സ്വന്തം വീടുപോലുമില്ലാത്ത പാവപ്പെട്ട മൂന്നു കുടുംബങ്ങൾക്കും സാമ്പത്തിക സഹായം അനുവദിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. രാജേന്ദ്രൻ)</u>: വളരെ ദാരുണമായ മരണമാണ് അവിടെ നടന്നത്. ഈ മൂന്ന് പേരും വളരെ പാവപ്പെട്ട കുടുംബത്തിൽപ്പെട്ടവരാണ്. ഇവരെ ആശ്രയിച്ചാണ് കുടുംബങ്ങളിലെ മറ്റ് അംഗങ്ങൾ ജിവിക്കുന്നത്. ഇവരിൽ രണ്ട് പേർ പട്ടികജാതി വിഭാഗത്തിൽ പ്പെടുന്നവരാണ്. ഈ മൂന്ന് കുടുംബങ്ങൾക്കും 50000 രൂപ വച്ച് സഹായം നൽകുന്നതാണ്. ഇതിന് പുറമെ കുറച്ചുകൂടി സഹായം കൊടുക്കാൻ നടപടി സ്വീകരിക്കാം.

(27) റാന്നി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ റാഗിംഗ്

ശ്രീ. രാജു എബ്രഹാം: റാന്നി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഒന്നാം വർഷ വിദ്യാർത്ഥിയെ പ്രകൃതി വിരുദ്ധമായ നടപടികളാൽ റാഗ് ചെയ്ത രണ്ടാം വർഷ വിദ്യാർത്ഥികൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും പീഡനത്തിനിരയായ വിദ്യാർത്ഥിക്ക് തുടർന്നു പഠിക്കാനുള്ള അവസരമുണ്ടാക്കുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): റാന്നിയിലെ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കുന്ന ഒന്നാം വർഷ വിദ്യാർത്ഥിയായ കൊയിലാണ്ടി സ്വദേശി വിപിൻലാലിനെ ഒക്ടോബർ 15–ന് രണ്ടാം വർഷ വിദ്യാർത്ഥികളായ ഷിജോ, ബിനു, വിപിൻ, റിജിൻ എന്നിവരും പുറത്തുള്ള രാജീവ്, പ്രസാദ് എന്നിവരും ചേർന്ന് അവർ താമസിക്കുന്ന വാടക വീട്ടിൽ കൊണ്ടു പോയി മദ്യം കഴിപ്പിക്കുകയും ദേശീയ ഗാനം പാടിക്കുകയും ദോഹോപദ്രവം ഏൽപിക്കുകയും 300 രൂപ മദ്യം വാങ്ങാൻ നിർബന്ധിച്ചു വാങ്ങുകയും ചെയ്തു. തന്നെ പീഡിപ്പിച്ചുവെന്ന് വിപിൻലാൽ കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും സംഭവം നടന്നത് റാന്നിയിലായതിനാൽ കേസ് റാന്നി പോലീസ് സ്റ്റേഷനിലേയ്ക്ക് അയയ്ക്കുകയും റാഗിംഗ് ആക്ട് പ്രകാരവും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വകുപ്പുകൾ പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് റാന്നി സി.ഐ ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. വിദ്യാർത്ഥിക്ക് തുടർ പഠനം നടത്തുവാൻ മറ്റ് കുഴപ്പമൊന്നുമില്ല.

**മേശപ്പുറത്തു വച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തു വച്ചു.

**റിപ്പോർട്ട് സമർപ്പണം**

VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2004–2005 വർഷത്തെ ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

2006–2007 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥന കളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

2006–2007 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ.കെ.ബാബു: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ധനാഭ്യർത്ഥന കൾ പാസ്സാക്കിയാലും ഈ സാമ്പത്തിക വർഷം ഇനി 5 മാസം മാത്രമേ ഉള്ളൂ എന്നതിനാൽ പ്ലാൻ ഫണ്ടിന്റെ 10 ശതമാനം തുകപോലും ചെലവഴിക്കാൻ ഈ സർക്കാരിന് കഴിയില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ടി.പി. അക്കൗണ്ടിലും പി.ഡി. അക്കൗണ്ടിലും പണം നിക്ഷേപിച്ചെങ്കിലും പ്ലാൻ ഫണ്ടിന്റെ 17 ശതമാനം വെട്ടിക്കുറയ്ക്കേണ്ടിവന്ന സാഹചര്യമാണുണ്ടായത്. റവന്യൂ കമ്മി 5414.78 കോടി രൂപയായി വർദ്ധിച്ചിട്ടും റവന്യൂ കമ്മി കുറയ്ക്കില്ല എന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. സാമ്പത്തിക അച്ചടക്കം പാലിക്കാത്തതിനാൽ കേന്ദ്ര ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന അവസ്ഥയിലേയ്ക്കാണ് എത്തിച്ചേർന്നിട്ടുള്ളത്. 'വാറ്റ്'–ന്റെ പരിധിയിൽനിന്ന് പുറത്തുപോകുന്ന

സമീപനം സ്വീകരിച്ചതിന്റെ ഫലമായി കേന്ദ്രഗവണ്മെന്റിൽനിന്നും ലഭിക്കേണ്ടിയിരുന്ന 350 കോടി രൂപ നഷ്ടപ്പെടുന്ന സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. പന്ത്രണ്ടാം ധനകാര്യ കമ്മീഷനിൽ റവന്യൂ കമ്മി കുറയ്ക്കുന്നതിനുവേണ്ടി പ്രഖ്യാപിച്ച ആനുകൂല്യങ്ങൾകൂടി പ്രയോജന പ്പെടുത്തുന്നതിനുവേണ്ടിയാണ് കഴിഞ്ഞ സർക്കാർ സംസ്ഥാനത്ത് 'വാറ്റ്' നിയമം കൊണ്ടുവന്നത്. എന്നാൽ റവന്യൂ കമ്മി കുറയ്ക്കുന്നതിനുപകരം വർദ്ധിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാട് സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിക്ക് ഇടയാക്കിയിട്ടുണ്ട്. 1957 മുതൽ ഭരിച്ച ഗവണ്മെന്റുകൾ വരുത്തിവച്ച കടബാദ്ധ്യത 10,000 കോടി രൂപയായിരുന്നു വെങ്കിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അത് 25,000 കോടി രൂപയായി വർദ്ധിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്ന് 5 മാസത്തെ ഭരണംകൊണ്ട് 7000 കോടി രൂപയുടെ കടബാദ്ധ്യതയാണ് വരുത്തി വച്ചിട്ടുള്ളത്. സാമ്പത്തിക രംഗത്തെ പ്രതിസന്ധി ഇല്ലാതാക്കാനുള്ള സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. സെൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ചരിത്രത്തിലാദ്യമായി ഏറ്റവും കൂടുതൽ മെയിന്റനൻസ് ഗ്രാന്റ് അനുവദിച്ചത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരാണ്. എന്നാൽ മൈനസ് ഫണ്ടിൽ പ്രവർത്തിക്കുന്ന പഞ്ചായത്തുകൾക്ക് പെർമിസ്സിബിൾ സാംഗ്ഷൻ കൊടുക്കുന്നതിലൂടെ സെൻ കമ്മിറ്റി റിപ്പോർട്ടിന് കടകവിരുദ്ധ മായ സമീപനമാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളത്. കേരളത്തിലെ മുൻ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി കേന്ദ്ര പ്രതിരോധ മന്ത്രിയായിരിക്കുന്ന അനുകൂല സാഹചര്യം ഉപയോഗപ്പെടുത്തി കേരളത്തിന്റെ നേട്ടങ്ങൾക്കു

വേണ്ടി പരമാവധി ശ്രമിക്കണം. കേന്ദ്ര ഗവണ്മെന്റുമായി ഏറ്റുമുട്ടുന്ന നയം ഉപേക്ഷിക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇവിടെ അവതരിപ്പിച്ചിട്ടുള്ള 481.46 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളിൽ 294.51 കോടി രൂപ പ്ലാൻ എക്സ്പെന്റിച്ചറും 186.95 കോടി രൂപ നോൺ പ്ലാൻ എക്സ്പെന്റിച്ചറുമാണ്. ലക്കി വാറ്റ്-ലൂടെ 4600 കോടി രൂപയുടെ വരുമാനം സമാഹരിക്കാനുള്ള ഉറച്ച നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ചെക്ക്പോസ്റ്റുകൾ നവീകരിക്കാനും അഴിമതി തടയാനും ജനപങ്കാളിത്തത്തോടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും പദ്ധതികൾക്ക് പണം കണ്ടെത്താനുള്ള ശ്രമകരമായ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. എൻഡോസൾഫാൻ കീടനാശിനിയുടെ ഉപയോഗത്തിലൂടെ മരണമടഞ്ഞ 135 കുടുംബങ്ങൾക്ക് 50,000 രൂപ വീതം നൽകുകയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്ത നടപടി സ്വാഗതാർഹമാണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കർഷക ആത്മഹത്യ നടന്ന വയനാട്, കാസർഗോഡ്, പാലക്കാട് ജില്ലകളിലെ ദുരിതം അനുഭവിക്കുന്ന കർഷകരുടെ കുടുംബങ്ങൾക്ക് ധനസഹായമായി 100-ൽപരം കോടി രൂപയും അംഗൻവാടി ജീവനക്കാർക്ക് ശമ്പളം വർദ്ധിപ്പിച്ചു കൊടുക്കുന്നതിന് ഏഴരക്കോടി രൂപയും മുൻ സർക്കാരിന്റെ കാലത്ത് ദുരിതാശ്വാസഫണ്ട് ദുരുപയോഗം ചെയ്തതുമൂലം അർഹതപ്പെട്ടവർക്ക് ലഭിക്കാതെപോയ ധനസഹായം കൊടുക്കുന്നതിന് 20 കോടി രൂപയും ബേക്കൽ ടൂറിസം വികസനത്തിന് 5 കോടി രൂപയും കൊയിലാണ്ടി, കാസർഗോഡ് തുറമുഖങ്ങളുടെ പണി ആരംഭിക്കുന്നതിനുള്ള തുകയും ഈ

സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന പഞ്ചായത്തിൽ ഇ.എം.എസ്സിന്റെ നാമധേയത്തിലുള്ള ആശുപത്രിയുടെ ഉത്ഘാടനവേളയിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി വാഗ്ദാനം ചെയ്ത 10 ലക്ഷം രൂപ കൂടി ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡിക്കായി 2 കോടി രൂപ അനുവദിച്ചിരിക്കുന്നതും വ്യാപാര സൗഹൃദ സമീപനം സ്വീകരിച്ചതും സ്വാഗതാർഹമാണ്. കോഴിക്കോട്ട് നടത്താൻ പോകുന്ന വ്യാപാരമേള എല്ലാ പട്ടണങ്ങളിലേയ്ക്കും വ്യാപിപ്പിക്കണം. വ്യാപാര മേഖലയുടെ അഭിവൃദ്ധിക്ക് പ്രത്യേക പാക്കേജ് കൊണ്ടുവരണം. ട്രേഡേഴ്സ് വെൽഫയർ ഫണ്ടിന്റെ പ്രവർത്തനം ശോചനീയമാണ്. 'ഡി' ക്ലാസ് രജിസ്ട്രേഷൻ ഉള്ള വ്യാപാരികൾ മരിച്ചാൽ 10,000 രൂപയുടെ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിരുന്നത് 2001-ന് ശേഷം നൽകിയിട്ടില്ല. ഈ സർക്കാർ ഇതിലേയ്ക്കായി 50 ലക്ഷം രൂപ അനുവദിച്ചത് കച്ചവടക്കാരോടുള്ള നല്ല സമീപനത്തെ കാണിക്കുന്നതാണ്.

<u>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. റവന്യൂ കമ്മി കുറച്ചുകൊണ്ട് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഈ ഗവൺമെന്റ് ഉചിതമായി നടപടികൾ സ്വീകരിക്കുന്നില്ല. 2008–2009 സാമ്പത്തിക വർഷത്തിൽ റവന്യൂ കമ്മി നികത്താത്ത ഒരു സംസ്ഥാനത്തിനും കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായം ലഭിക്കുകയില്ലെന്നാണ് പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത്. . ഈ സാഹചര്യത്തിൽ വരാൻ പോകുന്ന വിപത്തിനെ മുന്നിൽ കണ്ടുകൊണ്ട് സംസ്ഥാനത്തിന്റെ ഭാവിയെക്കുറിച്ച് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിച്ചില്ലെങ്കിൽ

ഗുരുതരമായ ഭവിഷ്യത്ത് നേരിടേണ്ടിവരും. ബഡ്ജറ്റ് പാസ്സാക്കിയതിനു ശേഷം ഇതുവരെ 700 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. അടുത്ത 5 മാസത്തിനുള്ളിൽ 6000 കോടി രൂപ ചെലവഴിക്കാൻ സാധിച്ചില്ലെങ്കിൽ പദ്ധതി പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുകയും സാമ്പത്തിക ബുദ്ധിമുട്ടു ണ്ടാവുകയും ചെയ്യും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊച്ചിൻ യൂണിവേഴ്സിറ്റിയെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജിയുടെ പദവിയിൽ ആക്കുന്നതിന് നടത്തിയ പരിശ്രമ ത്തിന്റെ ഫലമായി ഈ സ്ഥാപനത്തിന് അംഗീകാരം ലഭിക്കുകയുണ്ടായി. ഈ സ്ഥാപനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് വകയിരുത്തിയ ഒരു കോടി രൂപ അപര്യാപ്തമാണ്. കൊച്ചിൻ യൂണിവേഴ്സിറ്റിയെ കേന്ദ്ര യുണിവേഴ് സിറ്റിയാക്കുന്നതിന് എതിരെ ശക്തമായ ലോബിയിംഗ് ആരംഭിച്ചിരിക്കുന്നു. അഖിലേന്ത്യാ തലത്തിൽ കടുത്ത മത്സരം നേരിട്ടശേഷമാണ് ഈ സ്ഥാപന ത്തിന് അംഗീകാരം ലഭിച്ചത്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിനു മുമ്പാകെ സംസ്ഥാന ഗവൺമെന്റ് വച്ചിട്ടുള്ള ഉപാധികൾ പുന:പരിശോധി ക്കണം. ഈ ഉപാധികളിൽനിന്നും സംസ്ഥാന ഗവൺമെന്റിനെ പിന്തിരിപ്പി ക്കുന്നതിനും കൊച്ചിൻ യൂണിവേഴ്സിറ്റിയെ വിശ്വോത്തര യൂണിവേഴ്സിറ്റി യാക്കി മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ധനകാര്യ വകുപ്പുമന്ത്രി മുൻകൈയെടുക്കണം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നതിനുള്ള കേന്ദ്ര നിയമത്തെ എതിർക്കുന്ന നിലപാടിൽ മാറ്റം വരുത്തണം. ന്യൂനപക്ഷങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന അവകാശം ലംഘിക്കുവാൻ ആരെയും അനുവദിക്കാൻ പാടില്ല. നിരവധി കർഷകർ ആത്മഹത്യ ചെയ്യുന്ന സാഹചര്യത്തിൽ കൃഷിക്ക് ബഡ്ജറ്റിൽ

വകകൊള്ളിച്ചിട്ടുള്ള തുക വിനിയോഗിക്കാതെ വക മാറ്റി ചെലവഴിക്കുന്നത് നീതിക്ക് നിരക്കാത്തതാണ്.

ശ്രീ. കെ. രാജു: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാധാരണ ജനവിഭാഗങ്ങൾക്ക് ഉതകുന്ന തരത്തിൽ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടി 31 ഡിമാന്റുകളിലായി 481 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകൾ അവതരിപ്പിച്ചിട്ടുള്ളത് അംഗീകരിച്ചു കൊടുക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. ഇതിൽ 119 കോടിയോളം രൂപ കാർഷിക മേഖലയ്ക്കു വേണ്ടിയാണ് വകയിരുത്തിയിട്ടുള്ളത്. 2006–ലെ കാർഷിക കടാശ്വാസ കമ്മീഷൻ ബിൽ നിയമമായി വരുമ്പോൾ അത് നടപ്പിലാക്കുന്നതിന് സാമ്പത്തിക ബാദ്ധ്യത വേണ്ടിവരുന്നതാണ്. എൻഡോസൾഫാൻ ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്കും കാർഷിക കടംമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ ആശ്രിതർക്കും അര ലക്ഷം രൂപ വീതം നല്കുകയും ഒരു ലക്ഷം രൂപവരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിന് സത്വരമായ നടപടികൾ സ്വീകരിക്കുകയും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 3 ശതമാനത്തോളം പലിശ കുറയ്ക്കുകയും ചെയ്തത് സ്വാഗതാർഹമാണ്.. കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക പാക്കേജ് പദ്ധതിയിൽ കൂടുതൽ ജില്ലകളെ ഉൾപ്പെടുത്തണമെന്ന ആവശ്യം അംഗീകരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം നികുതി വരുമാനത്തിൽ ഏറെ വർദ്ധനവുണ്ടായിട്ടുണ്ട്. നികുതി വെട്ടിപ്പ് തടയുന്നതിന് കർശന നിർദ്ദേശം നല്കിയിട്ടുള്ളത് അഭിനന്ദനാർഹ മാണ്. അംഗൻവാടി ടീച്ചർമാരുടെ പ്രതിമാസ അലവൻസിൽ വരുത്തിയ 150 രൂപയുടെ വർദ്ധനവ് ഹെൽപ്പർമാർക്കും വർക്കർമാർക്കും അനുവദിക്കണം. ലൈബ്രറി കൗൺസിലിന്റെ ആസ്ഥാന മന്ദിരം പണിയുന്നതിന് സ്റ്റേറ്റ് പബ്ലിക്

ലൈബ്രറി കോംപൗണ്ടിന് പുറകുവശത്തുള്ള 20 സെന്റ് സ്ഥലം അനുവദിച്ചു കൊണ്ടുള്ള മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഓർഡർ യു.ഡി.എഫ്. ഗവൺമെന്റ് ക്യാൻസൽ ചെയ്തത് പുന:സ്ഥാപിക്കുകയും സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് നല്കിക്കൊണ്ടിരുന്ന ഗ്രാന്റ് വർദ്ധിപ്പിക്കുകയും ചെയ്യണം.

<u>ശ്രീ. കെ.എം. മാണി:</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. 481 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് ഇന്ന് സഭ മുമ്പാകെ കൊണ്ടുവന്നിട്ടുള്ളത്. മനുഷ്യന്റെ ജീവനും സ്വത്തിനും പരിരക്ഷ നല്കാത്ത ഗവൺമെന്റിന് അധികം തുക ചോദിക്കുവാൻ യാതൊരവകാശവുമില്ല. സംസ്ഥാനത്ത് കള്ള നോട്ടുകൾ വ്യാപകമാകുന്നതോടെ കറൻസിയുടെ ക്രെഡിബിലിറ്റി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. മാഫിയകളും ഗുണ്ടകളും വിഹരിക്കുന്നതുമൂലം നാടിന്റെ സ്ഥിതി തന്നെ വളരെ മോശമായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ ഗവൺമെന്റ് ഗുണ്ടകളെ നിയന്ത്രിക്കുന്നതിന് ഓർഡിനൻസിലൂടെ നിയമം കൊണ്ടുവന്നുവെങ്കിലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ ഓർഡിനൻസ് റീപ്ളേസ് ചെയ്യുന്നതിനുള്ള ബിൽ കൊണ്ടുവരുന്നതിനുപകരം അത് ലാപ്സാക്കുകയാണുണ്ടായത്. ഗവണ്മെന്റ് പ്രതിയായ കേസിൽ അഡ്വക്കേറ്റ് ജനറലും ഗവണ്മെന്റ് പ്ളീഡറും ഹാജരാകാതെ മന:പ്പൂർവ്വം കേസുകൾ തോറ്റുകൊടുക്കുകയും എതിർകക്ഷിക്ക് അനുകൂലമായ അഫിഡവിറ്റുകൾ എഴുതിക്കൊടുക്കുകയും ചെയ്യുന്നു. മുല്ലപ്പെരിയാർ പ്രശ്നം തമിഴ്നാട് വെള്ളം ചോർത്തുന്നതുമായി ബന്ധപ്പെട്ട വിഷയമല്ല എന്നുപറഞ്ഞ് അതിനെ ലഘുവായി കാണുന്നത് ശരിയല്ല. ചെമ്പകവല്ലി റിസർവോയറിൽനിന്നും അധികജലം കടത്തിക്കൊണ്ടുപോകുന്നതിന് തമിഴ്നാട് നടത്തിയിട്ടുള്ള ശ്രമങ്ങളെ പ്രതിരോധിക്കാൻ ഈ ഗവണ്മെന്റിനു കഴിഞ്ഞിട്ടില്ല. ഈ റിസർവോയർ പുതുക്കിപ്പണിത് മുല്ലപ്പെരി

യാറിലെ ജലം കടത്തുന്നതിനുള്ള ശ്രമം തമിഴ്നാട് നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനുവേണ്ടി തമിഴ്നാട് ഗവണ്മെന്റ് ഒരു സൊസൈറ്റിയെക്കൊണ്ട് മദ്രാസ് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുന്നു അഡ്വക്കേറ്റ് ജനറൽ കേസിന് ഹാജരാകണമെന്ന് യു.ഡി.എഫ്. ഗവണ്മെന്റ് അന്ന് നിർദ്ദേശിക്കുകയും സീനിയർ ഗവണ്മെന്റ് പ്ളീഡറായി ശ്രീ.സി.കെ. അബ്ദുറഹിമിനെ നിയമിക്കുകയും ചെയ്തുവെങ്കിലും പൊതുതെരഞ്ഞെടുപ്പു വന്നപ്പോൾ അദ്ദേഹം രാജിവച്ചു. അതിനുപകരം ഈ ഗവണ്മെന്റ്, ഈ കേസ് നടത്തുന്നതിന് മറ്റൊരു സീനിയർ ഗവണ്മെന്റ് പ്ളീഡറെ നിയോഗിക്കുകയോ അഡ്വക്കേറ്റ് ജനറൽ ഹാജരാകാൻ നിർദ്ദേശം കൊടുക്കുകയോ ചെയ്യാത്തതിന്റെ ഫലമായി കേസ് എക്സ്പാർട്ടി വിധിയായി. പകരം ഗവണ്മെന്റ് പ്ളീഡറെ എന്തുകൊണ്ട് നിയോഗിച്ചില്ല എന്നും ഹാജരാകാത്ത അഡ്വക്കേറ്റ് ജനറലിനെതിരെ എന്ത് നടപടിയെടുത്തു എന്നും വ്യക്തമാക്കണം. നിയമസഭ പാസ്സാക്കിയ ഒരു നിയമത്തെ മറികടക്കുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ പ്രമേയം വഴി നിയമം ലംഘിക്കുവാൻ കൂട്ടുനിൽക്കുക മാത്രമല്ല നിയമസഭയുടെ അന്തസ്സുതന്നെ ലംഘിച്ചിരിക്കുകയാണ്. മുല്ലപ്പെരിയാറിലെ ജലവിതാനം ഉയർത്തിയാലും ഇല്ലെങ്കിലും തമിഴ്നാടിനു വെള്ളം കിട്ടും. കാരണം അടിയിൽക്കൂടിയുള്ള ടണൽ വഴി തമിഴ്നാട്ടിലേയ്ക്ക് വെള്ളം പോകുന്നു. ജലവിതാനം കൂട്ടിയാൽ ടെയിൽറെയ്സ് വാട്ടർ ഇടുക്കിക്ക് കിട്ടാതെ വരികയും ഇടുക്കിയിലെ വൈദ്യുതി ഉൽപാദനം തടസ്സപ്പെടുകയും അതുവഴി കോടിക്കണക്കിനു രൂപ നഷ്ടപ്പെടുകയും ചെയ്യും. അതുകൊണ്ട് തമിഴ്നാടിന് വെള്ളം കിട്ടാൻ ജലനിരപ്പ് ഉയർത്തണമെന്നു പറയുന്നത് തെറ്റാണ്. ഈ കാര്യം ഗവണ്മെന്റ് അഫിഡവിറ്റിൽ പറഞ്ഞിട്ടില്ല. കഴിഞ്ഞയാഴ്ച സുപ്രീംകോടതിയിൽ കേസ്

വന്നിട്ട് കേരള ഗവണ്മെന്റ് വക്കീലിന് ഇൻസ്ട്രക്ഷൻ കൊടുക്കുകയോ ഉദ്യോഗസ്ഥർ ഹാജരാകുകയോ ചെയ്തില്ല. കേരളത്തിന്റെ പൊതുതാൽപര്യങ്ങൾ ഉൾക്കൊള്ളുന്ന അഫിഡവിറ്റുകൾ നോക്കിയശേഷം അഡ്വക്കേറ്റ് ജനറലിനേയും ഗവണ്മെന്റ് പ്ളീഡറേയും വിളിച്ച് മോണിറ്റർ ചെയ്യേണ്ടതിനു പകരം വളരെ ലാഘവബുദ്ധിയോടുകൂടിയാണ് ഇത് കൈകാര്യം ചെയ്തിട്ടുള്ളത്. ഈയിടെയുണ്ടായ ഭൂചലന ഭീഷണിക്കെതിരെ ഡിസാസ്റ്റർ മാനേജ്മെന്റ് നിയമമനുസരിച്ചുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇരു സംസ്ഥാനങ്ങളും തമ്മിൽ ചർച്ചചെയ്ത് മുല്ലപ്പെരിയാർ തർക്കം അവസാനിപ്പിക്കണമെന്ന സുപ്രീംകോടതിയുടെ ഡയറക്ഷൻ അനുസരിച്ചാണ് തമിഴ്നാട് ഇപ്പോൾ ചർച്ചയ്ക്കുവന്നിരിക്കുന്നത്. അല്ലാതെ നെയ്യാർ ഡാമിൽനിന്നും വെള്ളം കൊടുക്കാൻ തീരുമാനമെടുത്തതുകൊണ്ടല്ല. ഇതുസംബന്ധിച്ച് ഒരു സർവ്വകക്ഷി യോഗം വിളിക്കാനോ പൊതുമുതൽ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കാനോ തയ്യാറാകാത്ത ഒരു ഗവണ്മെന്റിന് 481 കോടി രൂപ അധിക ഗ്രാന്റ് ചോദിക്കാൻ തന്നെ അവകാശമില്ല.

<u>ശ്രീ.കെ.പി.മോഹനൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള ഓരോ കാര്യവും ഈ ഗവണ്മെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കർഷകരെ സഹായിക്കുന്നതിനാണ് ഈ ഗവണ്മെന്റ് ഏറ്റവും കൂടുതൽ ഊന്നൽ കൊടുക്കുന്നത്. ഇവിടെ അവതരിപ്പിക്കാൻ പോകുന്ന കർഷക കടാശ്വാസ കമ്മിഷൻ ബിൽ കർഷകർക്ക് വളരെ ആശ്വാസകരമായിരിക്കും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുകയും ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങൾക്ക് സഹായകരമായ നടപടികൾ സ്വീകരിക്കുകയും കാർഷിക കടത്തിന് മോറൊട്ടോറിയം പ്രഖ്യാപിക്കുകയും ജപ്തി നടപടികൾ നിർത്തി

വയ്ക്കുകയും കാർഷിക കടങ്ങളുടെ പലിശ കുറയ്ക്കുകയും ചെയ്തു. എൻഡോസൾഫാൻ കീടനാശിനിയുടെ ഉപയോഗംമൂലം വികലാംഗരായ വർക്ക് നടക്കാനുള്ള ഉപകരണങ്ങൾ നൽകുമെന്ന് ഗവൺമെന്റ് പ്രസ്താവിച്ചിട്ടുണ്ട്. കച്ചവടസ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന പാവപ്പെട്ട തൊഴിലാളികളെ രക്ഷിക്കാൻ സേവന–വേതന വ്യവസ്ഥകൾ നിജപ്പെടുത്തി. സംസ്ഥാനത്ത് ഇനിയും കൂടുതൽ ജലവിതരണ പദ്ധതികൾ ആവശ്യമാണ്. തോടുകളുടെയും പുഴകളുടെയും സംരക്ഷണത്തിനു നിയമം കൊണ്ടുവരണം. മൽസ്യത്തൊഴിലാളികൾ താമസിക്കുന്ന കായലോരങ്ങളിൽ ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് കൂടുതൽ തുക വകയിരുത്തണം .കഴിഞ്ഞ മാസം നടന്നതുപോലുള്ള ശുചീകരണ യജ്ഞപരിപാടികൾ വഴി ശുചിത്വത്തിന്റെ കാര്യത്തിൽ ജനങ്ങളെ കുറച്ചുകൂടി ബോധവാന്മാരാക്കണം. പെപ്സിക്കോള നിരോധിക്കാൻ നടപടി സ്വീകരിക്കണം. ലൈബ്രറി സെസ്സ് ഗ്രന്ഥശാലകൾക്കുതന്നെ ലഭ്യമാക്കുകയും ഗ്രന്ഥശാലകൾക്കായി കൂടുതൽ പണം നീക്കിവയ്ക്കുകയും ചെയ്യണം.

ശ്രീ.പി.ജെ.ജോസഫ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിമാനത്താവളങ്ങളും റോഡുകളും റെയിൽവേയും ശുചിത്വവും ഗുണനിലവാരമുള്ള താമസസൗകര്യങ്ങളും ടൂറിസത്തിന്റെ പ്രധാന ഘടകങ്ങളാണ്. സംസ്ഥാനത്ത് ഗുണനിലവാരമുള്ള റോഡുകൾ ഉണ്ടാകണം. എ.ഡി.ബി. സഹായത്തോടുകൂടി ചേർത്തല മുതൽ അങ്കമാലി വരെ 4 വരിപ്പാത നിർമ്മിച്ചു. കെ.എസ്.ടി.പി. റോഡുകളുടെ കാര്യത്തിൽ, വേൾഡ് ബാങ്ക് സ്കീമിൽ 9 സംസ്ഥാനങ്ങൾ മൽസരിച്ചതിൽ അനുമതി കിട്ടിയ രണ്ട് സംസ്ഥാനങ്ങളിൽ ഒന്ന് കേരളമാണ്. 1612 കോടി രൂപ കേരളത്തിന് അനുവദിച്ചുകിട്ടി. 2001–ൽ തുക അനുവദിച്ചുകിട്ടിയ റോഡിന് പല ഭാഗത്തും ഫോർ വൺ നോട്ടിഫി

ക്കേഷൻ ഇറക്കിയത് 2004–ലാണ്. 2005–ൽ പൂർത്തിയാകേണ്ട ആദ്യത്തെ പണി. പൂർത്തിയാകാത്തതുകൊണ്ട് 532 കോടി രൂപ അധികച്ചെലവ് വന്നു. ലാൻഡ് അക്വിസിഷൻ നടപടികൾ താമസിപ്പിച്ചതുകൊണ്ട് ഈ ഗവണ്മെന്റിന് അധികഭാരം താങ്ങേണ്ടിവന്നു. ഈ കാര്യം വേൾഡ് ബാങ്കുമായി ചർച്ച ചെയ്തിന്റെഫലമായി അഡീഷണൽ ലോൺ അനുവദിക്കാമെന്ന് അറിയിച്ചി ട്ടുണ്ട്.. കോൺട്രാക്ടേഴ്സിന്റെ ഭാഗത്തും കുഴപ്പമുണ്ട്. അഞ്ച് കൊല്ലത്തി ലൊരിക്കൽ റോഡ് റീടാർ ചെയ്തില്ലെങ്കിൽ മുഴുവൻ റോഡുകളും നാശമാകും. അതിനാൽ റിന്യൂവൽ പ്രോഗ്രാം എല്ലാ അഞ്ച് വർഷം കൂടുമ്പോഴും നടത്തുന്നതിനുവേണ്ടി തുക മാറ്റിവയ്ക്കണം. സാധാരണ മെയിന്റനൻസിൽ ഈ തുക ഉൾപ്പെടുത്താൻ പാടില്ല. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ടാർ വാങ്ങിയ ഇനത്തിൽ 100 കോടി രൂപയായിരുന്നു കുടിശ്ശികയുണ്ടായിരുന്നത്. ശബരിമല റോഡ് മുഴുവൻ റിന്യൂവൽ പ്രോഗ്രാമിൽപ്പെടുത്തി പുതുക്കിപ്പണിയണം. കണ്ടെയ്നർ ടെർമിനലൊക്കെ വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ റോഡുകൾക്ക് ഒരു നെറ്റ് വർക്ക് ആവശ്യമാണ്. ദീർഘവീക്ഷണത്തോടുകൂടി പ്രസിഡന്റ് പറഞ്ഞകാര്യംകൂടി കണക്കിലെടുത്തുകൊണ്ട് ഒരു പ്രോഗ്രാം തയ്യാറാക്കി ഡെവലപ്മെന്റ് ഓറിയന്റഡായിട്ടുള്ള സമീപനം സ്വീകരിക്കണം.

<u>ശ്രീ. തോമസ് ചാണ്ടി</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ലോക ത്തിൽ ഏറ്റവും കുറഞ്ഞ ചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുള്ള സംസ്ഥാനത്ത് വൈദ്യുത ബോർഡിന് നഷ്ടം വരുന്നുവെന്നാണ് പറയുന്നത്. ജനറേഷൻ, ട്രാൻസ്മിഷൻ എന്നിവയെ ഗവണ്മെന്റിന്റെ ഭാഗത്ത് നിർത്തിക്കൊണ്ട് ഡിസ്ട്രിബ്യൂഷൻ പ്രൈവറ്റൈസ് ചെയ്യുകയോ സമാന്തരമായ ഏതെങ്കിലും വഴി

കണ്ടുപിടിക്കുകയോ ചെയ്യണം. പബ്ളിക് യൂട്ടിലിറ്റി സർവ്വീസായ കെ.എസ്.ഇ.ബി., ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്നിവയിൽ യൂണിയനുകളുടെ അതിപ്രസരമാണ്. ഇലക്ട്രിസിറ്റി ബോർഡ്, ട്രാൻസ് പോർട്ട് കോർപ്പറേഷൻ തുടങ്ങിയവ നഷ്ടമില്ലാതെ ഓടിക്കത്തക്ക രീതിയിലുള്ള മാർഗ്ഗം കണ്ടുപിടിക്കണം. എല്ലാ മാസവും 1-ാം തീയതി ഫൈവ് സ്റ്റാർ ഹോട്ടലുകളിൽപ്പോലും വൈൻ, ബിയർ തുടങ്ങിയവ നൽകാത്ത സാഹചര്യമുണ്ടായത് ടൂറിസത്തിന്റെ വരുമാനത്തെ ബാധിക്കുന്നു. സംസ്ഥാനത്തിന്റെ വികസനത്തിന് അടിയന്തിര പ്രാധാന്യം കൊടുക്കണം. സംസ്ഥാനത്ത് വീതിയുള്ള ക്രോസ് കൗണ്ടിംഗ് ഹൈവേ ഉണ്ടായില്ലാ യെങ്കിൽ വരും തലമുറയോട് സമാധാനം പറയേണ്ടിവരും. കാസർഗോഡ് മുതൽ കന്യാകുമാരിവരെ വീതിയുള്ള നല്ല റോഡുകൾ ഉണ്ടാകണം.

<u>ശ്രീ. എ. എ. അസീസ്</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധി പരിഹരിച്ചുകൊണ്ട് ജനങ്ങൾക്ക് പരമാവധി സമാധാനം നൽകണമെന്നുള്ളതാണ് ഗവണ്മെന്റിന്റെ നയം. യു.ഡി.എഫ് ഗവണ്മെന്റ് ഖജനാവ് കാലിയാക്കി കൂടുതൽ കടം വരുത്തിയിട്ടാണ് ഭരണത്തിൽനിന്നും പോയത്. 2002-2003 ഒഴികെ മറ്റെല്ലാ വർഷങ്ങളിലും പദ്ധതി വിഹിതം വെട്ടിക്കുറച്ചു. നിയമസഭ അംഗീകരിച്ച പദ്ധതി അടങ്കലിന്റെ 75 ശതമാനം മാത്രം ചെലവാക്കിയിട്ടാണ് അവസാന വർഷം ട്രഷറിയിൽ 147 കോടി രൂപ മിച്ചമുണ്ടാക്കി എന്ന അവകാശവാദം ഉന്നയിക്കുന്നത്. കരാറുകാർക്ക് 1,200 കോടി രൂപയും ക്ഷേമ പദ്ധതികൾക്ക് 200 കോടിയിലേറെ രൂപയും കുടിശ്ശിക വരുത്തി. പരമ്പരാഗത വ്യവസായ മേഖലയ്ക്ക് ഉണർവ്വ് നൽകിയ ഈ ഗവണ്മെന്റ് കയർ വ്യവസായ മേഖലാ പുന:സംഘടന പദ്ധതിക്ക് 26 കോടി രൂപ അനുവദിച്ചു. ബഡ്ജറ്റിൽ വകയിരുത്തിയതു

കൂടാതെ കശുവണ്ടി വ്യവസായത്തിന് 15 കോടി രൂപ അധികമായി വകയിരുത്തി. ബാങ്കുകളിൽ അടയ്ക്കാനുള്ള മുൻ വായ്പകൾക്ക് 20 കോടിരൂപ അധികം ഉൾപ്പെടുത്തി. കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികൾക്ക് ഗ്രാറ്റ്യുവിറ്റി നൽകാൻ കൂടുതൽ തുക അനുവദിക്കണം. പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിന് 40 കോടി രൂപ വകയിരുത്തി. യു.ഡി.എഫ്. ഗവണ്മെന്റ് വൈദ്യുതിച്ചാർജ്ജ് ഇളവ്, മൂന്ന് രൂപയ്ക്ക് ഒരു കിലോ അരി എന്നിവ പ്രഖ്യാപിച്ചിട്ട് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ലായിരുന്നു. സ്വകാര്യ ആശുപത്രി ജീവനക്കാർ, പീടികത്തൊഴിലാളികൾ, ചെറുകിട പ്ളാന്റേഷൻ തൊഴിലാളികൾ, പാഴ്സൽ ജീവനക്കാർ, സ്വർണ്ണത്തൊഴിലാളികൾ, കക്ക വാരൽ തൊഴിലാളികൾ എന്നിവർക്ക് ക്ഷേമപദ്ധതി നടപ്പാക്കുന്നതിന് തുടക്കംകുറിച്ചു. അംഗൻവാടി ടീച്ചർമാരുടേയും ഹെൽപ്പർമാരുടേയും ശമ്പളം വർദ്ധിപ്പിക്കുകയും സംസ്ഥാനത്ത് 3,185 അംഗൻവാടികൾ പുതിയതായി അനുവദിക്കുകയും ചെയ്തു. ഐ.ആർ.ഡി.പി. ജില്ലാ പഞ്ചായത്തിൽ ലയിപ്പിക്കുകയും അടച്ചിട്ട ഫാക്ടറികൾ തുറന്നതിലൂടെ പതിനായിരത്തോളം തൊഴിലാളികൾക്ക് പുതിയ തൊഴിലവസരങ്ങൾ നൽകുകയും സഹകരണ മേഖലയിലെ അഴിമതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു. വിദ്യാഭ്യാസ കച്ചവടം നിർത്താലാക്കുന്നതിന് നടപടി സ്വീകരിക്കുകയും ആദിവാസി കൾക്കും മൽസ്യത്തൊഴിലാളികൾക്കും തല ചായ്ക്കാൻ ഇടം നൽകുന്ന പദ്ധതികൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മാർച്ച് 31-നകം ചെലവഴിച്ചു തീരാത്ത മുഴുവൻ തുകയും ഗ്രാന്റുകളും ലാപ്സാകുമെന്ന നിബന്ധന പിൻവലിക്കുകയും ഇ.എം.എസ്. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിക്ക് തുടക്കം കുറിക്കുകയും

ചെയ്തു. എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ അഴിമതി നടന്നിട്ടില്ലായെന്നാണ് ജസ്റ്റീസ് മുരളീധരൻ കമ്മിഷന്റെ കണ്ടെത്തൽ.

ശ്രീ.എ.കെ.ശശീന്ദ്രൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ധനസ്ഥിതിയുടെ യഥാർത്ഥ രൂപം കണക്കിലെടുത്ത് അത്യാവശ്യ ചെലവുകൾ ബുദ്ധിമുട്ടില്ലാതെ നടത്തിക്കൊണ്ടുപോകുന്ന നല്ലൊരു ധനകാര്യ മാനേജ്മെന്റാണ് സംസ്ഥാനത്തുള്ളത്. മാരകമായ ചിക്കുൻ ഗുനിയ ഉൾപ്പെടെയുള്ള രോഗനിവാരണത്തിന് പണം തടസ്സമായി നിന്നില്ല. കമ്മി നികത്തുന്നതിന് പ്രത്യേകമായ നികുതി നിർദ്ദേശങ്ങളൊന്നും പുതുക്കിയ ബഡ്ജറ്റിലില്ല. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിൽ പുരോഗതി കൈവരിക്കാൻ സാധിച്ചത് പ്രതീക്ഷയ്ക്ക് വക നൽകുന്നു. അനുവദിക്കുന്ന പണം ചെലവഴിക്കാൻ ഉൽസാഹം കാണിക്കുന്ന വകുപ്പുകൾക്ക് കൂടുതൽ തുക കൊടുക്കാൻ കഴിയുന്ന തരത്തിൽ റീ–അറേഞ്ച് ചെയ്യാൻ കഴിയുമോയെന്ന് പരിശോധിക്കണം. ഖാദി സംഘങ്ങളിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് പിരിഞ്ഞുപോകുമ്പോൾ എന്തെങ്കിലും സഹായം ലഭ്യമാക്കുന്നതിന് അവരുടെ സംഘടനകളുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കണം. ക്ളീൻ കേരള പരിപാടി, ഖര മാലിന്യ സംസ്ക്കരണം എന്നിവ ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയാണെന്ന കാഴ്ചപ്പാടിൽ മാറ്റം വരുത്തണം. സ്കൂളുകളിൽ മാലിന്യ സംസ്ക്കരണത്തിന് ചെറിയ പ്രോജക്ടുകൾ ആരംഭിച്ച് ശുചിത്വമുള്ള കേരളമാക്കി സംസ്ഥാനത്തെ മാറ്റണം. വരും തലമുറയെ ശുചിത്വ കേരളത്തിന്റെ സന്ദേശവാഹകരാക്കി മാറ്റുന്നതിന് പദ്ധതികളുണ്ടാക്കുകയും ആവശ്യമായ പണം വകയിരുത്തുകയും ചെയ്യണം.

<u>ശ്രീ.എം.എം.മോനായി</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്രത്തിന്റെ തെറ്റായ നയങ്ങളുടെ ഇരയായിട്ടാണ് സംസ്ഥാനങ്ങൾ മാറുന്നത്. മുൻ സർക്കാർ സിവിൽ സപ്ളൈസ് കോർപ്പറേഷനെ നഷ്ടത്തിലാക്കി. യു.ഡി.എഫ്. ഗവൺമെന്റ് ജനങ്ങളോട് ഉത്തരവാദിത്വമില്ലാത്ത സമീപനമായിരുന്നു സ്വീകരിച്ചിരുന്നത്. ആ കാലഘട്ടത്തിൽ നിരവധി റോഡുകൾ തകർന്ന നിലയിലും നിരവധി ആശുപത്രികളിൽ ഡോക്ടർമാരില്ലാത്ത അവസ്ഥയുമായിരുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലമായി യു.ഡി.എഫ്. തുടർന്നുവന്ന നയങ്ങളുടെ കെടുതികളാണ് കേരളത്തിലെ ജനങ്ങൾ ഇന്ന് അനുഭവിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കെടുകാര്യസ്ഥത മൂലം പടർന്നുപിടിക്കാൻ ഇടയായ ചിക്കുൻ ഗുനിയപോലുള്ള പകർച്ചവ്യാധികളിൽനിന്ന് കേരളത്തെ മോചിപ്പിക്കുന്നതിനാണ് ഉപധനാഭ്യർത്ഥന അവതരിപ്പിച്ചിട്ടുള്ളത്. നികുതി പിരിവിൽ വിട്ടുവീഴ്ച ചെയ്യാതെ, കുത്തഴിഞ്ഞ സാമ്പത്തിക വ്യവസ്ഥയെ നേരെയാക്കാനാണ് ധനകാര്യ വകുപ്പ് ഇപ്പോൾ ശ്രമിക്കുന്നത്. അതിന്റെ ഭാഗമായി നിരവധി പദ്ധതികൾ കൊണ്ടുവന്നിട്ടുണ്ട്. കേരളത്തിന്റെ വികസനത്തിന് ഈ ഉപധനാഭ്യർത്ഥനകൾ പര്യാപ്തമാകുമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. കഴിഞ്ഞ അഞ്ചുവർഷം നിരവധി മേഖലകളിൽ നടന്നിട്ടുള്ള കെടുകാര്യസ്ഥത അവസാനിപ്പിക്കാൻവേണ്ടിയുള്ള ധീരമായ പരിശ്രമമാണ് ഈ സർക്കാർ നടത്തുന്നത്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിന്റെ ഭാവി ശോഭനമാക്കാൻ ഗവൺമെന്റ് ശ്രമിക്കുമ്പോൾ പ്രതിപക്ഷം ബഡ്ജറ്റിലെ നയവൈകല്യങ്ങളെ എത്ര പർവ്വതീകരിക്കാൻ ശ്രമിച്ചാലും സത്യം ജനങ്ങൾ മനസ്സിലാക്കും. കേരളത്തിന്റെ സാംസ്ക്കാരിക തനിമ ഇല്ലാതാക്കുകയാണ് കഴിഞ്ഞ സർക്കാർ ചെയ്തത്. അത് നിലനിർത്തിക്കൊണ്ടുള്ള സാംസ്ക്കാരിക നയത്തിനാണ്

ഈ ഗവൺമെന്റ് രൂപം കൊടുത്തിരിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷത്തെ നയസമീപനത്തിന്റെ ഫലമായി ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായതിൽനിന്നും വ്യത്യസ്തമായ നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ടൂറിസം രംഗത്ത് കേരളത്തിന്റെ തനിമ നിലനിർത്തിക്കൊണ്ടുള്ള ഒരു നയമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അതിനനുസരിച്ച് പുതിയ പദ്ധതികൾ ഈ രംഗത്ത് കൊണ്ടുവരികയാണ്. മുല്ലപ്പെരിയാർ പ്രശ്നത്തിൽ തമിഴ്നാട് ഗവൺമെന്റ് ചർച്ചയ്ക്ക് സന്നദ്ധമാണെന്ന് അറിയിച്ചതുതന്നെ കേരള ഗവൺമെന്റ് ധീരമായ ചില നടപടികൾ എടുത്തതുകൊണ്ടാണ്. സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്ന ഗവൺമെന്റാണിത്. വ്യക്തമായ ദിശാബോധത്തോടുകൂടി സാധാരണക്കാരുടെ താൽപര്യം സംരക്ഷിക്കുന്ന നയസമീപനമാണ് ഉപധനാഭ്യർത്ഥനകളിലുള്ളത്.

<u>ശ്രീ.പി.ടി.എ. റഹീം</u> : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് റംസാൻ പ്രമാണിച്ച് സർക്കാർ ജീവനക്കാർക്കും പൊതുമേഖലാ സ്ഥാപനങ്ങളിലുള്ളവർക്കും മുൻകൂർ ശമ്പളം നൽകിയത്. ഇത് സംസ്ഥാനത്തിന്റെ മെച്ചപ്പെട്ട ഫൈനാൻഷ്യൽ മാനേജുമെന്റിനെയാണ് സൂചിപ്പിക്കുന്നത്. മാത്രമല്ല സർക്കാർ ജീവനക്കാർക്ക് രണ്ട് ദിവസത്തെ അവധിയും നൽകി. ചിക്കുൻ ഗുനിയയെ സംബന്ധിച്ച് നേരത്തെതന്നെ അറിവ് ലഭിച്ചിട്ടും ഒരു നടപടിയും സ്വീകരിക്കാൻ മുൻ ഗവൺമെന്റ് തയ്യാറാകാതിരുന്നതുകൊണ്ടാണ് ഈ രോഗം ഇത്രയും ആളുകൾക്ക് പടർന്നുപിടിക്കാൻ ഇടയായത്. സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളെ സഹായിക്കാനാണ് യു.ഡി.എഫ്.ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയുടെ പിന്നാലെ പോകുന്നത്. യഥാർത്ഥ വസ്തുതകൾ

മനസ്സിലാക്കി സർക്കാരിന്റെ നയങ്ങളോടോപ്പം നിൽക്കാൻ പ്രതിപക്ഷം തയ്യാറാകണം.

ശ്രീ.എ.സി.മൊയ്തീൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വലിയ സാമ്പത്തിക പ്രതിസന്ധിക്കിടയിൽ പുതിയ നികുതികൾ ഏർപ്പെടുത്താതെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തി പണം കണ്ടെത്താനാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രമിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയസമീപനംമൂലമാണ് സംസ്ഥാനങ്ങൾ കടക്കെണിയിലാകുന്നത്. സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി മാത്രമേ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കടം വാങ്ങിയിരുന്നുള്ളു; വാങ്ങിയ തുക സമഗ്രമായ വികസനത്തിന് വിനിയോഗിച്ചതിന്റെ ഫലമായി വൈദ്യുതി രംഗത്ത് കേരളത്തെ മിച്ച സംസ്ഥാനമാക്കി മാറ്റാൻ സാധിച്ചു. ഇതിൽനിന്നും വ്യത്യസ്തമായ സമീപനം യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചതിനെയാണ് ഈ ഗവൺമെന്റ് തിരുത്തിയത്. കഴിഞ്ഞ സർക്കാർ കൂടുതൽ തുക കടമെടുത്ത് നാടിന്റെ വികസനത്തിന് ഉപയോഗിക്കാതെ ധൂർത്തടിക്കുകയും സംസ്ഥാനത്തെ കടക്കെണിയിലാക്കുകയും ചെയ്തു. പദ്ധതികൾ പ്രഖ്യാപിക്കലും അനുവദിച്ച തുക വെട്ടിക്കുറയ്ക്കലുമാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായത്. ഇതുമൂലം ഏറ്റവും കൂടുതൽ ദുരിതമനുഭവിച്ചത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. പഞ്ചായത്തിന്റെ ഓൺ ഫണ്ടുപോലും മരവിപ്പിച്ചു. പി.ഡബ്ള്യു.ഡി. കോൺട്രാക്ടർമാർക്കും മറ്റ് നിരവധി മേഖലയിൽപ്പെട്ടവർക്കും കുടിശ്ശിക കൊടുത്തുതീർക്കാനുണ്ടായിരുന്നു. അന്ന് നികുതി പിരിക്കുന്നതിന് ശക്തമായ നിലപാട് സ്വീകരിക്കാതെ നികുതിവെട്ടിപ്പുകാർക്കും കരിഞ്ചന്തക്കാർക്കും സൗകര്യമുണ്ടാക്കിക്കൊടുത്തു. ഈ ഗവൺമെന്റ് നികുതി വെട്ടിപ്പ് തടയുന്നതിന് ശക്തമായ

നിലപാട് സ്വീകരിച്ചു. നികുതിയേതര വരുമാനത്തിൽ ഏറ്റവും കൂടുതൽ സംഭാവന നൽകുന്ന വനമേഖലയിൽ കഴിഞ്ഞകാലത്തുണ്ടായത് ഗുരുതരമായ അഴിമതികളാണ്. 1500-ൽപ്പരം കോടി രൂപയുടെ ചന്ദനമരമാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അനധികൃതമായി മുറിച്ചത്. ഖജനാവിലേയ്ക്ക് വരേണ്ട തുക ഈ രീതിയിൽ പാഴായിപോവുകയായിരുന്നു. നികുതി പിരിക്കാതെ സംസ്ഥാനത്തിന്റെ സമ്പത്ത് മാഫിയകൾക്ക് കൊള്ളയടിക്കാൻ സൗകര്യമൊരുക്കുകയായിരുന്നു. ഈ ഉപധനാഭ്യർത്ഥനകളിലൂടെ നിരവധി മേഖലകളുടെ പുനരുദ്ധാരണത്തിന് തുക വകകൊള്ളിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്തെ പൊതുജനാരോഗ്യ രംഗത്തെ സ്ഥിതി മോശമായിരുന്നു. ആരോഗ്യ വകുപ്പുമന്ത്രിയുടെ ഇടപെടലിന്റെ ഭാഗമായി നബാർഡിന്റെയും മറ്റും സഹായം ഉപയോഗിച്ച് തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകളിൽ പുതിയ വികസന പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ സി.ടി. സ്കാനർ ഇല്ലാത്തതു കാരണം മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായിരുന്നു. അവിടെ സി.ടി. സ്കാനർ സ്ഥാപിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. മെഡിക്കൽ കോളേജിൽ 50 സീറ്റ് അനുവദിച്ചു കിട്ടിയതിൽ പഠന സൗകര്യം ഏർപ്പെടുത്തുന്നതിന് 50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കേന്ദ്ര നയംമൂലമാണ് കേരളത്തിലെ കാർഷിക മേഖലയിൽ പ്രതിസന്ധിയുണ്ടായത്. പാക്കേജ് പ്രഖ്യാപനമല്ലാതെ കർഷകർക്ക് ആശ്വാസകരമായ സമീപനമുണ്ടായിട്ടില്ല. കാർഷിക കടാശ്വാസ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ തുക ഈ ഗവൺമെന്റ് നീക്കിവച്ചിട്ടുണ്ട്. കേരളത്തിലെ പരമ്പരാഗത വ്യവസായ

മേഖലയ്ക്ക് കൂടുതൽ തുക അനുവദിച്ചു. സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും പുതിയൊരു മാറ്റത്തിന് തുടക്കം കുറിച്ചുകൊണ്ട് നിത്യദുരിതത്തിൽനിന്ന് ജനങ്ങളെ കരകയറ്റാനുള്ള പ്രത്യാശാഭരിതമായ നിലപാടുകളാണ് എൽ.ഡി.എഫ്. ഗവണ്മെന്റ് സ്വീകരിക്കുന്നത്. കേരളത്തിലെ റെയിൽവേ ഓവർബ്രിഡ്ജുകളുടെ വികസനത്തിനായി രണ്ട് കോടി രൂപ നീക്കിവച്ചതും വടക്കാഞ്ചേരി റെയിൽവേ ഓവർബ്രിഡ്ജിന്റെ പണി ആരംഭിക്കുന്നതിന്റെ ഭാഗമായി റെയിൽവേയ്ക്ക് അടയ്ക്കേണ്ട വിഹിതം അടയ്ക്കാനും ടെണ്ടർ വിളിക്കാനുമുള്ള നടപടികൾ സ്വീകരിച്ചതും അതിനുള്ള സംഖ്യ ഉപധനാഭ്യർത്ഥനയിൽ വകയിരുത്തിയതും സ്വാഗതാർഹമാണ്.

<u>പ്രൊഫ. കെ.വി. തോമസ്:</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഒരു വർഷം 42 ലക്ഷം ടൺ അരി ഉപയോഗിക്കുന്ന കേരളത്തിൽ ഓരോ വർഷവും നെല്ലുൽപ്പാദനം കുറഞ്ഞുവരികയാണ്. കേരളത്തിൽ നെല്ലുൽപ്പാദനം കുറഞ്ഞുവരുന്നതിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷി ക്കണം. വിവിധ മേഖലകളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാൻ സി.പി.ഐ.(എം) തയ്യാറാകണം. കർഷകരെ സഹായിക്കാനായി രൂപീകരിച്ച മാർക്കറ്റിംഗ് ഫെഡറേഷൻ, കേരഫെഡ് തുടങ്ങിയ സ്ഥാപനങ്ങളിലൊന്നും കർഷകരുടെ പ്രതിനിധികൾ ഇല്ല. ഈ സ്ഥാപനങ്ങൾ അഴിമതിയുടെ കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. ഇവയുടെ പ്രവർത്തനങ്ങൾ കർഷകർക്ക് അനുകൂലമായി മാറിയെങ്കിൽ മാത്രമേ കാർഷികമേഖലയിൽ മാറ്റങ്ങളു ണ്ടാക്കാൻ സാധിക്കുകയുള്ളൂ. കർഷകരുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ കേരളത്തിൽ വന്ന കേന്ദ്ര സംഘത്തിനുമുന്നിൽ ബുദ്ധിമുട്ടുകൾ വേണ്ട രീതിയിൽ അവതരിപ്പിക്കാൻ കഴിയാതെ പോയതിന്റെ ഉത്തരവാദി

ആരാണെന്നുള്ളത് കണ്ടെത്തണം. അന്ധമായ കേന്ദ്രവിരോധം സംസ്ഥാന ത്തിന് ഒരിക്കലും ഗുണകരമല്ല. കയർ മേഖലയിൽ സെമി മെക്കനൈസേഷൻ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കണം. ക്ലസ്റ്റർ പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ച 46 കോടി രൂപ വിനിയോഗിച്ച്, കയർ ബോർഡിനെക്കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് ആ പദ്ധതി നടപ്പാക്കണം. കേന്ദ്രത്തിൽനിന്ന് ഇത്തരം പുതിയ പ്രോജക്ടുകൾ നേടിയെടുക്കുന്ന തോടൊപ്പം അവ സമയബന്ധിതമായി നടപ്പിലാക്കാനുള്ള സംവിധാനത്തെ ക്കുറിച്ച് ആലോചിക്കണം. ലോകത്തിന് മുഴുവൻ മാർഗ്ഗദർശിയായ വിധത്തിൽ ടൂറിസം രംഗത്ത് കേരളം മുന്നോട്ടു പോകുകയാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഹെൽത്ത് ടൂറിസം രംഗത്ത് വളരെയധികം മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു. അടുത്ത പത്തു വർഷംകൊണ്ട് ടൂറിസം മേഖലയിൽനിന്നും രണ്ടായിരം കോടി രൂപയുടെ വരുമാനം കേരളത്തിലുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനായി ഇനിയും കൂടുതൽ സംഭാവനകൾ ചെയ്യാൻ കഴിയുന്ന മേഖലയാണ് ടൂറിസം.

<u>ശ്രീ. മുരളി പെരുനെല്ലി:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ 5 വർഷത്തെ യു.ഡി.എഫ്. ഭരണം കേരളത്തിന്റെ സാമ്പത്തിക സ്ഥിതി വഷളാക്കി. കേരളത്തെ സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് രക്ഷിക്കാനുള്ള നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്. ശമ്പളം, പെൻഷൻ, വിവിധ ക്ഷേമ പെൻഷനുകൾ, തൊഴിലില്ലായ്മാവേതനം, പൊതുമേഖലാസ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ബോണസ്, കരാറു കാർക്ക് കഴിഞ്ഞ ഗവൺമെന്റ് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക എന്നീ ഇനങ്ങളിലായി കഴിഞ്ഞ ഓണക്കാലത്ത് അഞ്ച് ദിവസം കൊണ്ട് ഏതാണ്ട്

1300 കോടി രൂപയാണ് ട്രഷറി വഴി വിതരണം ചെയ്തത്. എന്നാൽ പലപ്പോഴും പല തടസ്സവാദങ്ങളുന്നയിച്ച് ജനങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളൊന്നും കൊടുക്കാത്ത നടപടികളാണ് യു.ഡി.എഫ്. ഗവൺമെന്റ് കഴിഞ്ഞ 5 വർഷക്കാലം സ്വീകരിച്ചത്. ധനകമ്മി, റവന്യൂ കമ്മി എന്നിവ കഴിഞ്ഞ അഞ്ചു വർഷക്കാലം കുത്തനെ ഉയരുകയും പലിശ ബാധ്യത ഇരട്ടിയാകുകയും കേന്ദ്രം വായ്പ നിഷേധിക്കുന്ന സ്ഥിതിവിശേഷ മുണ്ടാകുകയുമാണ് ചെയ്തത്. ആ കാലഘട്ടത്തിൽ പൊതുകടം വർദ്ധിച്ചുവെന്നു മാത്രമല്ല ട്രഷറി പൂട്ടാതിരിക്കാൻ മാസംതോറും 500 കോടിയിലേറെ രൂപ കടം വാങ്ങേണ്ടതായും കേന്ദ്ര സഹായം മുൻകൂർ വാങ്ങേണ്ടതായും വന്നു. മാഫിയ സംഘങ്ങൾക്കുവേണ്ടിയുള്ള ഭരണമായിരുന്നു യു.ഡി.എഫ്. ന്റെ കാലത്ത് നടന്നത്. സിവിൽ സപ്ളൈസ് കോർപ്പറേഷനിൽ നടന്ന വൻ അഴിമതികളെക്കുറിച്ച് മുരളീധരൻ കമ്മിഷൻ റിപ്പോർട്ടിൽ പറയുന്നത്, 2001 മുതൽ 2006 വരെയുള്ള യു.ഡി.എഫ്. ഭരണകാലഘട്ടത്തിൽ കോടികളുടെ നഷ്ടമുണ്ടായി എന്നാണ്. കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചും വിവിധ മേഖലകളിൽ നിലനിൽക്കുന്ന അരാജകത്വം അവസാനിപ്പിച്ചും വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങളാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വിൽപ്പന നികുതി ആഫീസിൽ നെറ്റ് വർക്ക് സ്ഥാപിക്കാനായി 5.8 കോടി രൂപ അനുവദിച്ചതും ലക്കി വാറ്റ് പദ്ധതിയിലൂടെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചതും സ്വാഗതാർഹമാണ്. ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ വെറും പ്രഖ്യാപനങ്ങളായി മാറ്റുന്ന യു.ഡി.എഫ്. ഗവണ്മെന്റിന്റെ സമീപനത്തിൽ നിന്ന് വ്യത്യസ്തമായി അവ പ്രാവർത്തികമാക്കാനുള്ള നടപടികളാണ് എൽ.ഡി.എഫ്. ഗവണ്മെന്റ് എടുക്കുന്നത്. അംഗൻവാടി ടീച്ചർമാർക്കുള്ള

ശമ്പള വർദ്ധനവിനായി ഏഴരക്കോടി രൂപ നീക്കിവച്ചു എന്നു മാത്രമല്ല പൊതുമേഖലാസ്ഥാപനങ്ങളെ ശക്തിപ്പെടുത്താനുള്ള നിലപാടുകളും ഈ ഗവണ്മെന്റ് സ്വീകരിച്ചു. കെൽടെക് കമ്പനിയുടെ ലോൺ ഷെയറാക്കി മാറ്റാൻ 7.56 കോടി രൂപ അനുവദിച്ചതും കെൽട്രോൺ, കെ.എസ്.ഡി.പി., കേരളാ സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ, കെ.എസ്.ആർ.ടി.സി, ബാംബൂ കോർപ്പറേഷൻ തുടങ്ങിയ നിരവധി സ്ഥാപനങ്ങളെ പുനരുദ്ധരിക്കാനുള്ള നടപടികൾ സ്വീകരിച്ചതും ഈ ഗവണ്മെന്റാണ്. ലക്ഷം വീടുകളുടെ പുനരുദ്ധാരണത്തിനായി അനുവദിച്ച 76 കോടി രൂപ അപര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിക്കണം. കർഷകർക്ക് സംരക്ഷണം നൽകുന്ന കാർഷിക കടാശ്വാസ കമ്മിഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി 100 കോടി രൂപ മാറ്റിവച്ചത് സ്വാഗതാർഹമാണ്. എസ്.സി./എസ്.ടി. ഫണ്ട്, പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ട് തുടങ്ങിയ വകയിൽ ജനങ്ങൾക്ക് വിതരണം ചെയ്യേണ്ട പണം ചെലവഴിക്കുന്നതിൽ കഴിഞ്ഞ ഗവണ്മെന്റ് ഗുരുതരമായ വീഴ്ചയാണ് വരുത്തിയത്. ആഗോളവൽക്കരണ കാലഘട്ടത്തിൽ കേരളം നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാനും സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനപ്രക്രിയയെ മുന്നോട്ടു നയിക്കാനുമുള്ള പ്രതിബദ്ധതയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പിലാക്കുന്നത്.

<u>ശ്രീമതി കെ.എസ്. സലീഖ:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാർഷിക മേഖലയ്ക്കായി 119.7 കോടി രൂപ നീക്കിവച്ചുകൊണ്ട് കർഷകരോടുള്ള പ്രതിബദ്ധതയാണ് ഈ ഗവണ്മെന്റ് കാണിക്കുന്നത്. സാധാരണക്കാരുടെമേൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കാതെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾക്കാണ് സംസ്ഥാന സർക്കാർ

ഊന്നൽ നൽകിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമ്പോൾത്തന്നെ സാധാരണ ജനവിഭാഗങ്ങൾക്ക് ആശ്വാസം എത്തിക്കാനും പാവപ്പെട്ടവർക്ക് നികുതി ഇളവുകൾ അനുവദിക്കുന്നതോടൊപ്പം സമ്പന്ന വിഭാഗങ്ങളിൽനിന്ന് കൂടുതൽ നികുതി ഈടാക്കാനും നടപടികൾ സ്വീകരിക്കണം. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളുടെ വികസനത്തിനായി കൂടുതൽ പണം വിനിയോഗിച്ചെങ്കിൽ മാത്രമേ സാമൂഹ്യനീതി ഉറപ്പു വരുത്താനും സാമ്പത്തിക വികസനം സാധ്യമാക്കാനും കഴിയുകയുള്ളൂ. ആരോഗ്യ മേഖലയ്ക്ക് 40.3 കോടി രൂപയും വിദ്യാഭ്യാസ മേഖലയ്ക്ക് 24 കോടി രൂപയും പട്ടികജാതി-പട്ടികവർഗ്ഗ-ഗിരിജന വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി 14.5 കോടി രൂപയും മൽസ്യമേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾക്കായി 11.7 കോടി രൂപയും ഗ്രൂപ്പ് ഫാമിംഗ് സംവിധാനത്തിലൂടെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക വിഹിതവും ബഡ്ജറ്റിൽ വകയിരുത്തിയത് സ്വാഗതാർഹമാണ്. ഗ്രാമീണ കർഷകർക്ക് കൂടുതൽ ആശ്വാസം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പ്രാഥമിക സഹകരണസംഘങ്ങൾ വഴി ഗ്രാമീണ ബാങ്കിംഗ് സംവിധാനം പ്രാവർത്തികമാക്കുകയും പരമ്പരാഗത തൊഴിൽ മേഖലയുടെ വികസനം സാധ്യമാക്കുകയും ചെയ്യുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കണം. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതോടൊപ്പം പാഴ്ച്ചെലവുകൾ നിയന്ത്രിക്കാനുള്ള നടപടികളും സ്വീകരിക്കണം. നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതോടൊപ്പം നികുതി വെട്ടിപ്പ് തടയാനുള്ള കർശന നടപടികൾ സ്വീകരിക്കണം.

ഭരണപരമായ കാലതാമസം, ഉദ്യോഗസ്ഥരുടെ അനാസ്ഥ, കാര്യശേഷിയില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു. ആസൂത്രണം ചെയ്യുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കണം. എസ്റ്റിമേറ്റ് തുകയേക്കാൾ ഇരട്ടി തുക പദ്ധതിയുടെ അവസാന ഘട്ടത്തിൽ വിനിയോഗിക്കേണ്ടി വരുന്നതിലൂടെ ഉണ്ടാകുന്ന സാമ്പത്തികച്ചോർച്ച തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനായി ഒരു സാമ്പത്തിക വർഷം പ്രവർത്തന കാലാവധി എന്ന കണക്കുണ്ടാക്കി ഒരു സാമ്പത്തിക കമ്മിഷൻ രൂപീകരിക്കാനും അതിന്റെ പ്രവർത്തനം പരിശോധിക്കാനും അപാകതകളുണ്ടെങ്കിൽ പരിഹരിക്കാനും നടപടി സ്വീകരിക്കണം. ഭരണപരമായ കാലതാമസം നീതിനിഷേധത്തിനും അഴിമതിക്കും ഇടയാക്കുമെന്നതിനാൽ കോടതികളിൽ കേസുകൾ വർദ്ധിക്കുന്നു. 800 കോടിയിലധികം രൂപയുടെ നികുതി കുടിശ്ശിക കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ 6000-ത്തിലധികം കേസുകളാണ് ഹൈക്കോടതിയിൽ നിലവിലുള്ളത്. അനാവശ്യമായി കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം അവരിൽനിന്നും ഈടാക്കുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കണം. കേരളത്തിൽ വമ്പിച്ച വികസന സാധ്യതകളുള്ള ടൂറിസം മേഖലയ്ക്കായി 6.7 കോടി രൂപ വകകൊള്ളിച്ചത് സ്വാഗതാർഹമാണ്. സംസ്ഥാനത്ത് രൂപം കൊള്ളുന്ന മിനി ഹൈഡൽ പ്രോജക്ടുകളോടനുബന്ധിച്ച് വിനോദസഞ്ചാരത്തിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുള്ള ശ്രമം ശ്ലാഘനീയമാണ്. പ്രാദേശിക വിനോദസഞ്ചാര

മേഖലയിലെ പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയാൽ ഗ്രാമീണ തൊഴിൽ സാധ്യത വർദ്ധിക്കുന്നതാണ്. സംസ്ഥാനത്ത് ശുചിത്വപരിപാലനത്തിനുവേണ്ടി ഒരു ശുചിത്വ വകുപ്പ് രൂപീകരിക്കണം. തിരുനാവായിൽ സ്മൃതി ടൂറിസം പദ്ധതി നടപ്പാക്കുന്നത് അഭിനന്ദനാർഹ മാണ്. അതുപോലെ സാംസ്ക്കാരിക-ചരിത്രപരമായ തനിമകൾ പരിപോഷി പ്പിക്കുന്നതിന് എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കണം. ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകളുടെ ഉല്പന്നങ്ങൾക്ക് ആവശ്യമായ വിപണി കണ്ടെത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. വിദ്യാഭ്യാസ സെസ്സ് പിരിച്ചെടുത്ത് പാവപ്പെട്ട വിദ്യാർത്ഥികളെ സഹായിക്കു ന്നതിനുള്ള കർമ്മപരിപാടി ഫലപ്രദമായി ആവിഷ്ക്കരിക്കണം. സ്പെഷ്യൽ സ്ക്കൂൾ പദ്ധതിക്കാവശ്യമായ തുക കണ്ടെത്തണം. കലാ കായിക സാംസ്ക്കാരിക പ്രവർത്തനങ്ങൾക്കായി 24 കോടി രൂപ ധനാഭ്യർത്ഥനയിൽ നീക്കിവച്ചത് അഭിനന്ദനാർഹമാണ്. മുൻ സർക്കാരിന്റെ കെടുകാര്യസ്ഥത കൊണ്ട് തകർന്നടിഞ്ഞ സമ്പദ്വ്യവസ്ഥയ്ക്ക് പുത്തൻഉണർവ്വേകാൻ ഈ സർക്കാരിന്റെ പ്രവർത്തനത്തിന് കഴിഞ്ഞിട്ടുണ്ട്. നികുതി പിരിക്കുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ചാൽ 2000 കോടി രൂപ സംസ്ഥാനത്ത് നികുതിയിനത്തിൽ ലഭ്യമാകും. പ്രാദേശിക വികസനം സാധ്യമാകത്തക്ക രീതിയിൽ ജനകീയാസൂത്രണം നടപ്പിൽ വരുത്തുന്നതിന് അധികാര വികേന്ദ്രീകരണം ത്വരിതപ്പെടുത്തണം. വികസന പ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ നടപ്പിൽ വരുത്താൻ ശ്രദ്ധിക്കണം. നാളികേരാധിഷ്ഠിതമായ പാനീയങ്ങൾ നിർമ്മിക്കുന്നതിനും അവ പ്രചരിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരി ക്കണം. റിസോഴ്സസ് മാപ്പിംഗ് നടത്തി ചെറുകിട വ്യവസായ സംരംഭങ്ങൾ

ആരംഭിക്കണം. സ്ക്കൂൾ സിലബസ്സിൽ റിസോഴ്സസ് മാപ്പിംഗ് ഉൾപ്പെടുത്തണം. സംഘടിതരും അസംഘടിതരുമായ തൊഴിലാളികൾക്ക് ക്ഷേമനിധി ആരംഭിക്കുന്നതിനും പീഡിത വ്യവസായത്തെ സംരക്ഷി ക്കുന്നതിനും പൂട്ടിക്കിടന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തി പ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ സ്വാഗതാർഹമാണ്. സേവനമേഖലയെ സംരക്ഷിക്കാനുള്ള നടപടിയുടെ ഭാഗമായിട്ടാണ് കെ.എസ്.ആർ.ടി.സി.ക്ക് തുക മാറ്റിവച്ചത്. സെൻട്രലി സ്പോൺസേർഡ് പദ്ധതികളെ കാര്യക്ഷമമ ായി പ്രയോജനപ്പെടുത്താനും അത്തരം സ്കീമുകളെ തിരിച്ചറിഞ്ഞ് വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും കഴിയണം. ഭൂപരിഷ്ക്കരണ നിയമം നടപ്പാക്കിയതുപോലെ കാർഷിക കടാശ്വാസ നിയമം കൊണ്ടുവന്ന ഈ സർക്കാർ ചരിത്രത്തിന്റെ ഭാഗമായി മാറുകയാണ് ചെയ്തിട്ടുള്ളത്.

ശ്രീ.പി.തിലോത്തമൻ: ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. സംസ്ഥാന ത്തിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽനിന്നുകൊണ്ട് മഹാഭൂരിപക്ഷം ജനങ്ങളുടെ താല്പര്യം സംരക്ഷിക്കുന്നതിനുള്ള നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ഭരണച്ചെലവും നിത്യനിദാനച്ചെലവുകളും കുറയ്ക്കുകയും പുതിയ വരുമാന സ്രോതസ്സ് ഉണ്ടാക്കിയെടുക്കുകയും ചെയ്യണം. സംസ്ഥാനത്ത് മാഫിയക്കാരും നികുതി വെട്ടിപ്പുകാരും കരിഞ്ചന്തക്കാരും സൃഷ്ടിക്കുന്ന സമാന്തര സമ്പദ്ഘടന നിലനിൽക്കുകയാണ്. മദ്യ മാഫിയയേയും വനം മാഫിയയേയും അഴിമതിക്കാരേയും നികുതി വെട്ടിപ്പു കാരേയും നിയന്ത്രിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന് അർഹമായ കേന്ദ്ര സഹായം നേടിയെടുക്കാൻ ശ്രമം നടത്തണം. കേന്ദ്രത്തിന്റെ തെറ്റായ നയങ്ങളാണ് കാർഷിക മേഖലയുടെ

ദുരവസ്ഥയ്ക്കു കാരണം. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം കേരളത്തിന് പ്രതിവർഷം 7000 കോടി രൂപയുടെ നഷ്ടമുണ്ടാകുന്നുണ്ട്. കയറിനും കയറുൽപ്പന്നങ്ങൾക്കും ഏർപ്പെടുത്തിയിരുന്ന തറവില, ക്വാളിറ്റി കൺട്രോൾ സിസ്റ്റം എന്നിവ എടുത്തുകളഞ്ഞതുമൂലം സംസ്ഥാനത്തെ തീരപ്രദേശങ്ങളിലെ നാലര ലക്ഷത്തോളം കയർത്തൊഴിലാളികൾ പ്രതിസന്ധിയിലായിരിക്കുകയാണ്. ഇത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. കയർ വ്യവസായം പുന:സംഘടിപ്പിച്ച് മുന്നോട്ടുകൊണ്ടു പോകാൻ നടപടികൾ സ്വീകരിക്കണം. ചിക്കുൻ ഗുനിയ ബാധിച്ച കയർത്തൊഴിലാളികൾക്ക് ധനസഹായവും സൗജന്യ റേഷനും കൊടുക്കുന്നതിനും ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങൾക്ക് ധനസഹായം കൊടുക്കുന്നതിനും നടപടി സ്വീകരിച്ചതിനെ അഭിനന്ദിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 481.86 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളിൽ മിക്കതും ബഡ്ജറ്റിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾക്കാവശ്യമായ അധിക തുക വകയിരുത്തിക്കൊണ്ടുള്ളതാണ്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച വാഗ്ദാനങ്ങൾ പാലിക്കുകയോ അതിന് ബഡ്ജറ്റിൽ തുക വകയിരുത്തുകയോ ചെയ്തിരുന്നില്ല. എന്നാൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി സാമ്പത്തിക പ്രതിസന്ധിക്കിടയിലും തുക വകയിരുത്തുവാൻ ഈ സർക്കാർ തയ്യാറായിട്ടുണ്ട്. തിരുവനന്തപുരത്ത് വഞ്ചിയൂരിൽ ഒരു കോടതി സമുച്ചയം നിർമ്മിക്കുന്നതിന് ഒരു കോടി രൂപ സപ്ളിമെന്ററി ഡിമാന്റിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. തിരുവനന്തപുരത്ത് ഹൈക്കോടതിയുടെ ഒരു ബെഞ്ച് കൂടി പ്രവർത്തിപ്പിക്കുവാൻ കഴിയുന്ന വിധത്തിൽ അതിന്റെ രൂപകൽപ്പന ചെയ്യണം.. തിരുവനന്തപുരം മെഡിക്കൽ

കോളേജിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഒരു കോടി രൂപയും ഒരു ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനും മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനും വേണ്ടി രണ്ടരക്കോടി രൂപയും സപ്ളിമെന്ററി ഡിമാന്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ആരോഗ്യ രംഗത്തുണ്ടായ ഗുരുതരമായ വീഴ്ച 2005-ലെ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലം പൊതുജനാരോഗ്യ രംഗം തകർത്തതിന്റെ ഫലമായിട്ടാണ് ഡെങ്കിപ്പനിയും ചിക്കുൻ ഗുനിയ രോഗവും വരാനിടയായത്. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ ആറ് കോടി രൂപ പ്രത്യേകമായി വകയിരുത്തിയിട്ടുണ്ട്. യു.ഡി.എഫ്.ന്റെ ഭരണകാലത്ത് അടച്ചുപൂട്ടലിന്റെയും വിൽപ്പനയുടെയും വക്കോളമെത്തിയ കെൽട്രോണിന്റെ പുനരുദ്ധാരണത്തിനുവേണ്ടി 10 കോടി രൂപയും പീയർലസ് കമ്പനിയുമായുള്ള ബാദ്ധ്യത തീർക്കുന്നതിനായി 4 കോടി രൂപയും കേരളാ സ്റ്റേറ്റ് കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷന്റെ ബാങ്കുകളുമായുള്ള ബാദ്ധ്യതകൾ തീർക്കുവാൻ 22.32 കോടി രൂപയും സപ്ളിമെന്ററി ഡിമാന്റിൽ വകയിരുത്തിയിട്ടുണ്ട്. 2005-06-ൽ സംസ്ഥാനത്തെ ഭൂ രേഖകളുടെ കമ്പ്യൂട്ടറൈസേഷനുവേണ്ടി കേന്ദ്രം 305.90 ലക്ഷം രൂപ ഗ്രാന്റ് നൽകിയെങ്കിലും അത് വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഈ സർക്കാരിന്റെ ശ്രമഫലമായി ഈ തുക 2006-07-ൽ വിനിയോഗിക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 505 ഹോമിയോ ആശുപത്രികളിൽ അവശ്യ മരുന്നുകൾ വാങ്ങുന്നതിനുവേണ്ടി കേന്ദ്രം നൽകിയ 8.3 ലക്ഷം രൂപ 2005-ൽ ചെലവഴിച്ചിട്ടില്ല. ഈ വർഷം ഈ ഇനത്തിൽ കേന്ദ്ര സഹായമായി 1.3 കോടി രൂപ ലഭിച്ചിട്ടുണ്ട്. കേരളത്തിലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ 31-03-2006 വരെ ചെലവഴിക്കാതെ അവശേഷിച്ച 14.80 കോടി രൂപ

ഈ വർഷത്തെ സപ്ളിമെന്ററി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അധികാരത്തിൽ വന്നാൽ ലക്ഷക്കണക്കിനാളുകൾക്ക് ജോലി നൽകി തൊഴിലില്ലായ്മ പരിഹരിക്കുമെന്ന് കൊട്ടിഘോഷിച്ച യു.ഡി.എഫ്. യുവജനങ്ങളെ വഞ്ചിക്കുന്ന രീതിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തിയാക്കുന്ന സമീപനമാണ് കഴിഞ്ഞ അഞ്ചു വർഷക്കാലം സ്വീകരിച്ചത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം മാത്രമാണ് കേരളത്തിലെ ക്രമസമാധാനനില തികച്ചും ഭദ്രമായത്. ഇപ്പോൾ സംസ്ഥാനത്ത് ലോക്കപ്പ് മരണങ്ങൾ നടക്കുന്നില്ല. ജനരക്ഷയ്ക്കുള്ള സേനയായി പോലീസിനെ മാറ്റിയെടുത്തിരിക്കുകയാണ്. യു.ഡി.എഫ് ഭരണകാലത്ത് നടന്ന അശാസ്ത്രീയമായ വികസന പ്രവർത്തനങ്ങളുടെ ഫലമായി റോഡുകൾ തോടുകളായി മാറിയിരിക്കുന്നു. തലസ്ഥാന നഗര വികസന പ്രവർത്തനങ്ങൾക്കുവേണ്ടി പ്രത്യേക ഉപസമിതിയെ നിയോഗിക്കുകയും കൂടുതൽ ഫണ്ട് അനുവദിക്കുകയും വേണം.

<u>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. രാഷ്ട്രപിതാവിനോട് തികച്ചും അവഹേളനപരമായ സമീപനമാണ് എൽ.ഡി.എഫ്. സ്വീകരിച്ചിരിക്കുന്നത്. എൽ.ഡി.എഫ്. അധികാരത്തിൽ വന്ന് അഞ്ച് മാസത്തിനുള്ളിൽ ഓണത്തിനും റംസാനും ശമ്പളവും കരാറുകാർക്ക് കുടിശ്ശികയും മറ്റും കൊടുത്തു എന്നവകാശപ്പെടുമ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ ഭദ്രമാക്കി വച്ചുപോയ ഖജനാവിൽനിന്നാണ് ഇതെല്ലാം കൊടുത്തതെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. യു.ഡി.എഫ്. അധികാരമൊഴിഞ്ഞ സമയത്തെ സാമ്പത്തിക

സ്ഥിതിയെ സംബന്ധിച്ച് ഒരു ധവളപത്രം ഇറക്കണം. ലക്കിവാറ്റ്–നെ സംബന്ധിച്ച് പുന:പരിശോധന നടത്തണം. 'മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ' സ്കീം പ്രകാരം ഹൃദയ ശസ്ത്രക്രിയ, മസ്തിഷ്ക ശസ്ത്രക്രിയ, ക്യാൻസർ എന്നീ രോഗചികിൽസയ്ക്ക് 50 വയസ്സിന് മുകളിലുള്ള രോഗികളെ പരിഗണിക്കേണ്ടതില്ലെന്നാണ് ആരോഗ്യ വകുപ്പുമന്ത്രി നിർദ്ദേശിച്ചിരിക്കുന്നത്. ഗവേണിംഗ് ബോഡി മീറ്റിംഗിന്റെ മിനിട്ട്സിൽ വന്ന തെറ്റുമൂലമാണ് ഇതു സംഭവിച്ചതെന്നാണ് ഇപ്പോൾ മന്ത്രി വ്യക്തമാക്കുന്നത്. എ.ഡി.ബി. ലോൺ, സ്മാർട്ട് സിറ്റി, വിദേശ സാമ്പത്തിക സഹായം, ലോക ബാങ്ക് സഹായം തുടങ്ങിയവയെ എതിർത്തിരുന്നവർ ഇപ്പോൾ ഇതിനെയെല്ലാം പുതിയ രൂപത്തിൽ അനുകൂലിക്കുകയാണ്. മുല്ലപ്പെരിയാർ കേസുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന അഫിഡവിറ്റ് അശ്രദ്ധാപൂർവം തയ്യാറാക്കിയതാണ്. തമിഴ്നാട് സർവ്വകക്ഷി യോഗം കൂടിയപ്പോൾ കേരളത്തോട് ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറായില്ല എന്നത് ഓർക്കേണ്ട വസ്തുതയാണ്. അഫിഡവിറ്റുണ്ടാക്കിയതിനെക്കുറിച്ച് പരിശോധിക്കണം. സാധാരണഗതിയിൽ ഫയൽ ചെയ്ത അഫിഡവിറ്റ് തിരുത്തണമെങ്കിൽ കോടതിയുടെ പെർമിഷൻ വേണം. മുപ്പതു ലക്ഷം ആളുകളെ ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ സ്ക്കീമിനുവേണ്ടി എൽ.ഡി.എഫ് ഗവൺമെന്റ് രണ്ട് കോടി രൂപയായിരുന്നു നീക്കിവച്ചത്. യു.ഡി.എഫ് ഗവൺമെന്റ് അധികാരമൊഴിയുന്ന സമയത്ത് 25 ലക്ഷം രൂപ

മാത്രമാണ് ഈ പദ്ധതിക്കുവേണ്ടി നീക്കി വച്ചത്. ഈ സ്ക്കീമിനെ സംബന്ധിച്ച ആദ്യത്തെ ഗവേണിംഗ് ബോഡി യോഗം മേയ് 29–ാം തീയതി ചേർന്നു. ആയിരക്കണക്കിനുള്ള അപേക്ഷകളിൽ മുൻഗണനാക്രമം നിശ്ചയിച്ചു. 50 വയസ്സിന് മുകളിലുള്ളവർക്ക് കൊടുക്കണ്ടെ എന്ന് തീരുമാനിച്ചിട്ടില്ല. അന്നത്തെ തീരുമാനത്തിന്റെ മിനിട്ട്സിൽ വന്ന തെറ്റുകൊണ്ട് സംഭവിച്ചതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): തമിഴ്നാടിന് നെയ്യാറിലെ ജലം വിട്ടുകൊടുക്കുന്ന കാര്യത്തെ സംബന്ധിച്ച് തികച്ചും സൗഹൃദ മനോഭാവത്തോടെ മുന്നോട്ടുപോകണമെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിട്ടാണ് സംസ്ഥാന നിയമസഭ പ്രമേയം പാസ്സാക്കിയിട്ടുള്ളത്. നെയ്യാറിൽനിന്ന് തമിഴ്നാടിന് ജലം വിട്ടുകൊടുക്കുന്നതുകൊണ്ട് മുല്ലപ്പെരിയാർ പ്രശ്നത്തിൽ അനുകൂലമായ നിലപാടുണ്ടാകുമെന്ന വിശ്വാസ മുണ്ടായിരുന്നു എന്ന നിലയിലാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്. അഫിഡവിറ്റിൽ എഗ്രിമെന്റ് ഉണ്ടാക്കിയ വർഷം 1886 എന്ന് 12 സ്ഥലങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽ ഒരു സ്ഥലത്ത് 1986 എന്നും ആഗസ്റ്റ് 18–ാം തീയതി ഉണ്ടായ ഭൂചലനം ആഗസ്റ്റ് 20 എന്നും രേഖപ്പെടുത്തിയിട്ടുള്ള തെറ്റുകൾ ഓറൽ കറക്ഷനിലൂടെ പരിഹരിക്കുന്ന താണ്. ഈ അഫിഡവിറ്റുമായി മുന്നോട്ടുപോകാൻ തന്നെയാണ് സർക്കാരിന്റെ തീരുമാനം. മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 152 അടിയായി ഉയർത്തിയാൽ വാട്ടർ സ്പ്രെഡ് ഏരിയ 8000 ഏക്കറിൽ താഴെ മാത്രമേ വരികയുള്ളു എന്നാണ് തമിഴ്നാട് സർക്കാരിന്റെ വാദം. എന്നാൽ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇത്

11,000-ൽ ചില്വാനം ഏക്കർ വരുമെന്നാണ് വ്യക്തമായിട്ടുള്ളത്. ഇതു സംബന്ധിച്ചുള്ള കേരള ഗവണ്മെന്റിന്റെ നിലപാട് സഭയിൽ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. തമിഴ്നാട്ടിലെ പഞ്ചായത്ത് ഇലക്ഷൻ കഴിഞ്ഞതിനു ശേഷമാണ് അഗ്രസ്സീവ് സ്റ്റെപ്സുമായി സർക്കാർ മുന്നോട്ടുവന്നിട്ടുള്ളത്. നെയ്യാറിൽനിന്ന് തമിഴ്നാടിന് ജലം വിട്ടുകൊടുക്കുന്നതു സംബന്ധിച്ച് യു.ഡി.എഫ്. സർക്കാർ എടുത്ത തീരുമാനം തുടരുക മാത്രമാണ് ഈ സർക്കാർ ചെയ്തിട്ടുള്ളത്. മുല്ലപ്പെരിയാറിൽനിന്നും ഏതാനും കിലോമീറ്റർ അകലെ ടൈഗർ റിസർവ് ഫോറസ്റ്റിന്റെ ആസ്ഥാനമായ പ്രദേശത്ത് രണ്ട് നൂറ്റാണ്ടോളം പഴക്കമുള്ള ഡാമിനെ സംബന്ധിച്ച് 1968-ൽ ഡയറക്ടർ ഓഫ് സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് കേരള സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തുകയും ഡാമിന്റെ അറ്റകുറ്റപ്പണികൾ നടത്തണമെന്നാവശ്യപ്പെട്ടു കൊണ്ട് തമിഴ്നാട് സർക്കാർ സംസ്ഥാന സർക്കാരിന് കത്തയയ്ക്കുകയും ചെയ്തു. എസ്റ്റിമേറ്റിന്റെ പകുതി തുകയായ അഞ്ച് ലക്ഷത്തി പതിനയ്യായിരം രൂപ കോട്ടയം മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മുമ്പാകെ തമിഴ്നാട് സർക്കാർ കെട്ടിവച്ചു. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ എതിർപ്പിനെത്തുടർന്ന് പ്രസ്തുത ഡാം ഡിസ്മാന്റിൽ ചെയ്തു. അതിനുശേഷം ഒരു തരത്തിലുമുള്ള നിർമ്മാണ പ്രവർത്തനങ്ങളും അനുവദിക്കുകയില്ല എന്ന നിലപാട് സംസ്ഥാന സർക്കാർ സ്വീകരിക്കുകയും തമിഴ്നാട് സർക്കാർ കെട്ടിവച്ച 5.15 ലക്ഷം രൂപ തിരികെ നൽകി രസീത് വാങ്ങുകയും ചെയ്തു. തമിഴ്നാട് കർഷക സംഘം മദ്രാസ് ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിന്മേൽ തമിഴ്നാട് സർക്കാരിന്റെ റിക്വസ്റ്റ് 3 മാസത്തിനുള്ളിൽ റീകൺസിഡർ ചെയ്യണമെന്നു ആവശ്യപ്പെട്ടു കൊണ്ട് 20-7-2006-ന് ഒരു എക്സ്പാർട്ടി വിധിയുണ്ടായി. ഈ ഡാമിനെ

സംബന്ധിച്ചുള്ള ഒരു രേഖയും ഇല്ലാത്തതിന്റെ പശ്ചാത്തലത്തിൽ കേരളത്തിന്റെ താല്പര്യങ്ങൾക്ക് ഹാനികരമാകുന്ന തരത്തിലുള്ള ഒരു നടപടിയും ഉണ്ടാവുകയില്ല എന്ന് തീരുമാനിച്ച് സർക്കാർ ഉത്തരവിറക്കുകയും ചെയ്തു. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിനായി പ്രിൻസിപ്പൽ സെക്രട്ടറി ലാ ഡിപ്പാർട്ടുമെന്റുമായും എ.ജി.യുടെ ഓഫീസുമായും ബന്ധപ്പെട്ട് അന്വേഷണം നടത്തിവരുന്നു. കുറ്റക്കാരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 481 കോടി രൂപയുടെ സപ്ളിമെന്ററി ഡിമാന്റാണ് പരിഗണനയിലുള്ളത്. ഇതിന്റെ 61 ശതമാനവും പ്ലാൻ ഗ്രാന്റ്സ് ആണ്; 25 ശതമാനം ക്യാപ്പിറ്റൽ എക്സപെൻഡിച്ചറാണ്. പോലീസ്, ഭരണ നിർവ്വഹണം ഇതിനൊക്കെ കൂടുതൽ പണം വകയിരുത്തേണ്ടിവരും. വികസനത്തിനാണ് മുൻഗണന നൽകിയിട്ടുള്ളത്. കൃഷി, വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം, മത്സ്യബന്ധനം, ദുരിതാശ്വാസ ഫണ്ട്, എം.എൽ.എ. ഫണ്ട് ഇതെല്ലാം ഉൾപ്പെടും. പബ്ലിക് വർക്ക്സിന് 16 കോടി രൂപയേ ഉള്ളു. ബഡ്ജറ്റിൽ പറഞ്ഞതിനേക്കാൾ 150 കോടി രൂപ കോൺട്രാക്ടർമാരുടെ അരിയേഴ്സിന് ചെലവാക്കിക്കഴിഞ്ഞു. ഇനിയും ഒരു ഗഡു ഡിസംബറിനുമുമ്പ് നൽകാനുണ്ട്. ചെലവാക്കാത്ത ചില ഹെഡുകളിൽനിന്ന് റീഅപ്രോപ്രിയേറ്റ് ചെയ്ത് പബ്ലിക് വർക്ക്സിന് കൊടുക്കാൻ പറ്റും. 15 കോടി രൂപ മരുന്നു വാങ്ങിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാച്ചിംഗ് ഗ്രാന്റായി ഉൾപ്പെടുത്തിയിട്ടുണ്ട്. എം.എൽ.എ. മാർ ആവശ്യപ്പെട്ട പല കാര്യങ്ങൾക്കും തുക ഉൾക്കൊള്ളിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കെല്ലാം തുക ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള

പണം ഉപയോഗിച്ചുതീർന്നാൽ അഡീഷണൽ അലോക്കേഷൻ ആവശ്യമാണെങ്കിൽ നൽകും. ഇ.എം.എസ്. സ്മാരകത്തിന് നൽകുമെന്നു പറഞ്ഞിരുന്ന 10 ലക്ഷം ഇതിൽ ഇല്ല. ഭാവിയിൽ ആ പ്രശ്നം പരിഹരിക്കാം. അംഗൻവാടി ടീച്ചർമാർക്ക് 150 രൂപയും ഹെൽപ്പർമാർക്ക് 75 രൂപയും കൂടുതലായി പ്രഖ്യാപിച്ചിട്ടുണ്ട്. അഡീഷണൽ അലോക്കേഷന്റെ ഫലമായി കമ്മി കൂടും. റവന്യൂവിൽ നിന്നുള്ള എല്ലാ വരുമാനങ്ങളും മുൻവർഷത്തേക്കാൾ കൂട്ടിയാണ് വച്ചിരിക്കുന്നത്. അത് വലിയ പരിശ്രമത്തിലൂടെ നേടാൻ പറ്റുമെന്നു കരുതുകയാണ്. 3000 കോടി രൂപ വായ്പ പ്രതീക്ഷിച്ച സ്ഥാനത്ത് ഇന്നത്തെ കണക്ക് അനുസരിച്ച് 1500 കോടി രൂപയേ കിട്ടുകയുള്ളു. കേന്ദ്ര സർക്കാർ സ്മാൾ സ്കെയിൽ വായ്പയുടെ നിബന്ധനയിൽ വരുത്തിയ മാറ്റത്തിന്റെ ഫലമായി ഓരോ മാസവും 150 കോടി രൂപ വീതം കുറയുകയാണ് ചെയ്യുന്നത്. മാർച്ച് 31-ലെ കടബാദ്ധ്യത 45,929 കോടി രൂപയാണ്. അതിപ്പോൾ 47,440 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം പ്ലാൻ അംഗീകരിച്ചപ്പോൾ 7200 കോടി രൂപ വായ്പയെടുക്കാൻ അനുവാദം നൽകിയിട്ടുണ്ട്. 7200 കോടി രൂപയിൽ 3000 കോടി രൂപ സ്മാൾ സേവിംഗ്സിൽനിന്നും വരുന്നതാണ്. ഇപ്പോൾ 7200 കോടി രൂപ പുന:സ്ഥാപിച്ചുവെങ്കിലും കേന്ദ്ര ഗവൺമെന്റ് ചില കണ്ടീഷൻസ് വച്ചിട്ടുണ്ട്. എക്സപെൻഡിച്ചറിൽ യാതൊരു നിയന്ത്രണങ്ങളും ഏർപ്പെടുത്തുകയില്ല. പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതിന് വേയ്സ് ആന്റ് മീൻസ് റെസ്ട്രിക്ഷൻ ഇല്ല. ലക്കി വാറ്റ് നടപ്പിലാക്കുകയും ഷെയേർഡ് ഫ്രണ്ട്‌ലി അപ്രോച്ചിനുവേണ്ടി വെൽഫയൽ ഫണ്ടിലേയ്ക്ക് 50 ലക്ഷം രൂപ നല്കുകയും ഗ്രീൻ കാർഡ് സംപ്രദായം കൊണ്ടുവരികയും എൻട്രി ടാക്സ് അഡ്വാൻസായിട്ട് അടയ്ക്കാൻ അനുവാദം കൊടുക്കുകയും

ചെക്ക്പോസ്റ്റുകൾ മോഡണൈസ് ചെയ്യുകയും വെയ് ബ്രിഡ്ജസിന്റെ ടെന്റർ വിളിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. പഞ്ചായത്തിനെ ഇൻവോൾവ് ചെയ്യിക്കുന്നതിന് നടപടി എടുത്തുവരികയും ഓഫീസേഴ്സ് എഫിഷ്യൻസി വർദ്ധിപ്പിക്കാൻ ഓരോ ഓഫീസർക്കും സ്ക്കോർ കാർഡും ഓരോ ഓഫീസിനും ഓഫീസ് ടാർജറ്റ് നിശ്ചയിക്കുകയും കെ.ജി.എസ്.ടി. കേസുകൾ തീർപ്പുകല്പിക്കുന്നതിന് സ്പെഷ്യൽ ബഞ്ച് സ്ഥാപിക്കുകയും ക്വാന്റിറ്റി സപ്രഷനും വാല്യൂ സപ്രഷനും കോംപൗണ്ടിംഗും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം സപ്ലിമെന്ററി ഡിമാന്റ് പാസ്സാക്കുന്നതിനിടയിൽ ഇത്രയും നടപടികൾ സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞത്. മലബാർ മഹോത്സവവുമായി ബന്ധപ്പെട്ട് കോഴിക്കോട്ട് ട്രേഡ് ഫെയർ ആരംഭിച്ചിട്ടുണ്ട്. കേരളം മുഴുവൻ 3 മാസം നീണ്ടുനില്ക്കുന്ന ട്രേഡ് ഫെയർ അടുത്ത വർഷം സംഘടിപ്പിക്കുന്നതാണ്. ലക്കിവാറ്റ് നിലവിൽ വന്നശേഷം മൂല്യ വർദ്ധിത നികുതി പിരിവ് മുൻവർഷത്തെ അപേക്ഷിച്ച് കഴിഞ്ഞ മാസം 65 ശതമാനം വർദ്ധിച്ചിട്ടുണ്ട്. പെർഫോമൻസ് ബഡ്ജറ്റിനു പുറമേ ഔട്ട്-കം-ബഡ്ജറ്റ് കൊണ്ടുവരുമ്പോൾ അതിന്റേതായ ഗുണഫലങ്ങൾ ഉണ്ടാകുന്നുണ്ടോ എന്ന് പരിശോധിക്കണം. അടുത്ത വർഷം കഴിയുമ്പോൾ ഇംപാക്ട് ബഡ്ജറ്റ് തയ്യാറാക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. പണം ചെലവാകാതെ കെട്ടിക്കിടക്കുന്നതിന്റെ പ്രത്യാഘാതങ്ങൾ ലെജിസ്ളേച്ചർ മനസ്സിലാക്കണം. ഹാർഡ് ചോയ്സിന്റെ അടിസ്ഥാനത്തിൽ ഇംപാക്ട് ബഡ്ജറ്റ് തയ്യാറാക്കി നിയമസഭയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നതാണ്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII–ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII–ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം കായിക വിനോദം, കല, സംസ്ക്കാരം എന്ന XVII–ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII –ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII–ാം നമ്പർ ധനാഭ്യർത്ഥന യിന്മേലുള്ള ഉപധനാഭ്യർത്ഥനയും 36–നെതിരെ 87 വോട്ടുകളോടെയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V–ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭൂ നികുതി എന്ന VI–ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI–ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI–ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരമെന്ന XLII–ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV–ാം നമ്പർ ധനാഭ്യർത്ഥന യിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV–ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII–ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX–ാം നമ്പർ ധനാഭ്യർത്ഥന

യിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥന യിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു

ചർച്ച കൂടാതെ പാസ്സാക്കേണ്ട മറ്റ് ധനാഭ്യർത്ഥകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. .

**58-ാം ചട്ടപ്രകാരമുള്ള ചർച്ച**

മാറാട് കലാപം അന്വേഷിച്ച കമ്മീഷന്റെ റിപ്പോർട്ടിന്മേലുള്ള ചർച്ച

ശ്രീ. ആര്യാടൻ മുഹമ്മദ്: "മാറാട് കൂട്ടക്കൊലപാതകത്തെപ്പറ്റിയുള്ള അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് സഭ ചർച്ച ചെയ്യണം." കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും നിർഭാഗ്യകരമായ സംഭവമാണ് മാറാട് നടന്നത്. ഇക്കാര്യത്തിൽ കേരളത്തിലെ ജനങ്ങൾ ഒരുപോലെ ദു:ഖിതരാണ്. ഈ സംഭവം നടന്ന സന്ദർഭത്തിൽത്തന്നെ അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ.കെ ആന്റണി സ്ഥലം സന്ദർശിക്കുകയും ആശുപത്രിയിലെത്തി മൃതശരീരങ്ങൾ നേരിട്ട് കാണുകയും ചെയ്തു. അന്ന് അദ്ദേഹത്തിനെതിരായി യാതൊരു

പ്രതിഷേധവുമുണ്ടായില്ല. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്രയും വലിയ വർഗ്ഗീയ സംഘർഷം ഉണ്ടായശേഷം തുടർ അക്രമങ്ങൾ പൂർണ്ണമായും തടയാൻ കഴിഞ്ഞത്. സി.പി.ഐ.(എം) ജനറൽ സെക്രട്ടറി കമ്മീഷന്റെ മുമ്പാകെ പോകുകയോ തെളിവു നല്കുകയോ ചെയ്തിട്ടില്ല. മാറാട്ട് പൂർണ്ണസമാധാനം വരുത്തുന്നതിനുമുമ്പ് ജനങ്ങളെ പുനരധിവസിപ്പി ച്ചിരുന്നുവെങ്കിൽ അവിടെ രക്തച്ചൊരിച്ചിൽ ഉണ്ടാകുമായിരുന്നു. അതുകൊണ്ട് സമാധാനം സ്ഥാപിച്ചശേഷം ജനങ്ങളെ പുനരധിവസിപ്പി ക്കാനാണ് തീരുമാനിച്ചത്. കൂട്ടക്കൊല ഉണ്ടാവുമെന്ന ഇന്റലിജൻസ് റിപ്പോർട്ട് ശ്രീമാൻ ആന്റണി കണ്ടില്ല. ഡി.വൈ.എസ്.പി. എഴുതിയ റിപ്പോർട്ട് ഉയർന്ന പോലീസ് മേധാവികൾ തള്ളിക്കളഞ്ഞു. മാറാട് സംഭവം സംബന്ധിച്ച ഇന്റലിജൻസ് റിപ്പോർട്ട് അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി കണ്ടിട്ടുണ്ടെങ്കിൽ അതിന്റെ രേഖ സെക്രട്ടേറിയറ്റിൽ കാണും. അത് സഭയിൽ ഹാജരാക്കണം. ഈ കേസിൽ കമ്മിഷന്റെ നിഗമനത്തിൽ തെറ്റുണ്ട്. അന്ന് ഈ സംഭവത്തിൽ സി.ബി.ഐ. അന്വേഷണം വേണമെന്ന അഭിപ്രായം ബി.ജെ.പി.ക്കുമാത്രമാണുണ്ടായിരുന്നത്. അന്ന് സി.ബി.ഐ. അന്വേഷണത്തെ എതിർത്ത എൽ.ഡി.എഫ്. ഇപ്പോൾ അതിനുവിരുദ്ധമായ നിലപാടാണ് എടുത്തിരിക്കുന്നത്. മാറാട് ആദ്യമായി കലാപം ഉണ്ടായപ്പോൾ മുസ്ലീങ്ങളിൽ വർഗ്ഗീയ വികാരം ഉണ്ടാക്കി അവരുടെ സംരക്ഷകരായി നിന്നത് എൽ.ഡി.എഫ്. ആണ്. അന്നത്തെ സംഭവത്തിൽ 78 മാർക്സിസ്റ്റുകാർ പ്രതികളാണ്.

മി. സ്പീക്കർ: മാറാട് നടന്നതുപോലുള്ള ഒരു സംഭവം സംസ്ഥാനത്ത് ഇനി നടക്കാൻ പാടില്ല എന്നു ചിന്തിക്കുന്നവരാണ് നമ്മൾ. അതുമായി ബന്ധപ്പെട്ട കമ്മിഷൻ റിപ്പോർട്ടാണ് ഈ സഭയിൽ ചർച്ച ചെയ്യുന്നത്. ഈ

ചർച്ചകൊണ്ട് സംസ്ഥാനത്ത് നിലനിൽക്കുന്ന മതസൗഹാർദ്ദത്തിന് യാതൊരു പോറലും ഏൽക്കാൻ പാടില്ല. അതുകൊണ്ട് മതസൗഹാർദ്ദാന്തരീക്ഷം തകർക്കുന്ന രീതിയിലുള്ള ചർച്ചകൾ സഭയിൽ ഉണ്ടാകരുത്.

ശ്രീ.പി.ജയരാജൻ: കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയും ഭീകരമായിട്ടുള്ള ഒരു സംഭവം ഇതിനുമുമ്പുണ്ടായിട്ടില്ല. 14 ആളുകൾ കൊലചെയ്യപ്പെട്ട സംഭവമാണ് മാറാട് കമ്മിഷന്റെ പരിശോധനയിൽ വന്നിട്ടുള്ളത്. ഈ കമ്മിഷൻ 121 സാക്ഷികളെ വിസ്തരിച്ചും 700 ഓളം രേഖകൾ പരിശോധിച്ചും കണ്ടെത്തിയിട്ടുള്ള നിഗമനങ്ങളോടുള്ള യു.ഡി.എഫിന്റെ സമീപനം എന്താണെന്നുപോലും ഇവിടെ സംസാരിച്ച പ്രതിപക്ഷാംഗങ്ങളിൽ ആരും പറഞ്ഞില്ല. കമ്മിഷൻ വളരെ വിശദമായ തെളിവെടുപ്പും ചർച്ചയും നടത്തി ഒട്ടേറെ നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയും ചെയ്തു. ഈ സംഭവം നടന്നത് രണ്ട് ഘട്ടങ്ങളായിട്ടാണ്. ഒന്നാം ഘട്ടത്തിൽ അഞ്ച് പേർ മരിച്ചു. ഒരു ക്ളബ്ബിന്റെ വാർഷികം സംബന്ധിച്ച നിസ്സാരമായ ഒരു പ്രശ്നത്തെത്തുടർന്നാണ് ഇത്രയും ഗുരുതരമായ സംഭവം ഉണ്ടാകുന്നത്. ഉയർന്ന പോലീസ് ഉദ്യോഗസ്ഥരടക്കം അവിടെ ക്യാമ്പ് ചെയ്തു. സംഭവം നടന്നതിന്റെ പിറ്റേ ദിവസം ഉയർന്ന പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള സായുധരായ പോലീസ് വ്യൂഹത്തിന്റെ കൺമുമ്പിലിട്ട് ഒരാളെ കൊന്നു. തലേ ദിവസം മരിച്ചയാളുകളുടെ കബറിടം കുഴിക്കാൻ പോയ അബൂബക്കർ എന്നയാളെയാണ് പോലീസിന്റെ മുമ്പിലിട്ട് കൊന്നത്. ഇതിന്റെ ഉത്തരവാദി അന്നത്തെ ഗവണ്മെന്റാണ്. സംഭവം നടന്ന് 70 ദിവസത്തിനുശേഷം ഈ സഭയിൽ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചതിനുശേഷം മാത്രമാണ് സമാധാന കമ്മിറ്റി യോഗത്തിൽ പങ്കെടുക്കാൻ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന

ശ്രീ.എ.കെ. ആന്റണി എത്തുന്നത്. കൊലചെയ്യപ്പെട്ട അബൂബക്കറിന്റെ മകൻ പ്രതികാരത്തിന് തയ്യാറാകുന്നു എന്ന വിവരം പരസ്യമായതിനാൽ ആ വിവരവും അവിടെ സംഘർഷമുണ്ടാകും എന്ന പോലീസിന്റെ രഹസ്യാന്വേഷണ വിഭാഗം നൽകിയ വിവരവും സ്ഥലം എം.എൽ.എ. മുഖ്യമന്ത്രിക്ക് എഴുതിക്കൊടുത്തിട്ടും അതു തടയാൻ ഒരു നടപടിയും സ്വീകരിച്ചില്ല. ഒന്നരക്കൊല്ലത്തിനുശേഷം വീണ്ടും ആസൂത്രിതമായ കൊലപാതകം നടന്നു. കടപ്പുറത്ത് കാറ്റുകൊള്ളാനിരുന്ന എട്ട് ഹിന്ദുക്കളേയും ഒരു മുസ്ലീം ചെറുപ്പക്കാരനേയും കൊലചെയ്യുകയും നിരവധിയാളുകൾക്ക് പരിക്കേൽപ്പിക്കുകയും ചെയ്തു. തുടർന്ന് അവിടെ താമസിച്ചിരുന്ന മുസ്ലീങ്ങളെ ആട്ടിയോടിച്ചു. മാറാട് കമ്മിഷനെ സംബന്ധിച്ചിടത്തോളം അതിന്റെ നിഗമനങ്ങൾ രേഖപ്പെടുത്തുന്ന അവസരത്തിൽ ഈ ദൗർഭാഗ്യകരമായ സംഭവത്തിന് പ്രതിക്കൂട്ടിൽ നിൽക്കേണ്ട ഒന്നാം പ്രതി അന്നത്തെ മുഖ്യമന്ത്രി ശ്രീ.എ.കെ. ആന്റണിതന്നെയാണ്. മാറാട് പ്രശ്നം ഉണ്ടായപ്പോൾ അന്നത്തെ സർക്കാർ ശരിയായ രീതിയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യാതിരുന്നത് വർഗ്ഗീയ ശക്തികൾക്കും ക്രിമിനലുകൾക്കും അഴിഞ്ഞാടാൻ അവസരമുണ്ടാക്കി ക്കൊടുത്തു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ തിരുവമ്പാടിയിൽ മൽസരിച്ച ശ്രീ. മായിൻഹാജിക്ക് ഈ കലാപത്തിന്റെ ഗൂഢാലോചനയിൽ പങ്കുണ്ടെന്നാണ് കമ്മിഷന്റെ കണ്ടെത്തൽ. മാറാട് ഒത്തുതീർപ്പ് എന്നുപറഞ്ഞ് ഉണ്ടാക്കിയ ഒത്തുതീർപ്പുപ്രകാരം ആർ.എസ്.എസ്.കാർക്കെതിരെ ചാർജ്ജു ചെയ്ത 83 കേസുകൾ ശ്രീ. ഉമ്മൻചാണ്ടിയുടെ അറിവോടുകൂടി പിൻവലിച്ചു. ഒന്നാം മാറാട് കലാപം സംബന്ധിച്ച് അന്വേഷിക്കാതിരുന്നത് ആർ.എസ്എസ്.കാരുടെ താൽപര്യപ്രകാരമാണ്. ഈ സംഭവത്തെത്തുടർന്ന്

400-ലധികം കുടുംബങ്ങൾ ഇന്നും അനാഥരാണ്. അവർക്ക് നഷ്ടപരിഹാരം കൊടുത്തിട്ടില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): മാറാട് കമ്മിഷൻ റിപ്പോർട്ടിന്മേലുള്ള ചർച്ച തുടങ്ങുന്നതിനുമുമ്പുതന്നെ ചർച്ചയിൽ പാലിക്കേണ്ട ആത്മസംയമനത്തെക്കുറിച്ച് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതിനോട് യോജിക്കുന്നു. ചരിത്രത്തിലെ കറുത്ത പാടായ മാറാട് പോലെയുള്ള സംഭവങ്ങൾ ഇനി ആവർത്തിക്കരുതെന്നാണ് എല്ലാപേരുടേയും ആഗ്രഹം. ഏറ്റവും ദു:ഖകരമായ ആ സംഭവത്തിന് ആകെയുള്ള ആശ്വാസം രണ്ടാം മാറാട് സംഭവത്തിൽ ഒരു തുള്ളി ചോര ചൊരിയുകയോ ഒരു സംഘട്ടനം നടക്കുകയോ ചെയ്തില്ലെന്നുള്ളതാണ്. നാട്ടിൽ സമുദായ സൗഹാർദ്ദത്തിന്റെ അന്തരീക്ഷം നിലനിർത്താൻ ഈ ചർച്ച സഹായകരമായിരിക്കണമെന്നതിനോട് യോജിക്കുന്നു. റിപ്പോർട്ടിലെ പരാമർശങ്ങൾ ഓരോരുത്തരും ആത്മപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഈ ചർച്ച മറ്റൊരു ചർച്ചയായി മാറുന്നത് നിർഭാഗ്യകരമാണ്. റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങൾ ആത്മസംയമനത്തോടെ ഉൾക്കൊണ്ട് തിരുത്തലുകൾ വരുത്തി മുന്നോട്ടുപോകേണ്ടതാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: മാറാടുസംഭവം ഇനി ഒരിക്കലും ആവർത്തിക്കരുതെന്നാണ് ഉള്ളുരുകി പ്രാർത്ഥിക്കുന്നത്. ഇവിടെ നടക്കുന്ന ചർച്ചകൾ മാറാടിൽ നിലനിൽക്കുന്ന സമാധാനത്തിന് പോറലേൽക്കാത്ത വിധമായിരിക്കണം. ഈ റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതിനുമുമ്പ് അതിലെ ചില പരാമർശങ്ങൾ പത്രങ്ങൾക്ക് ചോർത്തിക്കൊടുത്ത് യു.ഡി.എഫ്.-നേയും എൽ.ഡി.എഫ്.-നേയും മുസ്ലീം ലീഗിനേയും ദോഷപ്പെടുത്താൻ ശ്രമിച്ചത് രാഷ്ട്രീയ സദാചാരത്തിന് നിരക്കാത്തതാണ്. മുസ്ലീം

ലീഗിന്റെ അരനൂറ്റാണ്ടുകാലത്തെ പ്രവർത്തനം തുറന്ന പുസ്തകമാണ്. മുസ്ലീം ലീഗിന് തീവ്രവാദവുമായി യാതൊരു ബന്ധവുമില്ല..

<u>ശ്രീ. എൻ. അനിരുദ്ധൻ</u>: വർഗ്ഗീയ ശക്തികൾക്ക് രാഷ്ട്രീയത്തിൽ ഇടപെടാൻ അവസരം കൊടുക്കരുതെന്ന് മാറാട് കമ്മിഷൻ റിപ്പോർട്ടിൽ പറയുന്നു. രാഷ്ട്രീയത്തിൽ മതം ഇടപെട്ടതിന്റെ ഫലമായി മഹാത്മാഗാന്ധി യുൾപ്പെടെ നിരവധി നേതാക്കൾ വധിക്കപ്പെട്ടു. ഒന്നാം മാറാട് സംഭവത്തിലെ പ്രതികൾക്ക് ശിക്ഷ കൊടുക്കാൻ ഗവണ്മെന്റിന്റെ അനുവാദം ലഭിച്ചിരുന്നുവെങ്കിൽ രണ്ടാം മാറാട് ആവർത്തിക്കുകയില്ലായിരുന്നു. മുസ്ലീം വർഗ്ഗീയവാദികൾക്ക് വളരാനും ആയുധം ശേഖരിച്ചുവയ്ക്കാനും പള്ളിക്കകത്ത് അവസരം നൽകിയെന്നു മാത്രമല്ല പോലീസ് കാൺകെ അവിടെച്ചെന്ന് ആയുധങ്ങൾ സ്ഥാപിക്കുകയും തിരിച്ചെടുക്കുകയും ഉപദ്രവിക്കുകയും ചെയ്തുവെന്നതാണ് കമ്മിഷന്റെ നിഗമനം. പോലീസുകാരുടെ സംഖ്യ വെട്ടിക്കുറച്ചതും കലാപത്തിന് കളമൊരുക്കി. കമ്മിഷൻ റിപ്പോർട്ടിലെ നിഗമനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ഗവണ്മെന്റ് ശ്രദ്ധിക്കണം.

<u>ശ്രീ.കെ.എം.മാണി</u>: ഒന്നാം മാറാട് സംഭവം ചാർജ്ജ് ചെയ്യുന്നതിൽ ഉണ്ടായ താമസമാണ് രണ്ടാം മാറാടിന് വഴിയൊരുക്കിയതെന്ന് പറഞ്ഞത് തെറ്റാണ്. 115 കേസുകൾ രജിസ്റ്റർ ചെയ്യുകയും 31.3.2002-ൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും ചെയ്തു. 15.11.2002-ന് പ്രോസിക്യൂഷൻ സാങ്ഷൻ കൊടുത്തു. 135 കേസുകൾക്കും ഒന്നിച്ചാണ് സാങ്ഷൻ കൊടുത്തത്. ഈ കേസിൽ ഒന്നിച്ചുള്ള റിപ്പോർട്ടാണ് ഹാജരാക്കിയത്. അതിന്റെ കോപ്പിയെടുത്ത് മറ്റ് കേസുകളിൽ കൊടുക്കാൻ

പറഞ്ഞപ്പോൾ കോടതി പകർപ്പ് തരില്ലെന്നു പറഞ്ഞ് റിജക്ട് ചെയ്തു. അതുകൊണ്ട് ഇൻഡിവിഡ്വൽ സാങ്ഷൻ കൊടുക്കേണ്ടിവന്നു. രണ്ടാം മാറാടിനുമുമ്പ് അത് കൊടുത്തു. ചാർജ്ജ്ഷീറ്റ് കൊടുക്കുന്നത് രണ്ടാം മാറാട് കഴിഞ്ഞാണെന്നു മാത്രമേയുള്ളൂ. സി.ബി.ഐ ഇതിനെപ്പറ്റി അന്വേഷിക്കണമെന്നാണ് കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. ഈ ഗവണ്മെന്റ് അതനുസരിച്ച് സി.ബി.ഐ എൻക്വയറി വേണമെന്നു പറഞ്ഞ് കേന്ദ്രഗവണ്മെന്റിലേയ്ക്ക് എഴുതുകയുണ്ടായി. ഇതുരണ്ടും നിയമത്തിന്റെ മുമ്പിൽ തെറ്റാണ്. കാരണം ക്രിമിനൽ പ്രൊസീഡ്യുവർ കോഡ് 173 അനുസരിച്ച് പോലീസ് ഒരു കേസ് ഇൻവെസ്റ്റിഗേറ്റ് ചെയ്ത് ഫൈനൽ റിപ്പോർട്ട് കോടതിയിൽ കൊടുത്താൽ അതുസംബന്ധിച്ച് തുടർ അന്വേഷണം ആവശ്യമായാൽ വകുപ്പ് 173(8) അനുസരിച്ച് അതേ ഏജൻസിതന്നെ അന്വേഷിക്കണം. വേറൊരു ഏജൻസിയായ സി.ബി.ഐ.യ്ക്ക് വിടുന്നത് തെറ്റാണെന്ന് അഡ്വക്കേറ്റ് ജനറൽ പറഞ്ഞിരുന്നു. കമ്മിഷൻ അതിനു വിരുദ്ധമായി തെറ്റായ ശുപാർശയാണ് ചെയ്തിരിക്കുന്നത്. ഇതിന് ഉപോൽബലകമായി എ.ഐ.ആർ. 1979 സുപ്രീം കോർട്ട് 1791 എന്ന കേസ് ക്വാട്ട് ചെയ്തുകൊണ്ടാണ് കമ്മിഷൻ ഈ ശുപാർശ നൽകിയിരിക്കുന്നത്. എന്നാൽ എ.ഐ.ആർ. 1979 സുപ്രീം കോർട്ട് 1791 എന്ന കേസ് എ.ഐ.ആർ 1998 സുപ്രീം കോർട്ട് 2001 വിധിപ്രകാരം ഓവർറൂൾ ചെയ്തതാണ്. അതുകൊണ്ട് പോലീസ് ഇൻവെസ്റ്റിഗേറ്റ് ചെയ്ത് ഫൈനൽ റിപ്പോർട്ട് കൊടുത്ത ഈ കേസിന്റെ തുടർന്നുള്ള അന്വേഷണം സി.ബി.ഐ.-യ്ക്ക് വിടാൻ പറ്റുകയില്ല. കമ്മീഷൻ ഓഫ് എൻക്വയറിസ് ആക്ട് 5 (എ) അനുസരിച്ച് വസ്തുതകൾ കണ്ടെത്തുന്നതിന് കമ്മീഷന് സി.ബി.ഐ.യെ ക്കൊണ്ടോ സ്റ്റേറ്റിന്റെ ഏത് ഏജൻസിയെക്കൊണ്ടോ അന്വേഷിപ്പിക്കാം.

എന്നാൽ സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് കമ്മീഷൻ പറയുന്നത് തെറ്റാണ്. കമ്മീഷൻ പറയുന്നത് ഗവൺമെന്റ് അംഗീകരിക്കുന്നതും ശരിയല്ല. ക്രിമിനൽ പ്രൊസീഡ്യുവർ കോഡ് 173 (8) അനുസരിച്ച് ഫർദർ എവിഡൻസില്ല. സെയിം ഏജൻസിക്കുമാത്രമേ ഇൻവെസ്റ്റിഗേഷൻ നടത്താനാവൂ. ഡിഫറന്റ് ഏജൻസിക്ക് ഇൻവെസ്റ്റിഗേഷൻ നടത്താനാവില്ല എന്നാണ് ലേറ്റസ്റ്റായിട്ടുള്ള സുപ്രീംകോടതി ജഡ്ജ്മെന്റ്. ഈ ആക്ഷൻ ടേക്കൺ തെറ്റാണ്. അന്നത്തെ ഗവൺമെന്റ് സി.ബി.ഐ.ക്ക് വിടാതിരുന്നത് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശംകൊണ്ടും മുഴുവൻ രാഷ്ട്രീയ കക്ഷികളും സി.ബി.ഐ. അന്വേഷണം വേണ്ടെന്ന് പറഞ്ഞതുകൊണ്ടുമാണ്.

ശ്രീ. എം.കെ. പ്രേംനാഥ്: വളരെയേറെ നിർഭാഗ്യകരമായ സംഭവമാണ് മാറാട് നടന്നത്. ഹിന്ദു-മുസ്ലീം വർഗ്ഗീയവാദികളെ നിയന്ത്രിക്കാൻ അന്നത്തെ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കള്ളക്കച്ചവടവും ബിനാമി ഇടപാടുമാണ് നടന്നിരുന്നത്. വർഗ്ഗീയ സംഘട്ടനത്തെ നിയന്ത്രിക്കുന്നതിൽ അന്നത്തെ സർക്കാർ പരാജയപ്പെട്ടു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: അനേകം അന്വേഷണ കമ്മീഷനുകളും റിപ്പോർട്ടുകളും അനാഥമായി കിടക്കുന്ന സന്ദർഭത്തിൽ മാറാട് കമ്മീഷൻ റിപ്പോർട്ട് സഭയിൽ സമർപ്പിക്കാനും നടപടികൾ കൈക്കൊള്ളാനും സർക്കാർ തയ്യാറായത് അഭിനന്ദനാർഹമാണ്. ഈ ചർച്ചയിലൂടെ മാറാട് ഉണ്ടായ മുറിപ്പാടുകൾ കുറയണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് റിപ്പോർട്ട് സമർപ്പിച്ചതെങ്കിലും അത് പ്രസിദ്ധീകരിക്കാൻ അവർ തയ്യാറായില്ല. മുഖ്യമന്ത്രിയോടൊപ്പം കലാപം നടന്ന ഭൂമി സന്ദർശിക്കുന്നതിന് മൂന്ന് മന്ത്രിമാർ കോഴിക്കോട് ഗസ്റ്റ് ഹൗസിൽ എത്തിയെങ്കിലും അവർ സന്ദർശിക്കാൻ പാടില്ലെന്ന് സംഘ് പരിവാർ നിർദ്ദേശിച്ചതനുസരിച്ച് അന്നത്തെ

മുഖ്യമന്ത്രി മാത്രം അവിടം സന്ദർശിച്ചത് ഒരു കീഴടങ്ങലാണ്. ഇനിയും മറ്റ് കാര്യങ്ങൾ അന്വേഷിച്ചാൽ മാത്രമേ പിന്നിലുള്ള ബന്ധങ്ങൾ കണ്ടെത്താൻ സാധിക്കൂ. 2002–ൽ ആദ്യമായി മാറാട് സംഭവമുണ്ടായപ്പോൾ ഫലപ്രദമായ നടപടി കൈക്കൊണ്ടില്ല. അന്നത്തെ ഗവൺമെന്റ് ഇന്റലിജൻസ് റിപ്പോർട്ട് ബോധപൂർവ്വം വിസ്മരിച്ചു. പ്രതികളെ അറസ്റ്റുചെയ്യുന്നതിൽ കാലതാമസം നേരിട്ടതും കോടതിയിൽ കുറ്റപത്രം നൽകാൻ തയ്യാറാകാത്തതും കുറ്റകരമായ അനാസ്ഥയാണ്. മാറാട് കൂട്ടക്കൊലയ്ക്ക് മുമ്പായി പോലീസ് പിക്കറ്റിംഗ് പിൻവലിച്ചതും മുന്നറിയിപ്പ് അവഗണിച്ചും അന്നത്തെ സർക്കാർ അറിഞ്ഞോ അറിയാതെയോ മുസ്ലീം–ആർ.എസ്.എസ്. മത തീവ്രവാദികൾക്ക് ഒത്താശ നൽകിയതുകൊണ്ടുമാണ് ഈ ഭീകരമായ സംഭവം ഉണ്ടായത്. ഇത് ആവർത്തിക്കാതിരിക്കാൻ നടപടി ഉണ്ടാകണം.

ശ്രീ. കെ.കെ. ഷാജു : മാറാട് കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള പലതും നീതിപൂർവ്വമല്ല. അന്നത്തെ സർവ്വകക്ഷി യോഗത്തിൽ ബി.ജെ.പി. ഒഴികെയുള്ളവർ സി.ബി.ഐ. അന്വേഷണത്തെ എതിർത്തു. അന്നത്തെ ചീഫ് ജസ്റ്റിസ് ജവഹർലാൽ ഗുപ്ത അടങ്ങുന്ന ഡിവിഷൻ ബഞ്ചിന്റെ മുമ്പാകെ യാണ് ഈ കേസ് വന്നത്. സംഭവത്തെക്കുറിച്ചുള്ള കേസ് ഡയറി ഇല്ലാതെയും മറ്റ് മെറ്റീരിയൽസ് ഇല്ലാതെയുമാണ് കമ്മീഷൻ അന്വേഷണം നടത്തിയിരിക്കുന്നത്. കേസ് ഡയറി കിട്ടിയില്ലെങ്കിലും ഹൈക്കോടതിയിൽ നടന്ന കേസ്സുമായി ബന്ധപ്പെട്ട കാര്യങ്ങൾ കമ്മീഷന് ആരായാമായിരുന്നു. ചില ഊഹാപോഹങ്ങൾവച്ചുകൊണ്ടുള്ള നിരീക്ഷണമാണ് കമ്മീഷൻ നടത്തി യിട്ടുള്ളത്. അതിന്റെ എല്ലാ കുറവും ഈ റിപ്പോർട്ടിലുണ്ട്. കൊല്ലപ്പെട്ട ആളുകളുടെ സുഹൃത്തുക്കളും ബന്ധുക്കളും സംഘടിച്ചാണ് രണ്ടാമത് കലാപമുണ്ടാക്കിയത്.

ശ്രീ. വി. സുരേന്ദ്രൻപിള്ള: ഈ കമ്മീഷനെ നിയമിച്ചതും കമ്മീഷന്റെ മുമ്പാകെ തെളിവ് ഹാജരാക്കിയതും കഴിഞ്ഞ യു.ഡി.എഫ്. സർക്കാരാണ്. യാഥാർത്ഥ്യങ്ങൾ ജനങ്ങളുടെ മുമ്പിൽ തുറന്നുകാണിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്. കുറ്റക്കാരുടെമേൽ കർശന നടപടി സ്വീകരിക്കണം. അന്നത്തെ ഗവൺമെന്റും പോലീസ് അഡ്മിനിസ്ട്രേഷനും ജില്ലാ ഭരണകൂടവും ജില്ലാ കളക്ടറും നീതിപൂർവ്വകമായി പെരുമാറാത്തതുമൂലമുള്ള നിരവധി കുറ്റപ്പെടുത്തലുകളും കണ്ടെത്തലുകളുമാണ് കമ്മീഷൻ റിപ്പോർട്ടിലുള്ളത്. 14 നിരപരാധികൾ മരിക്കാനിടയായ സാഹചര്യം അന്നത്തെ ഭരണകൂടത്തിന്റെ പിടിപ്പുകേടുകൊണ്ട് സംഭവിച്ചതാണ്.

ശ്രീ. എ.എ. അസീസ്: സി.ബി.ഐ. അന്വേഷണം നടത്തണമെന്ന ശക്തമായ ആവശ്യം ഉയർന്നുവന്നിട്ടും അന്നത്തെ മുഖ്യമന്ത്രി തയ്യാറാകാത്തതിൽ ദുരൂഹതയുണ്ടെന്നാണ് കമ്മീഷന്റെ നിഗമനം. അന്ന് ശ്രീ.വി.എസ്. അച്ചുതാനന്ദനോടൊപ്പം കക്ഷി നേതാക്കൾക്കും ആ പരിസരം സന്ദർശിക്കുന്നതിന് അവസരം ലഭിച്ചു. അന്നത്തെ മുഖ്യമന്ത്രി മാറാട് സന്ദർശിച്ചപ്പോൾ അന്നത്തെ വ്യവസായ വകുപ്പ് മന്ത്രി കോഴിക്കോട് ഗസ്റ്റ് ഹൗസിൽ ഉണ്ടായിട്ടും സമുദായത്തിന്റെ പേര് പറഞ്ഞ് അവിടം സന്ദർശിക്കാത്തതിൽ ദുരൂഹതയുണ്ട്. മുസ്ലീം-ഹിന്ദു സമുദായത്തിൽപ്പെട്ടവർക്ക് പ്രത്യേകം പ്രത്യേകം ക്യാമ്പുകളാണ് അവിടെ സംഘടിപ്പിച്ചതെങ്കിൽ ഈ രണ്ട് വിഭാഗക്കാരെയും പങ്കെടുപ്പിച്ചുകൊണ്ടാണ് സി.പി.ഐ.(എം) ക്യാമ്പ് സംഘടിപ്പിച്ചത്. 2002-ൽ നടന്ന സംഭവത്തിന് ഉത്തരവാദികളായവരെ മാതൃകാപരമായി ശിക്ഷിച്ചിരുന്നുവെങ്കിൽ രണ്ടാമത് കലാപമുണ്ടാകില്ലായിരുന്നു.

ശ്രീ. കെ.ബി. ഗണേഷ് കുമാർ: അർദ്ധസത്യങ്ങളും ഊഹാപോഹങ്ങളും നിറഞ്ഞതാണ് ഈ കമ്മീഷൻ റിപ്പോർട്ട്. എല്ലാം തികഞ്ഞതാണ് ഈ റിപ്പോർട്ടെന്ന് ആർക്കും അംഗീകരിക്കാനാവില്ല. ഇതിനെ ആർക്ക് എങ്ങനെ വേണമെങ്കിലും വ്യാഖ്യാനിക്കാം. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ മതസൗഹാർദ്ദം തകരാൻ പാടില്ല. ഇവിടെയുള്ള യുവജന സംഘടനകളിലും രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും മതതീവ്രവാദ പ്രവർത്തനം നുഴഞ്ഞുകയറിയതിന് പരിഹാരം കണ്ടെത്തി മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണം. അന്നത്തെ മുഖ്യമന്ത്രി ശ്രീ.എ.കെ. ആന്റണി കുറ്റക്കാരനല്ല. അദ്ദേഹം മതസൗഹാർദ്ദം നിലനിർത്തുന്നതിന് പരമാവധി ശ്രമിച്ചിട്ടുണ്ട്.

ശ്രീ. എ.കെ. ശശീന്ദ്രൻ: ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിച്ചതു കൊണ്ടാണ് ഈ റിപ്പോർട്ട് ചർച്ചയ്ക്ക് വന്നത്. ഗവൺമെന്റിന്റെ ഈ നിലപാടിനെ അഭിനന്ദിച്ചാൽ മാത്രമേ മാറാട് പോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കൂ. ആദ്യത്തെ കലാപത്തിൽ വേണ്ട നടപടി സ്വീകരി ക്കാത്തതുകൊണ്ടാണ് വീണ്ടും കലാപമുണ്ടായത്. വർഗ്ഗീയ കലാപങ്ങൾ ആവർത്തിക്കാൻ പാടില്ല. എല്ലാപേരും ആത്മപരിശോധന നടത്തണമെന്ന കമ്മീഷന്റെ വാദത്തോട് യോജിക്കുകയാണ്. യു.ഡി.എഫ്. സർക്കാർ ഭരിക്കുമ്പോഴൊക്കെ ഇങ്ങനെയുള്ള വർഗ്ഗീയ കലാപമുണ്ടാകുന്നത് സംബന്ധിച്ച് പരിശോധിക്കണം. എങ്കിൽ മാത്രമേ കേരളത്തെ മതേതര കേരള മായി ഉയർത്താനാകൂ.

ശ്രീ. കെ. ടി. ജലീൽ: വളരെ സങ്കീർണ്ണതകളും വൈവിദ്ധ്യങ്ങളും നിലനിൽക്കുന്നതാണ് ഇൻഡ്യാ രാജ്യം. മതത്തിന്റെ അടിസ്ഥാനത്തിൽ ഒരു വിഭജനത്തിന് രാജ്യം സാക്ഷിയായി. പാകിസ്ഥാൻ വിഭജന സമയത്ത്

മഹാഭൂരിപക്ഷം മുസ്ലീംങ്ങളും ഇൻഡ്യയിൽ ജീവിക്കാനാണ് ആഗ്രഹിച്ചത്. ഒരു ബഹുമുഖ സമൂഹത്തിൽ ഒരു വിശ്വാസി എങ്ങനെയാണ് ജീവിക്കേണ്ട തെന്ന് മഹാത്മാഗാന്ധി പഠിപ്പിച്ചിട്ടുണ്ട്. ഒരു ഘട്ടത്തിൽ കേരളം വർഗ്ഗീയ വിഭാഗീയ കലാപങ്ങളിൽനിന്നും മാറിനിന്നിരുന്നു. 1954–ൽ മാറാടിന് തൊട്ടടുത്തുള്ള നടുവത്തൂരിൽ ഒരു പോലീസ് വെടിവയ്പുണ്ടായി. ഹിന്ദു–മുസ്ലീം രണ്ടായി തിരിഞ്ഞ് ആക്രമണം നടത്തുകയും പള്ളിയിലേയ്ക്ക് പോലീസ് വെടിവയ്ക്കുകയും മൂന്ന് മുസ്ലീങ്ങൾ മരിക്കുകയും ചെയ്തു. അതിനുശേഷം മാറാട് കടപ്പുറത്ത് ആദ്യ കലാപം ആരംഭിച്ചു. ആ കലാപത്തിൽ അഞ്ചുപേർ മരിച്ചു. തക്കസമയത്ത് ഗവൺമെന്റ് ഇടപെട്ട് കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്നിരുന്നെങ്കിൽ രണ്ടാമത്തെ കലാപം ഒഴിവാക്കാമായിരുന്നു. 2003–ൽ എല്ലാപേരെയും ഞെട്ടിച്ചുകൊണ്ട് 9 പേർ മരണപ്പെട്ടു. സാമൂഹിക അന്തരീക്ഷം കലുഷിതമാവുകയും വിഭാഗീയ ചേരിതിരിവ് ഉണ്ടാവുകയും ചെയ്തു. കേരളത്തിലെ പൊതു സമൂഹത്തോട്, വിശിഷ്യാ ഹൈന്ദവ സമൂഹത്തോട് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത് ഞാൻ വിശ്വസിക്കുന്ന വിഭാഗത്തിൽപ്പെടുന്നവരാണെന്നതിന്റെ പേരിൽ ഞാൻ ക്ഷമാപണം നടത്തുകയാണ്. ഇതിനെത്തുടർന്ന് മാറാടുനിന്നും മുഴുവൻ മുസ്ലീങ്ങളെയും ആട്ടിയോടിച്ചു. ലക്ഷക്കണക്കിന് രൂപയുടെ സമ്പത്ത് കൊള്ളയടിച്ചു. ഈ കേസ്സുമായി ബന്ധപ്പെട്ട് ജയിലിലടച്ച 137 പേർക്ക് ഇന്നുവരെ ജാമ്യം പോലും ലഭിച്ചിട്ടില്ല. മാറാട് സംഭവവുമായി ബന്ധപ്പെട്ട് ലക്ഷക്കണക്കിന് രൂപയുടെ സമ്പത്ത് കൊള്ളയടിക്കപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകണം. രാജ്യത്ത് നടക്കുന്ന ഒരു കലാപവുമായും മുസ്ലീംലീഗിനെ പരാമർശിക്കപ്പെട്ടിട്ടില്ല. പക്ഷെ മാറാട് കലാപവുമായി ബന്ധപ്പെട്ട് മാത്രം മുസ്ലീംലീഗിന്റെ പേര് പരാമർശിക്കപ്പെട്ടു എന്നുള്ളത്

ലീഗിന്റെ ക്രെഡിബിലിറ്റിക്ക് വിഘാതം സൃഷ്ടിച്ചിരിക്കുകയാണ്. ഒരു പൊതുപ്രവർത്തകന്റെ ഔന്നത്യം അളക്കാനുള്ള മാനദണ്ഡമല്ല ലളിത ജീവിതം. സാമ്രാജ്യത്വത്തോടും ഫാസിസത്തോടും സ്വീകരിക്കുന്ന നിലപാടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഒരു പൊതുപ്രവർത്തകന്റെ ഔന്നത്യം അളക്കാൻ പറ്റുകയുള്ളൂ.

<u>ശ്രീ. പി.സി. ജോർജ്</u>: കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും സി.ബി.ഐ. അന്വേഷണം വേണ്ട എന്ന് ആവശ്യപ്പെട്ടിട്ട് ബി.ജെ.പി. മാത്രമാണ് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടതെന്നുള്ള അഭിപ്രായം ഇവിടെ പറയുകയുണ്ടായി. അന്ന് കേന്ദ്രം ഭരിച്ചിരുന്നത് ബി.ജെ.പി. ഗവണ്മെന്റാണ്. ഇപ്പോൾ കേന്ദ്രം ഭരിക്കുന്നത് യു.പി.എ. ഗവണ്മെന്റായതു കൊണ്ടും സി.ബി.ഐ. എൻക്വയറിയിൽ നീതിയുണ്ടാകുമെന്നു വിശ്വസിക്കുന്നതുകൊണ്ടുമാണ് കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് സി.ബി.ഐ. എൻക്വയറിക്ക് തയ്യാറായത്. മാറാട് ഒന്നാം കലാപത്തിനുശേഷം ശക്തമായ നടപടികൾ സ്വീകരിക്കാൻ അന്നത്തെ ഗവണ്മെന്റ് തയ്യാറായിരുന്നുവെങ്കിൽ രണ്ടാം കലാപം ഉണ്ടാകുമായിരുന്നില്ല. കേരളത്തിൽ ഇനിയെങ്കിലും ഇതുപോലുള്ള സംഭവവികാസങ്ങളുണ്ടാകാ തിരിക്കാനുള്ള മാനസിക നിലയോടുകൂടി എല്ലാവരും പ്രവർത്തിക്കുകയാണ് വേണ്ടത്.

<u>ശ്രീ. പി.എം.എ. സലാം</u>: മാറാട് പ്രദേശത്ത് 14 പേരെ നിഷ്ഠൂരമായി കൊല ചെയ്തശേഷം പിന്നീട് രക്തം ചിന്തിയില്ല എന്നുള്ളത് വലിയ ക്രെഡിറ്റായി ഇവിടെ പലരും അവകാശപ്പെടുകയാണ്. പള്ളിയിൽ നിസ്ക്കാരത്തിനു വന്നവരുൾപ്പെടെയുള്ള 137 പേരെ പോലീസ് പിടിച്ചുകൊണ്ടുപോകുകയും കുട്ടികളും സ്ത്രീകളും രോഗികളുമടക്ക

മുള്ളവരെ അടിച്ചോടിക്കുകയും ചെയ്തു. പരിക്കുപറ്റിയവരും മരിച്ചവരുടെ കുടുംബാംഗങ്ങളും പറയുന്നത് അക്രമിസംഘത്തിൽ തൊണ്ണൂറോളം പേരുണ്ടായിരുന്നു എന്നാണ്. എന്നാൽ 137 പേർ മൂന്ന് വർഷമായി ജയിലിൽ കിടക്കുകയാണ്. അര നൂറ്റാണ്ടു കാലത്തെ മഹത്തായ പാരമ്പര്യമുള്ള മുസ്ലീം ലീഗിന്റെ നവ നേതൃത്വം ഇന്ന് ലീഗിൽ നിന്ന് മാറി എന്നാണ് മാറാട് സംഭവം തെളിയിക്കുന്നത്. അതിനെക്കുറിച്ച് അറിയാമായിരുന്നതുകൊണ്ടാണ് ശ്രീ. എ.കെ.ആന്റണി കലാപ പ്രദേശത്ത് സമാധാന ദൗത്യത്തിന് പോയപ്പോൾ മുസ്ലീം ലീഗിലെ നേതാക്കളെ കൂട്ടാതിരുന്നത്. അന്നത്തെ സർക്കാരിന്റെ നിരുത്തരവാദപരമായ പെരുമാറ്റവും നിസ്സംഗതയുമാണ് മാറാട് കലാപത്തിന് കാരണമായത്. മാറാട് പ്രദേശത്ത് കലാപമുണ്ടാകുമെന്ന് രണ്ടു തവണ മുഖ്യമന്ത്രിയെ അറിയിച്ചിട്ടും അവിടെ യാതൊരു നടപടിയും സ്വീകരിക്കാതെ പോലീസ് ഫോഴ്സിനെ പിൻവലിച്ചു. പോലീസ് ഔട്ട്പോസ്റ്റ് ഉണ്ടാക്കാനായി 6,34,000 രൂപ അനുവദിച്ചിട്ട് നയാപൈസ പോലും ചെലവാക്കാതിരുന്നത് അവിടെ കലാപമുണ്ടാകണമെന്ന് ചിലരെങ്കിലും ആഗ്രഹിച്ചിരുന്നു എന്നതിന് തെളിവാണ്. രണ്ടു സമുദായങ്ങളെ പരസ്പരം ഭിന്നിപ്പിക്കുകയും തമ്മിലടിപ്പിക്കുകയും കലാപ കലുഷിതമാക്കുകയും ചെയ്ത് ആ പ്രദേശം ഒഴിഞ്ഞുകിട്ടണമെന്ന് ആരോ ആഗ്രഹിച്ചിരുന്നു. ബേപ്പൂർ പോർട്ടിന്റെ വികസനത്തോടെ, കോഴിക്കോടിന്റെ വാണിജ്യ വ്യവസായരംഗം വളർന്ന് വരുമ്പോൾ മാറാട് തീരപ്രദേശത്തിന്റെ പ്രാധാന്യം വർദ്ധിക്കുന്നത് മനസ്സിലാക്കി ആ തീരം കൈക്കലാക്കാൻ ചിലർ ശ്രമിച്ചതിന്റെ ഫലമായിട്ടാണ് അവിടെ ഇത്തരം സംഭവവികാസങ്ങളുണ്ടായത്. മുസ്ലീംലീഗിനെ സംബന്ധിച്ചിടത്തോളം അവരുടെ നയപരിപാടികളെ

എതിർക്കുന്നവരെ മുഴുവൻ ഭീകരവാദികളും തീവ്രവാദികളുമായി ചിത്രീകരിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്.

ശ്രീ.കെ.സുധാകരൻ: മാറാട് കലാപത്തിന്റെ ബെനിഫിഷ്യറി ആരാണെന്നുള്ളത് പരിശോധിക്കണം. സി.പി.ഐ(എം.-ന്റെ ഉരുക്കുകോട്ടയായ മാറാട് രണ്ടാം വാർഡിൽ ലീഗ് സ്ഥാനാർത്ഥി ജയിച്ചത് അവിടെയുണ്ടായ ഹിന്ദു-മുസ്ലീം സൗഹൃദത്തിന്റെ ഭാഗമായിട്ടായിരുന്നു. ആ ഹിന്ദു-മുസ്ലീം ഐക്യം തകർക്കേണ്ടത് ആരുടെ ആവശ്യമാണോ അവരാണ് ഇതിന്റെ ബെനിഫിഷ്യറി. അതിനെക്കുറിച്ച് കമ്മിഷൻ ഉത്തരം കണ്ടെത്തിയിട്ടുണ്ട്. മാറാട് കലാപം മറയാക്കി പുഷ്പരാജൻ എന്ന ആർ.എസ്.എസ്. പ്രവർത്തകനെ കൊല്ലാനുള്ള തയ്യാറെടുപ്പോടുകൂടി സി.പി.ഐ(എം) പ്രവർത്തകനായ ലത്തീഫ് പോയതിനെക്കുറിച്ച് കമ്മിഷൻ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്. മാറാട് പഞ്ചായത്തിലെ രാഷ്ട്രീയ സാമൂഹ്യ പശ്ചാത്തലം വിലയിരുത്തിയതിൽ ആധികാരികത ഉണ്ടെന്നുള്ളതൊഴിച്ച് ഊഹാപോഹങ്ങൾക്ക് സ്ഥാനം നൽകിക്കൊണ്ടുള്ള കമ്മിഷൻ റിപ്പോർട്ടിനോട് യു.ഡി.എഫ്-ന് യോജിപ്പില്ല. ഈ റിപ്പോർട്ടിനോട് സി.പി.ഐ(എം) യോജിക്കുന്നുണ്ടോ എന്നുള്ളത് അറിയണം. നാചറൽ ജസ്റ്റീസ് ഡിനൈ ചെയ്തുകൊണ്ട് ശ്രീ. എ.കെ. ആന്റണിയെക്കുറിച്ച് റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ പരിശോധിക്കണം. ഇന്റലിജൻസ് റിപ്പോർട്ട് ശ്രീ.എ.കെ. ആന്റണി കണ്ടു എന്നുള്ള കമ്മിഷൻ നിഗമനങ്ങളും അന്വേഷണ കമ്മിഷനോട് കളവു പറഞ്ഞു എന്നുള്ള പ്രതികരണവും ന്യായീകരിക്കാൻ സാധിക്കുകയില്ല. അതിനെക്കുറിച്ച് പരിശോധിക്കണം. മതവികാരം ഉണർത്തുന്ന വാക്കുകളും പദങ്ങളുമാണ് റിപ്പോർട്ടിലുള്ളത്. കേസ്സിൽ യാതൊരു ബന്ധവുമില്ലാത്ത ചെറുപ്പക്കാരെ മാറാട് കേസ്സിൽ

പ്രതികളാക്കിയിരിക്കുകയാണ്. മതത്തോടുള്ള വികലമായ കാഴ്ചപ്പാടിന്റെ ആകെത്തുകയാണ് മാറാട് കമ്മിഷൻ റിപ്പോർട്ട് എന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. പി. വിശ്വൻ: മാറാട് ജുഡീഷ്യൽ കമ്മിഷൻ റിപ്പോർട്ടും ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ വച്ച ആഭ്യന്തര വകുപ്പുമന്ത്രിയുടെ നടപടി എൽ.ഡി.എഫ്. സർക്കാരിന്റെ ദൃഢതയും ഇച്ഛാശക്തിയുമാണ് കാണിക്കുന്നത്. യു.ഡി.എഫ്. ഭരിക്കുന്ന 2003 ആഗസ്റ്റ് 23-ന് കമ്മിഷനെ നിയമിക്കുകയും 2006 ഫെബ്രുവരിയിൽ റിപ്പോർട്ട് കിട്ടുകയും ചെയ്തു. കുറ്റവാളികളെ ഒരിക്കലും രക്ഷിക്കുകയില്ല എന്നുള്ള കാഴ്ചപ്പാടാണ് എൽ.ഡി.എഫ്. ഗവണ്മെന്റ് സ്വീകരിച്ചത്. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്താണ് രണ്ട് മാറാട് കലാപങ്ങളുമുണ്ടായത്. വർഗ്ഗീയവികാരം ഇളക്കിവിട്ട് മതനിരപേക്ഷതയെ തകർക്കാനാണ് അന്ന് ശ്രമിച്ചത്. വർഗ്ഗീയ ശക്തിയോടുള്ള ഗവണ്മെന്റിന്റെ സമീപനത്തെക്കുറിച്ചും പോലീസിന്റെ നിരുത്തരവാദപരമായ പെരുമാറ്റത്തെക്കുറിച്ചും റിപ്പോർട്ടിൽ വ്യക്തമായി പറയുന്നുണ്ട്. ഇടതുപക്ഷ പാർട്ടികളുടെ മുന്നേറ്റത്തെ തടയാൻ അവിടെ ആർക്കും കഴിഞ്ഞിട്ടില്ല. ഇടതുപക്ഷ പാർട്ടികൾ വർഗ്ഗീയതയ്ക്കും ജാതി സംഘടനകൾക്കും എതിരാണ്. ദുഷ്ട രാഷ്ട്രീയ ലാഭത്തിനുവേണ്ടി വർഗ്ഗീയ ജാതി പ്രസ്ഥാനങ്ങളുമായി കൂട്ടു ചേരുന്ന സമീപനമാണ് യു.ഡി.എഫ്. സ്വീകരിക്കുന്നത്. മാറാട് പ്രശ്നം സംബന്ധിച്ച ഇന്റലിജൻസ് റിപ്പോർട്ട് ശ്രീ.എ.കെ. ആന്റണി കണ്ടിട്ടില്ലെന്നു പറയുന്ന പ്രചാരണം അടിസ്ഥാന രഹിതമാണ്. സഭാരേഖ കാണിക്കുന്നത് ഇന്റിലിജൻസ് റിപ്പോർട്ട് അന്നത്തെ ഭരണനേതൃത്വത്തിന് കിട്ടിയിരുന്നു എന്നാണ്. അതിനെതിരെ അവർ മുന്നോട്ട് വരാഞ്ഞത് എന്തുകൊണ്ടാണെന്ന് അറിയില്ല. 1996 മുതൽ 2001-വരെ

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഭരിച്ചപ്പോൾ ഒരു വർഗ്ഗീയ കലാപവും കേരളത്തിൽ ഉണ്ടായില്ല. അതിനുശേഷം വന്ന യു.ഡി.എഫ്. സർക്കാർ ജാതി വർഗ്ഗീയ സംഘടനകളുടെ ഉല്പന്നമാണ്. അതുകൊണ്ടുതന്നെ ഭരണസിരാകേന്ദ്രങ്ങളെ ഹിന്ദു-മുസ്ലീം വർഗ്ഗീയ ശക്തികൾക്കനുകൂലമായി ആ സർക്കാർ ഉപയോഗപ്പെടുത്തിയതിന്റെ ഭാഗമായാണ് മാറാട് കലാപം ഉണ്ടായത്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): മാറാട് അന്വേഷണ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചുള്ള ചർച്ച കേരളം മുഴുവൻ ഉറ്റുനോക്കുക യാണ്. സമൂഹത്തിനേറ്റ കനത്ത ആഘാതത്തിന് പരിഹാരം കണ്ടെത്താൻ സമുദായ സൗഹാർദ്ദം ഊട്ടിയുറപ്പിക്കാൻ സാധിക്കുമോയെന്ന് എല്ലാവരും ഉറ്റുനോക്കുകയാണ്. പരസ്പരം പഴിചാരി മറ്റുള്ളവരുടെ തലയിൽ ഉത്തരവാദിത്തം കെട്ടിവച്ച് ഒഴിഞ്ഞുമാറുന്നതിനുള്ള ശ്രമം നടത്താതെ ആത്മപരിശോധനയ്ക്കുള്ള അവസരമായി ഇതിനെ കാണണം. ഇനിയൊരിക്കലും ഇത് ആവർത്തിക്കാതിരിക്കാനും ഭീകരവാദത്തെ അനുകൂലിക്കാതിരിക്കാനും രാഷ്ട്രീയലാഭത്തിനുവേണ്ടി ഇതുപോലുള്ള അവസരങ്ങളെ ഉപയോഗപ്പെടുത്താതിരിക്കാനും ശ്രമിക്കേണ്ടതാണ്. ശ്രീ. എ.കെ. ആന്റണിയെ കുറ്റപ്പെടുത്തുന്ന 2 പരാമർശങ്ങൾ ചർച്ചയിൽ വരികയുണ്ടായി. ശ്രീ എ.കെ. ആന്റണി സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിടാത്തതിൽ ദുരൂഹതയുണ്ടെന്നാണ് പറഞ്ഞത്. മാറാട് കലാപ മുണ്ടായപ്പോൾ അദ്ദേഹം സർവ്വകക്ഷിയോഗം വിളിച്ചുകൂട്ടുകയുണ്ടായി. ബി.ജെ.പി. ഒഴികെയുള്ള മുഴുവൻ പാർട്ടികൾക്കും സി.ബി.ഐ. എൻക്വയറി വേണ്ടെന്ന അഭിപ്രായമാണുണ്ടായിരുന്നത്. അന്ന് സി.ബി.ഐ. അന്വേഷണം വേണ്ടെന്ന് പറയാൻ പ്രേരിപ്പിച്ച ഘടകമെന്തായിരുന്നുവെന്ന് സി.പി.ഐ.(എം)

വ്യക്തമാക്കണം. സി.ബി.ഐ. അന്വേഷണം വേണമോ വേണ്ടയോയെന്ന് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരായാൻ തീരുമാനിക്കുകയും എൻക്വയറി വേണമെന്ന് ആവശ്യപ്പെടുന്ന ലീഗൽ ഒപ്പീനിയനുകൾ എ.ജി.ക്ക് എത്തിച്ചുകൊടുക്കുകയും ചെയ്തെങ്കിലും അഡ്വക്കേറ്റ് ജനറൽ സി.ബി.ഐ. അന്വേഷണം വേണ്ടെന്ന നിഗമനത്തിലാണ് എത്തിയത്. ഈ സാഹചര്യത്തിൽ ശ്രീ എ.കെ. ആന്റണി മാത്രമാണോ കുറ്റക്കാരൻ എന്ന് വ്യക്തമാക്കണം. അന്നത്തെ പ്രതിപക്ഷത്തെ വിശ്വാസത്തിലെടുത്തു കൊണ്ടാണ് സർവ്വകക്ഷിയോഗം വിളിച്ചുകൂട്ടിയതും സി.ബി.ഐ. എൻക്വയറി വേണ്ടെന്ന് അഭിപ്രായപ്പെട്ടതും. ഈ കമ്മീഷൻ മാറാട് കലാപത്തിന്റെ എല്ലാ വശങ്ങളും പരിശോധിച്ചു നോക്കിയിട്ടില്ല. 2002–ൽ നടന്ന മാറാട് കലാപത്തിന്റെ ഒന്നാം വാർഷികത്തിൽ വീണ്ടും കലാപമുണ്ടാകാൻ സാധ്യതയുണ്ടെന്ന് ഇന്റലിജൻസ് വിഭാഗം കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർക്ക് മുന്നറിയിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ കർശന നടപടികൾ എടുത്തിരുന്നതുകൊണ്ട് അവിടെ അനിഷ്ട സംഭവങ്ങളൊന്നും തന്നെ അന്ന് ഉണ്ടായില്ല. എഫ്.എം. സാമ്പത്തിക സഹായം കൊടുത്തതിന്റെ പിന്നിൽ രണ്ട് മന്ത്രിമാർക്ക് പങ്കുണ്ടെന്ന് പറയുകയുണ്ടായി. ഇതാരാണെന്ന് ആഭ്യന്തര വകുപ്പുമന്ത്രി മറുപടിയിൽ വ്യക്തമാക്കണം. ഇന്റലിജൻസ് റിപ്പോർട്ട് കണ്ടതായി ഓർമ്മയില്ലെന്നാണ് അന്നത്തെ മുഖ്യമന്ത്രിയായ ശ്രീ.എ.കെ. ആന്റണി പറഞ്ഞത്. കാണാത്ത റിപ്പോർട്ടിന്മേൽ അദ്ദേഹത്തിന് നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. ഇതുസംബന്ധിച്ച് റിപ്പോർട്ട് വരുന്നത് ഞാൻ മുഖ്യമന്ത്രിയായതിനുശേഷമാണ്. ഇങ്ങനെയൊരു ഇന്റലിജൻസ് റിപ്പോർട്ട് ഉണ്ടെങ്കിൽ സ്പെഷ്യൽ ബ്രാഞ്ച് ഓഫീസിലും എ.ഡി.ജി.പി (ഇന്റലിജൻസ്) ഓഫീസിലും ഡി.ജി.പി.ക്കും, ആഭ്യന്തര വകുപ്പ്

സെക്രട്ടറിക്കും ആഭ്യന്തര വകുപ്പുമന്ത്രിക്കും ഇതിന്റെ കോപ്പി കിട്ടിയിട്ടുണ്ടാകും. ആ റിപ്പോർട്ട് കിട്ടിയാൽ മാത്രമേ അതിൽ നടപടിയെടുക്കാനും കഴിയുകയുള്ളു. അങ്ങനെയൊരു ഇന്റലിജൻസ് റിപ്പോർട്ട് ശ്രീ. എ.കെ. ആന്റണി കണ്ടിട്ടുണ്ടെങ്കിൽ അതിനെതിരെ ആക്ട് ചെയ്യാത്തത് ഒരു വലിയ തെറ്റാണ്. ആ റിപ്പോർട്ട് ഇപ്പോഴും സെക്രട്ടറിയേറ്റിലുണ്ടെങ്കിൽ ശ്രീ. ആന്റണി മാത്രമല്ല ഞാനും 20 മാസത്തേയ്ക്ക് കുറ്റക്കാരനാണ്; കഴിഞ്ഞ 5 മാസത്തേയ്ക്ക് ഇന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയും പ്രതിയാണ്. അങ്ങനെയൊരു റിപ്പോർട്ട് ശ്രീ. ആന്റണിയുടെ അടുത്ത് വന്നിരുന്നുവെങ്കിൽ അതിന്റെ കോപ്പി ഹോം സെക്രട്ടറിയുടെ ഫയലിൽ കാണണം. ഇന്റലിജൻസിന് ആയിരക്കണക്കിന് റിപ്പോർട്ടുകൾ വരും. അതൊക്കെ സ്ക്രീൻ ചെയ്ത്, സ്റ്റഡി ചെയ്ത് യഥാർത്ഥ സ്ഥിതി വിലയിരുത്തിയാണ് ആഭ്യന്തര വകുപ്പുമന്ത്രിക്ക് അയയ്ക്കുന്നത്. ശ്രീ. ആന്റണിയെ കുറ്റപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ ആ ഇന്റലിജൻസ് റിപ്പോർട്ട് അദ്ദേഹം കണ്ടിരുന്നോ എന്ന് ആഭ്യന്തര വകുപ്പുമന്ത്രി വ്യക്തമാക്കണം. ഇതു സംബന്ധിച്ച് അറിയാൻ കേരളത്തിലെ ജനങ്ങൾക്ക് അവകാശമുണ്ട്. ബാബറി മസ്ജിദ് പൊളിച്ചപ്പോൾ ഇൻഡ്യ ഒട്ടാകെ വർഗ്ഗീയ വികാരം ആളിക്കത്തിയ, ദു:ഖകരമായ ആ സാഹചര്യത്തിൽ നിന്ന് കേരളത്തെ രക്ഷിക്കാൻ മുമ്പോട്ടു വന്നത് ശ്രീ. പാണക്കാട് ശിഹാബ് തങ്ങളും മുസ്ലീം ലീഗും ആണെന്നത് കേരളം ഒരിക്കലും മറക്കുകയില്ല. സി.പി.ഐ.(എം) രാഷ്ട്രീയ ലക്ഷ്യത്തിനുവേണ്ടി മാറാട് വർഗ്ഗീയ വികാരങ്ങൾ ആളിക്കത്തിച്ചുവെന്ന് സർക്കാർ അംഗീകരിച്ച റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇത് ആത്മപരിശോധന നടത്തേണ്ട കാര്യമാണ്.

നമുക്ക് മതസൗഹാർദ്ദം വേണം; അത് നിലനിറുത്തുന്നതിനുവേണ്ടി കൂട്ടായി പരിശ്രമിക്കാം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): എല്ലാ പാർട്ടിയിലുംപ്പെട്ടവർ ഈ ചർച്ചയിൽ പങ്കെടുത്തു എന്നുള്ളത് ഒരു പ്രത്യേകതയാണ്. സംസ്ഥാനത്തിന് കളങ്കമുണ്ടാക്കിയ ഒന്നാണ് മാറാട് സംഭവം. അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് വേണ്ടിയുള്ള ചർച്ചയാണ് ഉദ്ദേശിക്കുന്നത്. ഈ റിപ്പോർട്ട് പ്രതിപക്ഷം അംഗീകരിച്ചില്ലെന്നു മാത്രമല്ല സി.പി.ഐ (എം)-നെ പ്രതിക്കൂട്ടിൽ നിറുത്തുകയെന്ന ഉദ്ദേശത്തോടുകൂടി വ്യാഖ്യാനിക്കാൻ കഴിയുന്ന കുറച്ച് ഭാഗങ്ങൾ റിപ്പോർട്ടിൽനിന്ന് വായിക്കുകയും ചെയ്തു. ഗവൺമെന്റ് ഈ റിപ്പോർട്ടിലെ Findings-ഉം suggestions-ഉം ആണ് സ്വീകരിച്ചത്. ഇതിനകത്ത് പറയുന്ന മറ്റു കാര്യങ്ങളെക്കുറിച്ച് വ്യത്യസ്തമായ അഭിപ്രായമാണ് സർക്കാരിനുള്ളത്. സി.പി.ഐ.(എം)-നെ കുറ്റപ്പെടുത്താൻ പ്രതിപക്ഷത്തുള്ള ഒരു വിഭാഗം ആളുകൾ ശ്രമിച്ചുവെങ്കിലും അതിന് യാതൊരു തെളിവുമില്ലെന്ന് റിപ്പോർട്ടിന്റെ ഒരു ഭാഗത്ത് പറയുന്നുണ്ട്. ഇങ്ങനെ ഒരു റിപ്പോർട്ടിനകത്ത് ഓരോ ഭാഗത്ത് വ്യത്യസ്തമായ നിലപാടുകൾ കമ്മീഷൻ സ്വീകരിച്ചിട്ടുണ്ട് എന്ന അംഗങ്ങളുടെ അഭിപ്രായത്തോട് സർക്കാർ യോജിക്കുകയാണ്. ഈ കമ്മീഷന്റെ പ്രധാനപ്പെട്ട ന്യൂനത ചില കാര്യങ്ങൾ കമ്മീഷൻ കണ്ടില്ലെന്ന് നടിച്ചിട്ടുണ്ട് എന്നതാണ്. അതുകൊണ്ട് വസ്തുതകൾ വസ്തുതകളായി കണ്ടുകൊണ്ട് ഈ പ്രശ്നത്തെ സമീപിക്കണം. ഇത് CBI പരിശോധിക്കണമെന്നു പറഞ്ഞതിൽ യാതൊരു തെറ്റുമില്ല എന്നാണ് സർക്കാരിന് കിട്ടിയിട്ടുള്ള നിയമോപദേശം. കഴിഞ്ഞ

സർക്കാർ അന്ന് പ്രതിപക്ഷത്ത് ഉണ്ടായിരുന്നവരെക്കൂടി വിശ്വാസത്തിൽ എടുത്തുകൊണ്ടാണ് CBI-ക്ക് വിടണ്ട എന്നു തീരുമാനിച്ചതെന്നു പറഞ്ഞു. സി.പി.ഐ.(എം)-ന് ഒരു നിലപാടുണ്ട്. അത് ഞങ്ങൾ അന്നും ഇന്നും പറയുന്നു. ഇവിടെയുണ്ടാകുന്ന എല്ലാ കേസുകളും CBI-ക്ക് വിടണമെന്ന അഭിപ്രായം ഞങ്ങൾക്കില്ല. ഇവിടെ അന്വേഷിക്കാൻ സാധിക്കുന്ന കേസുകൾ കേരളത്തിൽ തന്നെ അന്വേഷിക്കണം. ക്രമസമാധാനം സംസ്ഥാന വിഷയമാണ്. അതിനകത്ത് കേന്ദ്രം ഇടപെട്ട് എല്ലാം അന്വേഷിച്ചു നടത്തുക എന്നുള്ളതിനോട് ഞങ്ങൾക്ക് യോജിപ്പില്ല. മുത്തങ്ങ സംഭവത്തെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണമാണ് അന്നത്തെ പ്രതിപക്ഷം ആവശ്യപ്പെട്ടത്. മാറാട് സംഭവത്തെത്തുടർന്നുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അന്നത്തെ മുഖ്യമന്ത്രി ശ്രീ.എ.കെ. ആന്റണിയുടെ സാന്നിദ്ധ്യത്തിൽ 2003 ഒക്ടോബർ മാസം 4, 5 തീയതികളിൽ ക്ലിഫ് ഹൗസിൽ ചേർന്ന യോഗത്തിൽ സി.ബി.ഐ. അന്വേഷണം വേണ്ടെന്നുള്ളതായിരുന്നു മുൻ ഗവൺമെന്റിന്റെ തീരുമാനം. അന്നത്തെ ഗവൺമെന്റ് അന്വേഷണം സി.ബി.ഐ-യ്ക്ക് വിടാത്തതു സംബന്ധിച്ച് ദുരൂഹതയുണ്ടെന്ന് കമ്മീഷൻ പരാമർശിച്ചത് അതിന്റെ അടിസ്ഥാനത്തിലാണ്. വർഗ്ഗീയ ശക്തികളുമായുള്ള യു.ഡി.എഫ്-ന്റെ ബന്ധമാണ് ഈ സംഭവത്തിന് കാരണമായത്. ഒന്നാം മാറാട് കലാപത്തിൽ യു.ഡി.എഫ്. സ്വീകരിച്ച സമീപനമാണ് രണ്ടാം മാറാട് സംഭവത്തിന് ഇടയാക്കിയത്. മാറാട് ആദ്യം നടന്ന സംഭവത്തിൽ ശക്തമായ നടപടി സ്വീകരിച്ചിരുന്നെങ്കിൽ രണ്ടാം കലാപമുണ്ടാകുമായിരുന്നില്ല. രണ്ടാം കലാപത്തിനുശേഷമാണ് ഒന്നാം കലാപക്കേസ്സിലെ കുറ്റപത്രം നൽകിയത്. അന്നത്തെ സർക്കാരിന്റെ അനാസ്ഥയാണ് ഈ ഗൂഢാലോചനയ്ക്ക്

വഴിതെളിച്ചതെന്നാണ് കമ്മീഷന്റെ നിഗമനം. സർക്കാരിന്റെ ഭാഗത്തുനിന്ന് ഇത്രയും ഗുരുതരമായ കാലതാമസം എങ്ങനെയുണ്ടായി എന്നത് പരിശോധിക്കേണ്ട വിഷയമാണ്. ഗുരുതരമായ പ്രശ്നങ്ങളുണ്ടാകുമെന്ന് അറിഞ്ഞിട്ടും പോലീസുകാരുടെ കയ്യിൽ . മതിയായ ആയുധങ്ങൾ ഉണ്ടായിരുന്നില്ല; മുന്നറിയിപ്പുണ്ടായിട്ടും ആൾബലം കുറച്ചും ആയുധബലം ഇല്ലാതാക്കിയും വിവരവിനിമയോപാധി അനുചിതമായ സ്ഥലങ്ങളിൽ സ്ഥാപിച്ചുമാണ് പോലീസ് അവിടെ നിരുത്തരവാദപരമായി പ്രവർത്തിച്ചത്. ഇക്കാര്യങ്ങളെല്ലാം അറിഞ്ഞിട്ടും അത് തിരുത്താനോ ഉത്തരവാദികളായ പോലീസുകാരെ ശിക്ഷിക്കാനോ അന്നത്തെ ഗവൺമെന്റ് ഒരു നടപടിയുമെടുത്തില്ല. സ്ഥലം എം.എൽ.എ. കൊടുത്ത മുന്നറിയിപ്പിനെ സംബന്ധിച്ച് കമ്മിഷൻ പരാമർശിക്കുന്നുണ്ട്. പോലീസ് ഫോഴ്സിന്റെ എണ്ണം കൂട്ടണമെന്ന് നിരന്തരമായി അദ്ദേഹം അഭ്യർത്ഥിച്ചിട്ടും കുറയ്ക്കുകയാണ് അന്നത്തെ ഗവൺമെന്റ് ചെയ്തത്. ഇനിയും ഇത്തരം കലാപങ്ങളുണ്ടാകാതിരിക്കാനുള്ള ചർച്ചയാണ് ഇവിടെ നടത്തേണ്ടത്. കലാപകാരികൾക്ക് ഗറില്ലാ ട്രെയിനിംഗ് ലഭിച്ചതിനെക്കുറിച്ച് ക്രൈംബ്രാഞ്ച് അന്വേഷിക്കണമായിരുന്നു. പോലീസ് പിക്കറ്റിംഗുള്ള സ്ഥലത്തുകൂടിയാണ് വൻതോതിൽ ആയുധക്കടത്ത് നടന്നതെന്നുള്ള കാര്യം ശ്രദ്ധേയമാണ്. കായിക പരിശീലന നിയന്ത്രണ നിയമം കേരളത്തിൽ 2000–ൽ ഏർപ്പെടുത്തിയിട്ടും യു.ഡി.എഫ്. സർക്കാർ അത് നടപ്പാക്കിയില്ല. പോലീസ് സേന ഉണർന്നു പ്രവർത്തിക്കേണ്ട സന്ദർഭത്തിൽ പോലീസിന്റെ സാന്നിദ്ധ്യത്തിൽത്തന്നെ ഒരു വിഭാഗം ആളുകളുടെ വസ്തുവകകൾ നശിപ്പിക്കപ്പെട്ടത് അന്നത്തെ സർക്കാരിന്റെ പിടിപ്പുകേടുമൂലമാണ്. ഗൂഢാലോചന നടത്തിയ മൊയ്തീൻ കോയ നേതാക്കളിൽനിന്ന് സഹായം

പ്രതീക്ഷിക്കുന്നുണ്ടായിരുന്നു എന്നാണ് കമ്മീഷൻ പറഞ്ഞിരിക്കുന്നത് സംഭവവുമായി എൻ.ഡി.എഫ്–ന് ബന്ധമുണ്ടെന്നുള്ളത് പുതിയതായി പുറത്തുവന്ന കാര്യമല്ല. കലാപം ആസൂത്രണം ചെയ്തത് എൻ.ഡി.എഫ് ആണെന്ന ശ്രീ.പിണറായി വിജയന്റെ അഭിപ്രായം കമ്മീഷൻ അംഗീകരിക്കുകയാണ് ചെയ്തിരിക്കുന്നത്. ക്രൈംബ്രാഞ്ച് അന്വേഷണം ആ വഴിക്ക് നീങ്ങണമായിരുന്നു. മാറാട് നടന്നത് വർഗ്ഗീയ സംഘട്ടനമല്ല എന്ന ഡി.ജി.പി.യുടെ പ്രസ്താവന വെളിവാക്കുന്നത് കലാപത്തിൽ ഗവൺമെന്റിന്റെ സമീപനം എന്തായിരുന്നു എന്നുള്ളതാണ്. അന്ന് പോലീസ് സേനയിൽ നിലനിന്നിരുന്ന അച്ചടക്കരാഹിത്യത്തെക്കുറിച്ചും സാമൂഹ്യ ഉത്തരവാദിത്വമില്ലായ്മയെക്കുറിച്ചും കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നുണ്ട്. ജില്ലാ ഭരണകൂടം സമ്പൂർണ്ണ പരാജയമായിരുന്നു എന്നുള്ളതിന് തെളിവായിരുന്നു ജില്ലാകളക്ടറും കമ്മീഷണറും തമ്മിലുണ്ടായിരുന്ന സ്വരച്ചേർച്ചയില്ലായ്മ. കലാപബാധിത പ്രദേശത്ത് പോസ്റ്റ് ചെയ്ത ഡിവൈ.എസ്.പി. മോശക്കാരനാണെന്ന് ഡി.ജി.പി. പറഞ്ഞത് ഈ കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഗവൺമെന്റ് സംവിധാനത്തിലുണ്ടായ പാളിച്ച കാരണം സംഭവമുണ്ടായപ്പോൾ അത് കൈകാര്യം ചെയ്യാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ടായി. നിയമമുണ്ടായിട്ടും ആരാധനാലയങ്ങളിൽ ആയുധ സംഭരണം നടത്തിയത് കണ്ടുപിടിക്കാൻ സാധിച്ചില്ല. ഇന്റലിജൻസിൽ വരുന്ന എല്ലാ റിപ്പോർട്ടുകളും ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന ആൾ കണ്ടിരിക്കണം എന്ന് വ്യവസ്ഥയുള്ളതുകൊണ്ടാണ് കണ്ടില്ല എന്നു പറഞ്ഞത് വിശ്വസിക്കാൻ കമ്മീഷൻ തയ്യാറാകാതിരുന്നത്. മാറാട് കമ്മീഷൻ റിപ്പോർട്ടിൽ സാമ്പത്തിക ഉറവിടത്തെപ്പറ്റി പരാമർശിക്കപ്പെട്ടിട്ടുള്ളത് വളരെ ഗുരുതരമായ വിഷയമാണ്. ഈ കലാപത്തിനു പിന്നിൽ സാമ്പത്തിക

ശക്തികൾ പ്രവർത്തിച്ചിട്ടുണ്ടെന്നു മാത്രമല്ല വൻതോതിൽ ആയുധവും ഉപയോഗിച്ചിട്ടുണ്ട്. ഇത്രയും ഗുരുതരമായ പ്രശ്നങ്ങൾ അന്വേഷണ വിധേയമാക്കുന്നതിനു വേണ്ടിയാണ് സി.ബി.ഐ അന്വേഷിക്കണമെന്ന് ആവശ്യപ്പെടുന്നത്. വർഗ്ഗീയതയ്ക്കെതിരെ ഈ സഭ ഒറ്റക്കെട്ടായി പോരാടാൻ തയ്യാറാകണം. വർഗ്ഗീയ ശക്തികൾ മതേതര ശക്തികളെ ക്ഷീണിപ്പിക്കാൻ പരസ്പരം യോജിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. തെരഞ്ഞെടുപ്പ് വിജയത്തിനുവേണ്ടി യു.ഡി.എഫ്. ഉണ്ടാക്കിയ അവിശുദ്ധ കൂട്ടുകെട്ടിന്റെ അനന്തര ഫലമാണ് മാറാട് ഉണ്ടായ വർഗ്ഗീയ ലഹള. വർഗ്ഗീയതയ്ക്കെതിരെ ഉറച്ചുനിന്ന് പോരാടിയെങ്കിൽ മാത്രമേ മുന്നോട്ടുപോകാൻ കഴിയുകയുള്ളു. മാറാട് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്. ഈ സംഭവം സി.ബി.ഐ. അന്വേഷിച്ച് ഇതിന്റെ പിന്നിലുള്ള ഗൂഢാലോചന പുറത്തുകൊണ്ടുവരണം. ഇന്റലിജന്റ്സ് റിപ്പോർട്ട് ഹൈക്കോടതി ഇടപെട്ടാണ് കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുള്ളത്. കമ്മീഷന്റെ രഹസ്യരേഖയിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ഇന്റലിജൻസ് റിപ്പോർട്ട് ഇല്ല എന്നുപറഞ്ഞ് പുകമറ സൃഷ്ടിക്കാൻ പ്രതിപക്ഷം ശ്രമിക്കുന്നത് ശരിയല്ല.

മുഖ്യമന്ത്രി <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):</u> മാറാട് സംഭവത്തെക്കുറിച്ച് സി.ബി.ഐ. അന്വേഷണം നടത്തണമെന്ന കാര്യത്തിൽ ഈ ഗവൺമെന്റ് നിർബന്ധിതരായിട്ടുണ്ട്. യു.ഡി.എഫ് ഭരണകാലത്ത് മുത്തങ്ങാ പ്രശ്നത്തിൽ അന്നത്തെ പ്രതിപക്ഷം ആദ്യം ജൂഡീഷ്യൽ എൻക്വയറി വേണമെന്ന് ആവശ്യപ്പെട്ട് പ്രക്ഷോഭം നടത്തിയെങ്കിലും അവസാനം സി.ബി.ഐ. അന്വേഷണത്തെ അനുകൂലിക്കേണ്ടതായി വന്നു. അതുകൊണ്ട് ഇപ്പോഴും സി.ബി.ഐ അന്വേഷണത്തെ തള്ളിപ്പറയാൻ പറ്റില്ല. എസ്.എസ്.എൽ.സി.

ചോദ്യപേപ്പർച്ചോർച്ച കണ്ടുപിടിച്ച് പ്രതികളെ അറസ്റ്റ്ചെയ്തത് സി.ബി.ഐ. ആണ്. എന്നാൽ ഇവിടെ മാറാട് അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സി.ബി.ഐ. അന്വേഷണം വച്ചിരിക്കുന്നത്. മാറാട് സംഭവത്തെക്കുറിച്ചുള്ള ഈ ചർച്ച വർഗ്ഗീയപ്രേരണ ഇളക്കിവിടുന്നതായിരിക്കരുത് എന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ അഭിപ്രായത്തോട് യോജിക്കുകയാണ്. ഇനി ഒരു മാറാട് കേരളത്തിൽ ഉണ്ടായിക്കൂടാ. 2001–ൽ തെരഞ്ഞെടുപ്പിനെ നേരിടാൻവേണ്ടി യു.ഡി.എഫ് ഭൂരിപക്ഷ–ന്യൂനപക്ഷ വർഗ്ഗീയതയെ കൂട്ടുപിടിക്കുകയും തെരഞ്ഞെടുപ്പിൽ ജയിച്ച് അധികാരത്തിൽ വരികയും ചെയ്തു. അതിനുശേഷമുണ്ടായ വർഗ്ഗീയ സംഘട്ടനങ്ങളാണ് അവസാനം മാറാടിൽ കണ്ടത്. വർഗ്ഗീയകക്ഷികളുമായുള്ള കൂട്ടുകെട്ട് രാജ്യത്തിന്റെ മതേതരത്വം ഉയർത്തിപ്പിടിക്കുവാൻ പര്യാപ്തമല്ല. ദേശീയ രംഗത്ത് സി.പി.ഐ.(എം) കോൺഗ്രസ്സിനെ പിന്തുണയ്ക്കുന്നത് ബി.ജെ.പി–ആർ.എസ്.എസ് കൂട്ടുകെട്ട് വീണ്ടും അധികാരത്തിൽ വരാതിരിക്കാൻ വേണ്ടിയാണ്. എന്നാൽ സമ്പന്ന വർഗ്ഗത്തെ മാത്രം സംരക്ഷിക്കുന്ന സ്ഥായിയായ നയത്തോട് വർക്കിംഗ് ക്ലാസ്സ് പാർട്ടിയായ സി.പി.ഐ(എം)–ന് യോജിക്കാൻ കഴിയാത്തതുകൊണ്ടാണ് കേന്ദ്രഭരണത്തിൽ പങ്കാളികളാകാത്തത്. ദേശീയ രംഗത്തെ തെറ്റായ സമീപനങ്ങൾ, പൊതുവിൽ അംഗീകരിച്ചിട്ടുള്ള പൊതുമിനിമം പരിപാടിയിൽനിന്ന് വ്യതിചലിക്കുന്ന നയങ്ങൾ ഇതെല്ലാം കറക്ട് ചെയ്ത് ശരിയായ നിലയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി ഈ പ്രശ്നങ്ങളെല്ലാം പാർലമെന്റിൽ ചർച്ചാവിഷയമാക്കുന്നുണ്ട്. വർഗ്ഗീയ സാമുദായിക ശക്തികളുടെ ആപത്കരമായ നീക്കം ഇന്ത്യയുടേയും കേരളത്തിന്റേയും മതനിരപേക്ഷതയെ അപകടപ്പെടുത്തുന്നതാണ്. യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നിട്ടുള്ളപ്പോഴെല്ലാംതന്നെ വർഗ്ഗീയ കലാപം

ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. മാറാടിലെ പാവപ്പെട്ട 300-ഓളം കുടുംബങ്ങൾക്ക് നാമമാത്രമായ സഹായ മാണ് നൽകിയിട്ടുള്ളത്. അവർക്ക് നഷ്ടപ്പെട്ട ഭൂമിക്ക് വില നൽകാനും അവരെ തിരികെ താമസിപ്പിക്കുന്നതിനുമുള്ള അന്തരീക്ഷം സൃഷ്ടി ക്കുന്നതിനും യോജിച്ചുള്ള പ്രവർത്തനം നടത്തേണ്ടതായിട്ടുണ്ട്. മാറാട് അന്വേഷണ കമ്മീഷൻ എത്തിച്ചേർന്നിട്ടുള്ള നിഗമനം ശരിയാണോ എന്ന് സി.ബി.ഐ. അന്വേഷിക്കട്ടെ. മതനിരപേക്ഷതയുടെ അടിസ്ഥാനത്തിലുള്ള പോരാട്ടത്തിന് എൽ.ഡി.എഫ്-ന് ഒരു പൂർവ്വകാല ചരിത്രമുണ്ട്. ആ നിലയിലുള്ള സമീപനം തന്നെ തുടർന്നും സ്വീകരിക്കും. ഇതിന്റെ ആപത്ത് ഗൗരവമായി മനസ്സിലാക്കാൻ ഈ ചർച്ച സഹായിച്ചിട്ടുണ്ടെന്ന് കരുതുന്നു.

(സഭ രാത്രി 9-08-ന് പിരിഞ്ഞു)